# ഗുരുനാഥൻ

UNIVERSITY LIBRARY 14 JUL MADRAS

പുസ്തകം 7 | 1108 എടവം | ലക്കം 10

## * പാരാധീനവിമുക്തമായാൽ ഇൻഡ്യ സ്വയംരക്ഷക്ക ശക്തമാകുമോ?

വൈദേശികവിക്രിയയിൽനിന്നു സ്വരക്ഷാസംരംഭത്തിനു വേണ്ട ജനതാസമൃദ്ധിയോ, ആഹവചാതുര്യമോ, ഭൌതികസമ്പത്തോ സ്വതന്ത്രമായാൽ ഇൻഡ്യയ്ക്കുണ്ടാകുമോ എന്നു പലരും ആശങ്കിക്കുന്നുണ്ടാകാം. ഈ പ്രകൃതത്തെ സ്വല്പമൊന്നു വിചിന്തനംചെയ്യുതന്നെ.

(1) ആദ്യമായി അതിൻെറ പ്രാകൃതികസ്ഥിതിവിശേഷത്തേയും പരിതസ്ഥിതിവൈചിത്ര്യത്തേയും പരിശോധിക്കാം. സ്വാഭാവികസ്ഥിതിവിശേഷത്താൽ സുരക്ഷിതമായ ഒരു നില—വിദേശശക്തിയുടെ വിക്രിയക്കോ, വിദ്വേഷത്തിനോ ആക്രമത്തിനോ സംഗതിയില്ലാത്ത ഒരു നില—ലോകത്തിൽ ഏതെങ്കിലും ഒരു രാജ്യത്തിനുണ്ടെങ്കിൽ അതു് ഇൻഡ്യയെ അപേക്ഷിച്ചു നിസ്സാരമായിട്ടേ ഇരിക്കുന്നുള്ളു. പ്രകൃതിയുടെ പ്രേരണയാൽ മാത്രം ഇൻഡ്യൻമഹാസമുദ്രത്തിൻെറ വിദൂരമായ പരിധിവരെ വ്യാപിച്ചുകിടക്കുന്ന ഒരു ഉപദ്വീപാണു് ഈ രാജ്യം. ഇതിൻെറ വടക്കുകിഴക്കു്, വടക്കു്, വടക്കുപടിഞ്ഞാറു് എന്നുവേണ്ട, ഭൂവിഭാഗമായ സീമ അധികവും അനന്യസാധാരണപ്രതിഷ്ഠയോടെ പർവ്വതപംക്തികളാൽ ആവൃതമായിരിക്കുന്നു. ഇവ ഔന്നത്യത്തിലും ദുർഗ്ഗമതയിലും ലോകോത്തരമഹിമയെ അവലംബിച്ചുമിരിക്കുന്നു. ഇതിൻെറ മററു ഭാഗങ്ങൾ സമുദ്രങ്ങളാൽ ആവൃതങ്ങളുമാണു്.

(2) ഇൻഡ്യയിലെ ജനസംഖ്യ ഏകദേശം മുപ്പത്തിമൂന്നുകോടിയോളമുണ്ടു്. ആവശ്യമുള്ളപ്പോൾ ഇവിടെനിന്നു് ഒരു വമ്പിച്ച സൈന്യം ശേഖരിക്കാവുന്നതാണു്. ഇവിടത്തെ ജനസംഖ്യ റഷ്യയുടെ ഇരട്ടിയും, ജർമ്മനി ജപ്പാൻ ഇവയിൽ ഓരോന്നിൻെറ അഞ്ചിരട്ടിയും ഗ്രെയിററ് ബ്രിട്ടൻ, ഫ്രാൻസ് ഇവയിൽ ഓരോന്നിൻെറ ആറിരട്ടിയുമത്രെ.

1918-ൽ 20-നും 40-നും മദ്ധ്യേ വയസ്സുള്ളവരും സൈന്യോചിതശരീരസ്ഥിതിയുള്ളവരും എത്രയുണ്ടെന്നു് ഒരു കണക്കു് എടുക്കുകയുണ്ടായി. അതു നാലുകോടിയെന്നു കണ്ടിരിക്കുന്നു. ചൈനാസാമ്രാജ്യമൊന്നി

* വന്ദ്യനായ ജെ. ടി. സണ്ടർലൻറ് 'മാഡേൺറിവ്യൂ'വിൽ എഴുതിയിട്ടുള്ളതു്.

നെ മാത്രം ഒഴിക്കുന്നതായാൽ ഭൂലോകത്തിൽ ഉള്ള മററ് ഏതു സാമ്രാജ്യശക്തിയേയും അതിക്രമിച്ച ഒരു പട്ടാളസംഭരണം ഇവിടെ സാദ്ധ്യമാണു്.

(3) ഈ ജനതയുടെ യുദ്ധോചിതഗുണത്തെപ്പററി ആലോചിക്കുക. യൂറോപ്പിലെ ജനവർഗ്ഗത്തെ അപേക്ഷിച്ച് ഭാരതീയർ പൊതുവെ ശാന്തജീവിതം നയിക്കുന്നവരാണെന്നതു പരമാർത്ഥംതന്നെ. സ്വരാജ്യത്തെയോ സ്വസ്വാവകാശത്തെയോ സംരക്ഷിക്കേണ്ട അവസരം വരുമ്പോൾ ശാന്തജീവിതം നയിക്കുന്ന ഒരു ജനവർഗ്ഗമാണു ധീരന്മാരും കർമ്മനിരതന്മാരുമായ യോദ്ധാക്കന്മാരായി പരിണമിക്കുന്നതു് എന്നു ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഈവിധമുണ്ടാകുന്ന ഒരു സൈന്യം കർത്തവ്യബുദ്ധിയോടും ആദർശത്തോടും സ്വരാജ്യാഭിമാനത്തോടും അടരാടുന്നതായിരിക്കും. അവരുടെ ധൈര്യം വെറും ബാഹ്യമല്ല. പിന്നെയോ സന്മാർഗ്ഗപ്രചോദിതമത്രെ. അജയ്യമെന്ന പദം മററുള്ളവരെ അപേക്ഷിച്ച് ഇവക്ക് അധികം സ്വീയമായിരിക്കും.

ഇൻഡ്യൻജനതയിൽ പത്തുകോടിയിൽ കുറവില്ലാത്ത ഒരു സംഖ്യ രണശൂരന്മാരെന്ന പേരിൽ—സിക്കുകാർ, മഹാരാഷ്ട്രർ, രജപുത്രർ എന്നു തുടങ്ങിയവർ—ഇവിടെ പ്രശസ്തിനേടിയവരുണ്ടെന്ന സംഗതി വിസ്മരിക്കാവുന്നതല്ല.

ഇൻഡ്യയിലെ പടയാളികളുടെ നിസ്തുല്യമഹിമയ്ക്കു സാക്ഷിപാത്രമെന്ന നിലയിൽ ബ്രിട്ടീഷധികൃതന്മാരുടെ അഭിപ്രായം ശ്രദ്ധേയമാണു്.

ഇൻഡ്യയുടെ പരമാർത്ഥികമഹത്വം കഴ്സൻപ്രഭുവിനെപ്പോലെ പൂർവ്വഗാമികളായ ഇംഗ്ലീഷുകാരിൽ ഒരുവൻപോലുമറിഞ്ഞിട്ടില്ല. ഇദ്ദേഹം ഇവിടത്തെ ഗവർണ്ണർ ജനറലും വൈസറായിയുമായി അഞ്ചുകൊല്ലം കഴിച്ചിട്ടുള്ളവനാണല്ലോ. ഒരുലക്ഷത്തി അമ്പതിനായിരത്തോടടുത്തുവരുന്ന ഇൻഡ്യൻഭടന്മാരെക്കുറിച്ച് 1914 ജൂലായിമാസത്തിലെ "നാത്തമേരിക്കൻറവ്യൂ" എന്ന പത്രഗ്രന്ഥത്തിൽ കഴ്സൻപ്രഭു എഴുതിയിരുന്ന ഒരു ലേഖനത്തിന്റെ ഒരു ഭാഗം ഇങ്ങിനെയാണു്. "ലോകത്തിലുള്ള സൈനികവിഭാഗത്തിൽ ഉത്തമസ്ഥാനത്തെ അർഹിക്കുന്നതിവരാണു്."

ഇൻഡ്യയെ സംബന്ധിച്ച് എഴുതിയിട്ടുള്ള തന്റെ ഒടുവിലത്തെ ഗ്രന്ഥത്തിൽ സർ വാലൻഷിയൻ ചിറോളിന്റെ അഭിപ്രായം നോക്കുക. "വിപദിധൈര്യത്തിന് ഇൻഡ്യൻസൈനികവിഭാഗം ഒരു സുപരീക്ഷിതപ്രമാണമാണു്. ഇതു് ഒരു ആഹവയന്ത്രമത്രെ." ജർമ്മൻ കൈസർ പറഞ്ഞ അഭിപ്രായത്തെക്കൂടി ഇദ്ദേഹം ഉദ്ധരിക്കുന്നുണ്ടു്. "വിദേശസേനാനിവഹങ്ങളിൽ സിക്ക്സൈന്യത്തിന്റെ മുമ്പിൽ മാത്രം തന്റെ സൈന്യത്തെ വ്യവസ്ഥിതമാക്കാൻ അധൈര്യപ്പെടുന്നു."

ഇൻഡ്യൻഭടന്മാരുടെ പ്രയോഗസാമർത്ഥ്യം ഒന്നിനെ മാത്രം പ്രധാനമായി ശരണീകരിച്ച പാലസ്റ്റൈനിൽ വിജയംനേടിയ ജനറൽ അലൻ

ബി ഇൻഡ്യൻയോദ്ധാക്കളുടെ ധൈര്യത്തെയും ക്രിയാശക്തിയേയും കുറിച്ച് ഒട്ടേറെ പ്രശംസിച്ചിട്ടുണ്ട്. അവസാനമായി അദ്ദേഹം ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "ഉത്തമമായ ഒരു സൈന്യസമിതിക്ക് അത്യാപേക്ഷിതഗുണങ്ങളുടെ സമഗ്രനില സകല ജനവർഗ്ഗത്തെയും അതിശയിച്ച് ഇവരിൽ കാണുന്നുണ്ട്."

"കൃത്രിമസംഘടിതമായ യൂറോപ്പ്സമിതിയെ ആപാദകമ്പനം ചെയ്യുവാൻ പര്യാപ്തവും പരിമിതവുമായ ഒരു ഗുണവിശിഷ്ടസമ്പത്ത് ഇൻഡ്യയിൽ സ്ഥിതിചെയ്യുന്നുണ്ട്. പക്ഷേ അതു് ഒരു ഉത്തമനേതാവിനെ മാത്രമേ ആവശ്യപ്പെടുന്നുള്ളൂ. ജ്ഞാനവിതരണം ഒന്നു മാത്രമേ ഇവിടെ നേതാക്കളെ സൃഷ്ടിപ്പാൻ ആവശ്യപ്പെടുന്നുള്ളൂ." ഇതു മറെറാരു മാന്യന്റെ അഭിപ്രായമാണ്.

ലോകമഹായുദ്ധപ്രഖ്യാപനം കഴിഞ്ഞ ഉടനെ ഫ്രാൻസിലേക്ക് അതിത്വരയോടെ നയിച്ച വിശിഷ്ടഭാരതസൈന്യം ജർമ്മനിയുടെ പുരോഗതിയെ തടഞ്ഞു പാരിസ്സിനെ നാശഗർത്തത്തിൽ നിന്നും രക്ഷിച്ച എന്ന പരമാർത്ഥം ലോകമഹായുദ്ധചരിത്രം അറിഞ്ഞിട്ടുള്ള ഒരുവന്റെയും സ്മൃതിപഥത്തെ ത്യജിക്കാറായിട്ടില്ല.

ഇൻഡ്യയുടെ പരാധീനവൃത്തിക്കു മോചനം സിദ്ധിച്ചാൽ ഈവിധമുള്ള ഒരു വമ്പിച്ച സൈന്യം ഇൻഡ്യയെ ആക്രമിക്കാൻ ഒരുങ്ങുന്ന ശത്രുവിനെ നിര്യാതനം ചെയ്യുമെന്നുള്ളതു നിശ്ചയംതന്നെ. അപ്പോൾ ഏതു സാമ്രാജ്യശക്തിക്കാണ് ഇൻഡ്യയെ കൈവശപ്പെടുത്താനുള്ള വ്യാമോഹം ഉദിക്കുന്നതു്?

ബലിഷ്ഠമായ ഒരു നാവികബലം കൂടാതെ ഇൻഡ്യയ്ക്കു ഒരിക്കലും സ്വരക്ഷയില്ലെന്ന് ആരെങ്കിലും സംശയിക്കുന്നുണ്ടോ? എന്നാൽ ഇതു തീരെ അടിസ്ഥാനരഹിതമാണ്. സമ്പൂർണ്ണമായി സൈന്യസജ്ജീകരണം ചെയ്തിരുന്ന ഒരു നൌക സുരക്ഷിതവും സുശിക്ഷിതവുമായ ഒരു കോട്ടയുടേയും സൈന്യത്തിന്റെയും മുമ്പിൽ കേവലം ബലശൂന്യമെന്ന പരമാർത്ഥത്തെ വിശദപ്പെടുത്തുവാൻ തെളിവുകൾ സ്വല്പങ്ങളല്ലെങ്കിൽ ബ്രിട്ടീഷുകാർക്കു ഗാലിപ്പോളിയിൽ ഉണ്ടായ അനുഭവം ഇതിന് അപര്യാപ്തമായി ഭവിക്കുന്നുണ്ടോ? ഇൻഡ്യയ്ക്കു ഈ പട്ടാളച്ചിലവിനുള്ള ബഡ്ജററുകളെ അതിലംഘിക്കാതെതന്നെ നാവികശക്തിയിൽ മൂന്നാംസ്ഥാനം അലങ്കരിച്ചിരിക്കുന്ന ജപ്പാനോടൊപ്പം ഒരു നാവികബലസംഭരണത്തിന് ഇൻഡ്യയ്ക്കു്, അതു് അത്യാപേക്ഷിതമെന്നു വന്നാൽ നിശ്ചയമായി സാധിക്കാവുന്നതാണ്. സമുദ്രതരണസമർത്ഥന്മാരുടെ യോഗ്യതയെക്കുറിച്ചാലോചിക്കുമ്പോൾ, ബ്രിട്ടീഷുകാർ ഇവിടെ വരുന്നതിനുമുമ്പു ഭൂലോകത്തിൽ നൌകനിർമ്മാണത്തിലും സമുദ്രപ്രയാണത്തിലും ഭാരതീയർ അദ്വിതീയന്മാരായിരുന്നു എന്ന വാസ്തവം വിസ്മരിക്കാതിരുന്നാൽ മതിയാകുന്നതാണ്.

പരാധീനമോചനത്താൽ എന്തുകൊണ്ടിവിടെ ഇനിയും ആ നില വന്നുകൂടാ?

ഇംഗ്ലീഷുകാരുടെയോ, അല്ല മററുവല്ല യൂറോപ്യൻനേതാക്കളുടെയോ കീഴിലല്ലാതെ ഇൻഡ്യക്കാർ ഒരിക്കലും വിജയികളാകുന്നതല്ല. അവർ ഇൻഡ്യൻനേതൃത്വത്തിൽ പരാജയം അനുഭവിക്കും. യുദ്ധക്കളത്തിൽ ഇൻഡ്യൻസൈന്യം വിജയികളാകുമെന്നല്ലാതെ ഒരിക്കലും ഒരു സൈന്യനേതൃത്വശക്തിക്ക് അവരുടെ ബുദ്ധി അഭിവ്യാപകമല്ലപോലും.

ഇതൊന്നാണ് ഇന്നു ബ്രിട്ടീഷുകാർ ഉൽഘോഷിക്കുന്ന ഇൻഡ്യയുടെ ആധിപത്യാവകാശം. ഇതു സുപ്രതിഷ്ഠിതമായ ഒന്നാണോ? അല്ല, ഒരിക്കലുമല്ല. സൈനികവകുപ്പിലോ നീതിന്യായസരണിയിലോ ഇൻഡ്യ ഒരിക്കലും ഉത്തമനായ ഒരു നേതാവിന്റെ അഭാവത്തിൽ പരാജയപ്പെട്ടിട്ടില്ലെന്ന് അവിടത്തെ ഏതാനും നൂററാണ്ടുകളിലെയും സുദീർഘചരിത്രം പരിശോധിച്ചാൽ പ്രത്യക്ഷപ്പെടും. അലക്സാണ്ഡർമഹാന്റെ വിജയതൃഷ്ണയെ പ്രതിരോധിച്ചുനിന്നതു് ഒരു ഇൻഡ്യൻസൈന്യമാണ്. അതിന്റെ നേതാവും ഒരു ഇൻഡ്യാക്കാരനായിരുന്നു. ഭൂലോകമഹാരഥന്മാരായി എച്ച്. ജി. വെൽസ് നിർദ്ദേശിച്ചിട്ടുള്ള ആറുപേരിൽ ഒരുവനായ അശോകചക്രവർത്തി ഒരു രാജ്യതന്ത്രജ്ഞനെന്നോ, ജനക്ഷേമൈകരതനെന്നോ പറയുന്നിടത്തോളം ധൈര്യത്തോടും വിശ്വാസത്തോടും അദ്ദേഹം ഒരു സൈന്യനേതാവെന്നും പറയേണ്ടതാണ്. എലിസബത്തു രാജ്ഞിയോടു സമകാലീനനും യൂറോപ്പിലുണ്ടായിട്ടുള്ള ഏതു ഭരണകൗശലനോടും തുല്യനിലയെ അർഹിക്കുന്നവനുമായ അക്ബർചക്രവർത്തി അതിസമർത്ഥനായ ഒരു ജനറൽ ആയിരുന്നു. മഹാരാഷ്ട്രചരിത്രനായകനായ ശിവാജിയേക്കാൾ നയജ്ഞനും ബുദ്ധികോവിദനുമായ ഒരു സേനാധിപനെ സൃഷ്ടിച്ച അഭിമാനം ഇന്നു യൂറോപ്പിനു പ്രഖ്യാപനംചെയ്വാൻ കഴിയുമോ?

ഇൻഡ്യാക്കാരായ സൈന്യവിഭാഗത്തെ യൂറോപ്യൻ ഭരണാധികാരികൾ അതിനിഷ്ഠുരശാസനയിൽ ഇരിക്കുന്നു എന്നും ആ വിഭാഗത്തിൽ ഒരു സ്വദേശിക്കും ഉൽകൃഷ്ടപദവിയോ അധികാരശക്തിയോ കൊടുത്തിട്ടില്ലെന്നും ബ്രിട്ടീഷ്ചരിത്രത്തിന്റെ അന്തിമഘട്ടംകൊണ്ടു തെളിയുന്നതാണ്. ഇതു് ഇൻഡ്യക്കാരുടെ ശേഷിക്കുറവുകൊണ്ടല്ല. ഇംഗ്ലീഷുകാരുടെ ഒരു ദീർഘാലോചനയുടെ ഫലം മാത്രമാണ്. പട്ടാളവകുപ്പിൽ ഒരു ഇൻഡ്യനെ സൈന്യനേതാവിന്റേയോ ഭരണാധികാരിയുടേയോ നിലയും പരിചയവും വരുത്തുന്നതു് ഓരോ ബ്രിട്ടീഷുകാരന്റെയും ഹൃദയത്തെ ഭയചഞ്ചലമാക്കിക്കൊണ്ടിരിക്കും. വിദേശഭരണത്തിന്റെ ദുരന്തസ്ഥിതിയിൽ ഇവർ സ്വശക്തിയെ തങ്ങൾക്കു വിരോധമായി പ്രവർത്തിപ്പിച്ചെങ്കിലോ എന്നു തന്നെയാണ് ബ്രിട്ടീഷുകാർ ഭയപ്പെട്ടുകൊണ്ടിരിക്കുന്നതു്.

ജപ്പാൻ, ചൈന, പർഷ്യ, ടർക്കി എന്നീ ഏഷ്യാവിഭാഗങ്ങളിൽനി

പുണന്മാരായ സേനാപതികൾ ഉണ്ടു്. റഷ്യയോടുള്ള ജപ്പാൻസമരത്തിൽ കരയുദ്ധത്തിനു വേണ്ട ജനറലും, കടൽയുദ്ധത്തിനു വേണ്ട അഡ്മിറലും യൂറോപ്യൻ പ്രതിയോഗിയോടു തുല്യപ്രതാപത്തിൽ അവിടെത്തന്നെ ഉണ്ടായിരുന്നു. ഈ രാജ്യങ്ങളിലുള്ള ജനവർഗ്ഗത്തെ അപേക്ഷിച്ചു് ഇൻഡ്യാക്കാർ അശേഷവും താഴ്ന്ന പടിയിൽ ഉള്ളവരല്ല.

ഇൻഡ്യ സ്വതന്ത്രമാവുകയും അവിടെ ആവശ്യം നേരിടുകയും ചെയ്താൽ ഏതു പട്ടാളശക്തിയേയും അതിശയിക്കുന്ന നേതാക്കളെ—കരസൈന്യത്തിലും കടൽസൈന്യത്തിലും—ഇൻഡ്യയ്ക്കു സൃഷ്ടിപ്പാൻ കഴിയും. അല്ല സൃഷ്ടിക്കും എന്നു വിശ്വസിപ്പാൻ അവകാശങ്ങൾ തെളിഞ്ഞുകാണുന്നുണ്ടു്.

'വെട്ടും തടവു'മെന്ന യുദ്ധവകുപ്പിലെ രണ്ടാമിനത്തെ സഫലമായി നടത്തുന്നതിന്നു് അവശ്യോപകരണമായ ഭൗതികസമ്പത്തു്—കൽക്കരി, ഇരിമ്പു്, വിറകു്, എണ്ണ എന്നിവ—ഇഡ്യയിൽ ഉണ്ടോ എന്നു അന്ത്യമായി നിരൂപിക്കാം. ആധുനികകാലത്തു ജനതയോടൊപ്പം ഇവയ്ക്കു പ്രാധാന്യമുണ്ടു്. ഇൻഡ്യയിൽ ഇവയ്ക്കു ക്ഷാമമുണ്ടോ? ഇല്ല, നിശ്ചയം. റഷ്യയൊഴിച്ചു മററു യൂറോപ്യൻ രാജ്യങ്ങളേക്കാൾ ഇൻഡ്യയിൽ ഇവ സമൃദ്ധങ്ങളാണു്. അത്രതന്നെയോ, യുദ്ധോപകരണങ്ങളിൽ അനുപേക്ഷണീയമായ ഇവയുടെ അക്ഷയ്യസമൃദ്ധി ഇൻഡ്യയെപ്പോലെ ഭൂലോകമൊട്ടുക്കു നോക്കിയാലോ രണ്ടോ മൂന്നോ സാമ്രാജ്യശക്തികൾക്കല്ലാതെയില്ലെന്നു നിശ്ചയം തന്നെ. കടൽയുദ്ധത്തിലും കരയുദ്ധത്തിലും ജപ്പാൻകാർ വിജിഗീഷുക്കളെന്നു തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. എങ്കിലും മുൻ പ്രസ്താവിച്ച ജപ്പാന്റെ ഭൗതികസമ്പത്തു് ഇൻഡ്യയിൽ ഇതിനോടു തുലനംചെയ്യുമ്പോൾ തുച്ഛാൽതുച്ഛതരമെന്നു പറയേണ്ടിയിരിക്കുന്നു.

ഒരു വിദേശശക്തിയുടെ ഈ വിധമുള്ള ഭരണം ഇൻഡ്യയ്ക്കാവശ്യമുണ്ടെന്നോ, സ്വാതന്ത്ര്യലാഭം കിട്ടിയാൽ മററു സാമ്രാജ്യശക്തികളെപ്പോലെ പ്രതിയോഗികളുടെ വിക്രിയകളിൽനിന്നു സുരക്ഷിതമാകുവാൻ ഇൻഡ്യയ്ക്കു സാദ്ധ്യമല്ലെന്നോ, വല്ലവരും അഭിമാനിക്കുന്നുണ്ടെങ്കിൽ അതിനോളം അർത്ഥശൂന്യവും അടിസ്ഥാനരഹിതവുമായ ഒരു അഭിപ്രായം മറെറാന്നും തന്നെയില്ലെന്നു് ഇത്രയുംകൊണ്ടു വിശദപ്പെടുന്നുണ്ടല്ലോ.

തെക്കെ ആഫ്രിക്ക, കാനഡ എന്നീ സാമ്രാജ്യാംഗങ്ങൾക്കുള്ളപോലെ ഡൊമിനിയൻ ഭരണത്തിലോ അഥവാ പരിപൂർണ്ണമായ സ്വതന്ത്രസ്വാതന്ത്ര്യത്തിലോ ഇൻഡ്യ ഇന്നല്ലെങ്കിൽ നാളെ ജീവിക്കും. ഇതിൽ സൂക്ഷ്മതരമായ ഒരു ഭാവിപ്രശ്നം വേറെയില്ല. ഈ സ്വാതന്ത്ര്യലബ്ധിക്കുള്ള കാലം നീളുന്നതോതനുസരിച്ചു് ഇൻഡ്യയും ബ്രിട്ടനും ഒരു ദുരന്തസന്താപം അനുഭവിക്കേണ്ടിവരും.

ഇൻഡ്യ സ്വതന്ത്രമായാൽ മറെറാരു സാമ്രാജ്യശക്തിക്കും [illegible]ത്തിന്നു

വകാശം വരുന്നതല്ല. ഇവിടത്തെ വമ്പിച്ച ജനസമൂഹവും അമേയമായി സംഗ്രഹീതമായി സ്ഥിതിചെയ്യുന്ന സൈനികശക്തിയും എങ്ങിനെ എങ്കിലുമിരിക്കട്ടെ. മററു സാമ്രാജ്യശക്തികളെപ്പോലെ ഇൻഡ്യ ഒരിക്കലും പരരാജ്യപീഡനത്തിനൊരുങ്ങുകയില്ല. അങ്ങിനെ മാത്രമൊ, അല്ല. ഇന്നത്തെ ഇവിടത്തെ സമാധാനരക്ഷാപ്രതിജ്ഞയും പരോല്കൃഷ്ടപ്രാൎത്ഥനയും പൂൎവ്വാധികം ശക്തിയോടെ നടത്തിപ്പോരും. അന്ന് ഇൻഡ്യയുടെ സ്വാതന്ത്ര്യവും സൎവ്വോപരിയായി ശോഭിക്കുന്ന ഉന്നതപദവിയും ലോകത്തിൻെറ ശാന്തതയ്ക്കു ഒരു പ്രേരകശക്തിയായി കലാശിക്കും. ഇതിന്ന് ഇന്ന് ഗാന്ധി, ടാഗോർ എന്നു രണ്ടു വിശ്വസനീയകേന്ദ്രങ്ങൾ ഇവിടെയുണ്ട്.

മററുള്ളവരുടെ അഹിതത്തിനോ അസന്തുഷ്ടിക്കോ ഇടകൊടുക്കാതേയും ന്യായമായും ഭംഗിയായും വിക്രിയകളൊന്നും കൂടാതേയും മററു ശക്തികളോടിടപെടുവാൻ സ്വപ്രത്യയസ്ഥൈൎയ്യത്തിൻെറയും പ്രശാന്തമായ ആത്മീയവളൎച്ചയുടേയും സാഹായ്യമൊഴികെ മററുള്ളവരുടെ വിപ്ലവകരങ്ങളായ ഉദ്യമങ്ങളിൽനിന്ന് ഇൻഡ്യയെ സംരക്ഷിപ്പാൻ യാതൊന്നും ആവശ്യമില്ലെന്നു ഗാന്ധിയുടെ അനുയായികൾ പൂൎണ്ണമായി വിശ്വസിച്ചിരിക്കുന്നു. ഇവിടെയുള്ള നേതാക്കന്മാരെല്ലാം സമാധാനപരിപാലനത്തിലും സാന്ത്വനംകൊണ്ടു കലുഷചിത്തരെ സമാശ്വസിപ്പിക്കുന്നതിലും ബദ്ധശ്രദ്ധരും ഗാഢവിശ്വാസികളുമാണ്.

പ്രാമാണികന്മാരായ സാമ്രാജ്യശക്തികളുടെയിടയിൽ ഉണ്ടായേക്കാവുന്ന അന്തഃഛിദ്രങ്ങളേയും അഭിപ്രായവികലതകളേയും ബലപ്രീണനലേശംകൂടാതെ പ്രശാന്തസാന്ത്വനംചെയ്തു അവർ തമ്മിലുള്ള സമരം അസാദ്ധ്യമെന്ന നിലയിൽ, പരസ്പരസമാധാനചിന്തയോടെ സഖ്യം സാധിച്ച്, ഇൻഡ്യയുടെ സുരക്ഷിതനിലയെ ബലവത്തരമായി ഉറപ്പിക്കുന്ന കൃത്യത്തിലായിരിക്കും അതിൻെറ സ്വാതന്ത്ര്യബുദ്ധിയിൽ പ്രഥമമായി ചെയ്യുന്ന കൎമ്മമെന്നു നമുക്കു പൂൎണ്ണമായി വിശ്വസിക്കാം. ജനക്ഷേമപരമായും വിദ്യാഭ്യാസസംബന്ധമായും അനപേക്ഷണീയങ്ങളായ ആവശ്യങ്ങൾക്കു വ്യയം ചെയ്യേണ്ട ഭൂനികുതിയിൽ ഒരു ഭീമമായ തുക സൈന്യവകുപ്പിൽ ലജ്ജാഹേതുകവും മനോദ്ഗ്ലാനതാദായകവും ആയവിധം ചിലവുചെയ്യാതെ ഇൻഡ്യ വിജയിക്കുന്നതായിരിക്കും.

എങ്ങിനെ ആയാലും ഒന്നു നിശ്ചയംതന്നെ. സ്വേച്ഛയ്ക്കും സ്വാഭിമാനത്തിനും ഇനിയും ഭംഗം കാണുന്നു എങ്കിൽ ഇൻഡ്യ നിശ്ചയമായി ആയുധം സ്വീകരിക്കണം. മററുമാൎഗ്ഗേണ ഇൻഡ്യയ്ക്കു രക്ഷകിട്ടുകയില്ലെങ്കിൽ ലോകമെ! നിങ്ങൾക്കു ഒന്നനുമിക്കാം. ഇൻഡ്യ ആയുധം സ്വീകരിക്കും. അന്നു ജപ്പാനേപ്പോലെയല്ല, ജനധനസമൃദ്ധികൊണ്ട് അത്യധികം

മഹിമയുള്ള ഇൻഡ്യ അതിലുമധികം ഭയങ്കരശക്തിയാകും. അന്ന് ഇൻഡ്യ ഒരു അജയ്യനിലയെ പ്രാപിക്കും.

ഒരു വൈദേശികനുംതന്നെ ഇൻഡ്യയുടെ രാഷ്ട്രീയനിലയേയോ സ്വാതന്ത്ര്യമഹിമയേയോ കവൎന്നെടുപ്പാൻ ഒരിക്കലും സാധിക്കയില്ല. കഴിഞ്ഞ ഒന്നരശതാബ്ദത്തിലെ പാഠം ഒരു ആയിരം കൊല്ലത്തേക്ക് അവരുടെ സ്മൃതിപഥത്തെ വിട്ടുകയില്ല.

---

# ഭാഷാപോഷണം

(ഒരു പശ്ചാവലോകനം)

(ആർ. ഈശ്വരപിള്ള ബി. ഏ.)

## I

ഇൻഡ്യയിലെ നാട്ടുഭാഷകളിൽ അധികവും പുഷ്ടിയോ പൂൎണ്ണതയോ പ്രാപിക്കാത്തവയാണെന്നു പറയുന്നതിൽ തെറവുണ്ടെന്നു തോന്നുന്നില്ല. എന്നാൽ അവയെല്ലാം ഇപ്പോൾ അഭിവൃദ്ധിമാൎഗ്ഗങ്ങളെ ഗവേഷണം ചെയ്തുവരികയാണ്. മലയാളഭാഷയെപ്പററി പറയുകയാണെങ്കിൽ അതിന്റെ നിലയും ഏകദേശം ഇതുതന്നെയാണ്. അതു് ഇനിയും പല വിധത്തിൽ സംസ്കരിച്ചു് പുഷ്ടിപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നതു്. എന്നാൽ ഒരൻപതുകൊല്ലത്തിനുമുമ്പു് അതു വൎത്തിച്ചിരുന്ന സ്ഥിതിയിൽനിന്നും ഇന്നു് വളരെ വ്യത്യാസപ്പെട്ടിട്ടുണ്ടു്. പദസമ്പത്തും സാഹിത്യസമ്പത്തും വൎദ്ധിച്ചാണു് വരുന്നതു്. എന്നിരുന്നാലും പരിപുഷ്ടിയിലേക്കുള്ള ദൂരം ഇന്നും ദീൎഘമായിത്തന്നെയിരിക്കുന്നു. ഈ വഴിക്കുള്ള ശ്രമത്തിന്റെ കുറവും അസ്ഥിരതയും മന്ദതയുമാണ് ഇതിനു പ്രധാനകാരണം.

ഭാഷാപോഷണം നമ്മുടെ ഇടയിൽ ഇന്നു രണ്ടുവിധത്തിൽ നടക്കുന്നുണ്ടു്. ഒന്നു്, ബുദ്ധിപൂൎവ്വമായ പരിശ്രമരൂപത്തിലും, മറേറതു് അബുദ്ധിപൂൎവ്വമായ പ്രവൃത്തിരൂപത്തിലുമാകുന്നു. ഭാഷാപോഷിണിസഭ, ഭാഷാപരിഷ്കരണസംഘം, സാഹിത്യപരിഷത്തു്, തി. വി. സഭ, സന്മാൎഗ്ഗപോഷിണിസഭ, സാഹിത്യസമാജം, സൎവ്വകലാശാലക്കാർ ചെയ്യുന്ന പരിശ്രമം, ചില സാഹിത്യപ്രണയികളുടെ പ്രയത്നം ഇവ ആദ്യത്തെ തരത്തിലുൾപ്പെട്ടവയാണ്. ഇതു കൂടാതെ മുദ്രാലയങ്ങളുടെ സുലഭത, വിദ്യാഭ്യാസത്തിന്റെ പ്രചാരം, പത്രങ്ങളുടെ ബഹുലത, ഇവയൊക്കെയുംകൊണ്ടു് ആകൃഷ്ടരായി പലരും ഭാഷാപോഷണചിന്തകൂടാതെ മററുവിധത്തിൽ പ്രേരിതരായി ഗ്രന്ഥങ്ങൾ നിൎമ്മിക്കുകയും മാസികകൾ പുറപ്പെടുവിക്കുകയും ലേഖനങ്ങൾ എഴുതുകയും മററും ചെയ്തുവരുന്നതു് രണ്ടാമത്തെ വകുപ്പിൽ പെട്ടവയുമാണ്. ഇവയെപ്പററിയെല്ലാം സവിസ്തരം വഴിയെ പ്രസ്താവിക്കുന്നതാണു്. ഇവിടെ ഒന്നുരണ്ടു വാക്കുമാത്രം പറയുന്നു,

ആദ്യത്തെ പ്രസ്ഥാനങ്ങളിൽ പലതും ഇന്നു് ആരംഭഘട്ടത്തിൽ മാത്രം ഇരിക്കുന്നതുകൊണ്ടും അല്പംതാവ അവിച്ഛിന്നമായ പരിശ്രമമില്ലാത്തതുകൊണ്ടും പ്രത്യക്ഷത്തിൽ ഫലവത്തായ യാതൊരു പ്രവൃത്തിയും ചെയ്തിട്ടുള്ളതായി കാണുന്നില്ല. പല പദ്ധതികളും മററും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയൊന്നും പ്രായോഗികമായി പരിണമിച്ചിട്ടില്ലെന്നു വേണം പറവാൻ. യോജിച്ചുള്ള പ്രവൃത്തിയുടെ അഭാവവും, അസ്ഥിരത, ഔദാസീന്യം ഇവയുടെ പ്രഭാവവും നിമിത്തം നിർദ്ദിഷ്ടപദ്ധതിയിൽ നാം ചരിക്കുന്നുണ്ടെങ്കിൽ തന്നെ (അതു സംശയമാണു്) അതു ദൃഷ്ടിഗോചരമല്ലാത്തവിധം മന്ദഗതിയിലുമാണു്. എങ്കിലും ഭാഷാപോഷണത്തിന്റെ ആവശ്യം നമുക്കു തോന്നിത്തുടങ്ങി എന്നുള്ളതിനു് ഇവ സാക്ഷ്യം വഹിക്കുന്നുണ്ടു്. ഇത്രയും സാധിച്ചതുതന്നെ വലിയ കാര്യമാണല്ലോ. രണ്ടാമത്തെ പ്രസ്ഥാനങ്ങൾ നിശ്ചിതലാക്കുകൂടാതെയുള്ളവയായതുകൊണ്ടു വല്ല ഫലവും നൽകുന്ന കാര്യം സംശയത്തിലാണു്. ഗ്രന്ഥങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനു് ഇതു് ഉപയുക്തമായി എന്നു വരാം. എന്നാൽ ഗ്രന്ഥാധിക്യമാണൊ ഭാഷയുടെ പുഷ്ടിയെ സൂചിപ്പിക്കുന്നതെന്നുള്ളതു ചിന്തിക്കേണ്ടതാണു്. ഗ്രന്ഥകർത്താക്കന്മാരിൽ ചുരുക്കം ചിലരെ ഒഴിച്ചാൽ ഭൂരിഭാഗവും ബുദ്ധിയും ചിന്തയും പക്വതയെ പ്രാപിക്കാത്തവരാണെന്നു വേണം അവരുടെ കൃതികളുടെ സ്വഭാവംകൊണ്ടു ഊഹിപ്പാൻ. നാവലുകളും, പദ്യങ്ങളും, കഥകളുമാണു് ഇപ്പോൾ സംഖ്യാതീതമായി ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഭാഷാശുദ്ധിയൊ ഭാഷാശൈലിയൊ ഭാഷാസരണിയൊ മിക്ക എഴുത്തുകാരുടേയും ഗണനയിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുകയില്ല. വാചകങ്ങളുടെ വക്രതയും ശൈഥില്യവും മററു ചില പ്രയോഗങ്ങളും വായനക്കാരെ പലപ്പോഴും വിഷമിപ്പിക്കുന്നതും അസാധാരണമല്ല. ഭാഷാപോഷണം ഒരു വിദൂരിതമായ ഉദ്ദേശ്യമായിട്ടെങ്കിലും സങ്കല്പിച്ചുകൊണ്ടു് എഴുതപ്പെടുന്നവയല്ലാത്തതുകൊണ്ടും ചിന്താഭരിതങ്ങളല്ലാത്തതുകൊണ്ടും ഈ വക ഗ്രന്ഥങ്ങൾ സൂക്ഷ്മം നോക്കിയാൽ മലയാളഭാഷയ്ക്കു് അല്പമെങ്കിലും സൌഭാഗ്യം നൽകുന്നുണ്ടെന്നു പറഞ്ഞുകൂടാ. സാധാരണയായി ഈ വക കൃതികളിൽ പ്രശംസനീയങ്ങളായ ആശയങ്ങളൊ, അനുകരണീയങ്ങളായ ആദർശങ്ങളൊ കാണുകയുമില്ല. പാഠ്യപുസ്തകങ്ങളാക്കുവാൻവേണ്ടി ബദ്ധപ്പെട്ടു് എഴുതപ്പെടുന്നവയാണു ഭാഷയ്ക്കു പുഷ്ടിനൽകുന്ന മറെറാരു തരം പുസ്തകങ്ങൾ. ഈവക പുസ്തകങ്ങൾ വായിച്ചുനോക്കിയാൽ തൽകർത്താക്കന്മാർക്കു് ഈ വിഷയത്തിലുണ്ടായിട്ടുള്ള ക്ലേശങ്ങളും ബുദ്ധിമുട്ടുകളുമെല്ലാം അവയിൽ പ്രതിബിംബിച്ചുകിടക്കുന്നതായി കാണാം. എന്നാൽ ഇവയൊക്കെയും രണ്ടോ മൂന്നോ കൊല്ലത്തേക്കു മാത്രം വിദ്യാലയങ്ങളിൽ കയറി ഇറങ്ങുന്നവ മാത്രമായതുകൊണ്ടു ഭാഷാസാഹിത്യത്തിൽ സ്ഥാനാർഹികളായി നില്ക്കുന്നില്ലെന്നുള്ളൊരു സമാധാനം ഭാഷയ്ക്കുണ്ടു. ഇവ

യൊന്നും യഥാൎത്ഥത്തിൽ ഭാഷാപോഷണത്തിനു സഹായിക്കുന്നുണ്ടെന്നു പറവാനും മാൎഗ്ഗമില്ല. ഇനി പത്രലേഖകന്മാരെന്നൊരുവക ഭാഷാപ്രണയികളുമുണ്ടു്. ഇവർ ഭാഷാപോഷണവിഷയത്തിൽ എത്രമാത്രം സഹായിക്കുന്നുണ്ടെന്നുള്ളതും നോക്കേണ്ടതാണ്. ലേഖകന്മാർ പ്രായേണ ഒരു കൃത്രിമമായ ഭാഷാരീതിയെയാണ് അവലംബിച്ചുകാണുന്നതു്. സ്ഥാനത്തിലും അസ്ഥാനത്തിലും ഇംഗ്ലീഷുപദപ്രയോഗവും അനവസരോചിതമായ സംസ്കൃതപദപ്രവാഹവും അത്ര അസാധാരണമല്ല. ഇതു് ഒരിക്കലും ഒരു അനുകരണീയരീതിയായിട്ടു സ്വീകരിപ്പാൻ പാടില്ല. ഇതു ഭാഷയ്ക്കു വൈരൂപ്യവും വായനക്കാൎക്കു വിഷമതയും ഉണ്ടാക്കുന്നു. എന്നാൽ ഇവയ്ക്കും ഭാഷയിൽ സ്ഥിരപ്രതിഷ്ഠ ലഭിക്കാൻ തരമില്ലാത്തതുകൊണ്ടു ഭാഷക്കു് സ്ഥായിയായ ദോഷം തട്ടാൻ മാൎഗ്ഗമില്ലെന്നു സമാധാനപ്പെടാം. എങ്കിലും ഇവ പരോക്ഷമായി ഭാഷയെ അല്പമെങ്കിലും ബാധിക്കാതിരിക്കയില്ലെന്നാണു തോന്നുന്നതു്. ഭാഷാശുദ്ധിയെ സംരക്ഷിക്കുന്നതിൽ ഇവൎക്കും ഒരുവിധം ചുമതലയുള്ളതുകൊണ്ടു് ഈ വിഷയത്തിൽ അല്പം ശ്രദ്ധിക്കുന്നതു് അനാവശ്യമായിരിക്കയില്ല.

ഇംഗ്ലീഷുവിദ്യാഭ്യാസത്തിന്റെ പ്രചാരംകൊണ്ടു നമുക്കു നവീനാശയങ്ങളും മററും ധാരാളമുണ്ടാകുന്നുണ്ടു്. അവയെ പ്രകടിപ്പിക്കുന്നതിനു നൂതനപദങ്ങൾ ആവശ്യവുമാണ്. ഇതിനു സംസ്കൃതത്തിൽനിന്നും ആവശ്യമുള്ള പദങ്ങൾ ലഭിക്കുന്നതിനു പ്രയാസമില്ല. ശരിയായ മലയാളപദങ്ങളെ തിരഞ്ഞെടുക്കുവാനും പലപ്പോഴും സാധിക്കും. ചിലപ്പോൾ നൂതനപദങ്ങളെ സൃഷ്ടിക്കയും ചെയ്യാം. ഇതിനു് അല്പം ചിന്തയോ ശ്രദ്ധയോ വേണ്ടിവരും. അതൊന്നും കൂടാതെ കഴിക്കുന്നതിനു നാം ഇംഗ്ലീഷുപദങ്ങളെത്തന്നെ അതേപടി ഇടക്കിടക്കു കുത്തിച്ചെലുത്തി ഭാഷയെ മിശ്രമാക്കുന്നതു് ഇന്നു് ഒട്ടും അസാധാരണമല്ല. സംഭാഷണത്തിൽ ഈ വിദ്യ ഇപ്പോൾ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്നു എന്നുവേണം പറവാൻ. ഇംഗ്ലീഷുഭാഷ പരിചയമില്ലാത്തവരും ഇംഗ്ലീഷുവാക്കുകളെ പലവിധത്തിൽ വികൃതരൂപമാക്കി പ്രയോഗിക്കുവാൻ തുടങ്ങിയിട്ടുണ്ടു്. സംസ്കൃതത്തിന്നു് അനിതരഭാഷാസാധാരണമായ പദബാഹുല്യമുണ്ടു്. ഏതാശയത്തെ ദ്യോതിപ്പിക്കുന്നതിനും അതിൽ പദമില്ലാതെ വരികയില്ല. ധാതുക്കളിൽനിന്നും നൂതനപദങ്ങളെ സൃഷ്ടിക്കുകയും ചെയ്യാം. മലയാളഭാഷ മുമ്പേതന്നെ സംസ്കൃതത്തെ ആശ്രയിച്ചു അതിനോടു കടപ്പെട്ടുമാണിരിക്കുന്നതു്. ഭാരതീയഭാഷകൾക്കെല്ലാം അതു് മാതൃസ്ഥാനവും വഹിക്കുന്നുണ്ടു്. ഭാരതീയരുടെ ചിന്താസമ്പത്തും അതിൽ നിക്ഷിപ്തമാണ്. അതുകൊണ്ടു ഭാഷാപദങ്ങൾ ലഭിക്കാൻ തരമില്ലാതെ വരുന്ന ഘട്ടങ്ങളിൽ സംസ്കൃതപദങ്ങൾ സ്വീകരിക്കുന്നതാണ് ഉത്തമവും ഉചിതവും ഭംഗിയുമെന്നു് എഴുത്തച്ഛൻ മുതലായ പൂൎവ്വകവികളും വലിയകോയിത്തമ്പുരാൻ മു

തലായ ആധുനികവിദ്വാന്മാരും അവരുടെ വിശിഷ്ടകൃതികൾ മുഖേന തെളിയിച്ചിട്ടുണ്ട്. നിവൃത്തിയില്ലാത്ത ഘട്ടത്തിൽ മാത്രം വിദേശീയപദങ്ങളെ കടംവാങ്ങിയാൽ മതിയാകും. ഇന്നു പ്രത്തോളികളിലും കച്ചേരികളിലും മററും നടപ്പുള്ള മിശ്രഭാഷയെ സാഹിത്യത്തിലേക്ക് ആകർഷിക്കേണ്ട ആവശ്യമൊന്നുമില്ല. സല്ലാപഭാഷ ഇനി ഇതിലധികം ദുഷിക്കാനുണ്ടെന്നു തോന്നുന്നില്ല. അതിൻെറ ദുർഗ്ഗന്ധം സാഹിത്യത്തിലേക്കു വ്യാപിക്കാതിരിക്കാൻ ഭാഷാഭിമാനികൾ ശ്രദ്ധിക്കേണ്ടതാണ്. ചില പാഠ്യപുസ്തകങ്ങളിലും മററും ഈ ദോഷം അല്പാല്പമായിട്ടെങ്കിലും പ്രവേശിച്ചുതുടങ്ങിയിട്ടുണ്ട്. വിദ്യാലയങ്ങളിലാണു പ്രധാനമായി ഭാഷാശുദ്ധിയെ നാം പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് അവിടെക്കു കടത്തുന്ന ഗ്രന്ഥങ്ങൾ ഭാഷാവിഷയത്തിൽ ഉത്തമമാതൃകകളായിരിക്കാൻ ഭാഷാഭിമാനികൾ ശ്രദ്ധിക്കേണ്ടതാണ്. ഇംഗ്ലീഷുവിദ്യാലയങ്ങളിൽ മലയാളം ഉപഭാഷയാണല്ലോ. സർക്കാർ കച്ചേരികളിൽ അതിന് ആ സ്ഥാനവുംകൂടി ഇല്ലെന്നുവേണം പറവാൻ. പരിഷ്കാരികളുടെ ഗൃഹങ്ങളിലും ഇന്ന് അതിന് ഒരു മൂലയിൽ മാത്രമാണു സ്ഥാനം നല്കപ്പെട്ടിരിക്കുന്നത്. ഇതിൻെറ ഫലം ഭാഷാപോഷണമല്ല; ദൂഷണമാണ്. ഇങ്ങനെ പല ശക്തികളുടെ പ്രവൎത്തനംകൊണ്ടു ഭാഷക്കു വ്യാപ്തി കുറഞ്ഞു കുറഞ്ഞു വരുന്ന സ്ഥിതിക്കു ഭാഷാപരിഷ്കരണസംഘങ്ങൾക്കും മററും സ്വയമേവ വല്ലതും സാധിക്കുവാൻ കഴിയുമോ എന്നു സംശയമുണ്ട്. ഇന്നു ഭാരതത്തിലുള്ള സകലനാട്ടുഭാഷകളുടെയും സ്ഥിതി ഏറെക്കുറെ ഇതുതന്നെയാണ്. അവയെല്ലാം ഇന്ന് ഒരു മഹൽഭാഷയുടെ ഛായയാൽ ഗ്രസ്തങ്ങളായിത്തീൎന്നിരിക്കുന്നു. അവയുടെ വികാസത്തിനും പുഷ്ടിക്കും പല ശക്തികളും പ്രതിബന്ധങ്ങളായിത്തീൎന്നിട്ടുണ്ട്. എന്നാലും ഒരു പരിമിതപരിധിക്കുള്ളിൽ വികസിക്കുന്നതിന് അവയ്ക്കു സ്വാതന്ത്ര്യം ഇല്ലാതില്ല. ഭാഷാപോഷണത്തിന് ഫലവത്തായ സഹായം ചെയ്യുന്നതിനു ശേഷിയുള്ളവർ ശ്രദ്ധിക്കുന്നതായാൽ ഈ വിഷയത്തിൽ പലതും സാധിക്കാവുന്നതാണ്. കൊച്ചി ഗവൎമ്മെൻറ് ഈ വിഷയത്തിൽ പല ആനുകൂല്യങ്ങളും ചെയ്തുവരുന്നതായി അറിയുന്നു. മററു ഗവൎമ്മെൻറുകളും ഈവിധമുള്ള ഒത്താശകൾ ചെയ്യുന്നതായാൽ വല്ലതുമൊക്കെ സാധിക്കുമെന്നുതോന്നുന്നു. എന്നാൽ ഈ കാൎയ്യത്തിൽ മുഖ്യമായ ചുമതല ജനങ്ങളിൽതന്നെയാണിരിക്കുന്നത്. സ്വദേശാഭിമാനികൾക്കും സ്വഭാഷാഭിമാനികൾക്കും ഈ ചുമതലയിൽനിന്നും അപവാദം കൂടാതെ ഒഴിയുവാനും തരമില്ല. നമുക്കു നമ്മുടെ കുടുംബത്തോടും സമുദായത്തോടും വല്ല കടവുമുണ്ടെങ്കിൽ നമ്മുടെ മാതൃഭാഷയോട് അത്രയുമൊ അതിലുമിരട്ടിയോ ഋണബന്ധം ഉണ്ട്. നാം ഭാഷയെ സദാ ഉപയോഗിക്കുന്നുണ്ടെങ്കിലും അതിനെ ദുഷിക്കാതെ സുരക്ഷിതമാക്കിവെയ്ക്കാൻ അല്പമെങ്കിലും ശ്രമിക്കുന്നില്ല; വിചാരിക്കുന്നുമില്ല. ഇ

തെല്ലാവക്കും സാധ്യവുമല്ല. എന്നാൽ വിശിഷ്ടോദ്ദേശ്യത്തോടുകൂടി അതിനെ കൈകാര്യം ചെയ്യുന്നവർ ഈ വിഷയത്തിൽ ശ്രദ്ധിച്ചില്ലെങ്കിൽ അതു ക്ഷന്തവ്യമല്ലാത്ത ഒരപരാധമാണെന്നുതന്നെ പറയണം. ബുദ്ധിയെ ഉത്തേജിപ്പിക്കുന്നതിനൊ ചിന്തയെ ഉജ്ജ്വലിപ്പിക്കുന്നതിനൊ വിജ്ഞാനത്തെ ദാനംചെയ്യുന്നതിനൊ സുഖത്തെ നല്കുന്നതിനൊ ശ്രദ്ധയെ ആകർഷിക്കുന്നതിനൊ മനസ്സിനെ വശീകരിക്കുന്നതിനൊ അധർമ്മങ്ങളെ നിരോധിക്കുന്നതിനൊ ചുമതലപ്പെട്ടിട്ടുള്ളവർ അവരുടെ പ്രധാനഉപകരണമായ ഭാഷയെ സദാ നൈർമ്മല്യത്തോടും പുഷ്ടിയോടും രക്ഷിക്കേണ്ടതാണല്ലൊ. സാഹിത്യകാരന്മാർ, പ്രസംഗികന്മാർ, അധ്യാപകന്മാർ, അഭിഭാഷകന്മാർ, ലേഖനകർത്താക്കന്മാർ, മതോപദേഷ്ടാക്കൾ മുതലായവർ ഈ വർഗ്ഗത്തിൽ ഉൾപ്പെട്ടവരാണ്. എന്നാൽ ഈ സാഹിത്യകാരന്മാരെ ഒഴിച്ചാൽ ഏറക്കുറെ ഈക്കൂട്ടരിൽ മിക്കവരും വിദേശീയഭാഷാവിദഗ്ദ്ധന്മാരും വിദേശീയഭാഷാപ്രണയികളുമായിരിക്കുന്നതിനാൽ അവർ സ്വഭാഷയോടനുവർത്തിക്കുന്ന നയം ഒട്ടും ആശാസ്യമാണെന്നു വിചാരിപ്പാൻ തരമില്ല. ഭാഷക്ക് ഇവരിൽനിന്നും കിട്ടുന്ന പോഷണമൊ രക്ഷയൊ വളരെ കുറഞ്ഞിരിക്കാനെ തരമുള്ളു. മലയാളഭാഷക്ക് ഗൌരവം പോരാ എന്നു വിചാരിച്ചിട്ടൊ അതിൽ നിപുണത കുറവായിട്ടൊ ആയിരിക്കാം ഈ വ്യതിക്രമം. അങ്ങിനെയാണെങ്കിൽ അതും കഷ്ടംതന്നെ. സ്വഭാഷയിലുള്ള അജ്ഞതയും അതിനോടുള്ള അവജ്ഞയും ഒരുപോലെ ഉപേക്ഷാർഹങ്ങളാണ്. എന്നാൽ ഈക്കൂട്ടരിലും പല വ്യത്യസ്തങ്ങളും ഉണ്ടെന്ന് പറയാതെ കഴികയില്ല. അവരുടെ പ്രധാനജോലിക്കും പുറമെ ചുരുക്കം ചിലർ ഭാഷാപോഷണത്തിലും മനസ്സുവെച്ചുവരുന്നുണ്ടെന്ന് കാണുന്നത് അല്പം ആശാജനകമായ സംഗതിയാണ്. മുദ്രണോപകരണങ്ങളുടെ സമൃദ്ധി ഭാഷാപോഷണത്തിന് അത്യന്താനുകൂലമായ ഒരു ശക്തിയാണ്. എന്നാൽ കണ്ടതും തോന്നിയതുംകൂടി അച്ചടിപ്പിക്കുവാൻ എളുപ്പമുണ്ടാകുന്നുള്ള ഒരു ദോഷവുമുണ്ട്. മുദ്രാലയങ്ങളിൽനിന്നും അടിച്ചുവിടുന്ന പുസ്തകങ്ങളുടെ സംഖ്യമാത്രം നോക്കുകയാണെങ്കിൽ ഭാഷാപോഷണം ക്രമത്തിലധികമുണ്ടെന്നുതന്നെ അനുമാനിക്കണം. എന്നാൽ ഭാഷയെ ദുർമ്മേദസ്സു വർദ്ധിപ്പിച്ച് അതിനെ സ്ഥൂലിപ്പിക്കുന്നത് യഥാർത്ഥപോഷണമല്ലെന്ന് ആർക്കും അറിയാവുന്നതാണല്ലൊ. പ്രയോജനകരമായ ഒരു വസ്തുവിനെ അനുചിതമായ വിധത്തിൽ ഉപയോഗിച്ചാൽ ഉണ്ടാകുന്ന ദോഷങ്ങൾക്ക് ഇതൊരു പ്രത്യക്ഷദൃഷ്ടാന്തമാണ്. ഭാഷാപത്രങ്ങളും മാസികകളും ഭാഷാപോഷണവിഷയത്തിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന ശക്തികളിൽ ഉൾപ്പെട്ടവയാണ്. അവ ഈ വിഷയത്തിൽ വഹിക്കുന്ന ഭാഗം ഒട്ടും നിസ്സാരമല്ല. ലോകകാര്യങ്ങൾ മിക്കവയും അവയുടെ വ്യവഹാരപരിധിയിൽ ഉൾപ്പെടുന്നതുകൊണ്ട് അവയ്ക്ക് ഭാഷയ്ക്കുള്ള സകല വിഭവങ്ങളേയും കൈകാര്യം ചെയ്യേണ്ടതായി

ട്ടുണ്ട്. പുതിയ പദങ്ങളെ കണ്ടുപിടിക്കയും നിൎമ്മിക്കയും കടം വാങ്ങിക്കയും പദങ്ങളെ പുതിയ രീതിയിൽ സംഘടിപ്പിക്കയും മററും ചെയ്യേണ്ട ആവശ്യം അവൎക്ക് ഒഴിച്ചുകൂടാത്തതാകുന്നു. ഭാഷാപോഷണം ഇവൎക്കു സുകരമാണെന്നുവേണം വിചാരിപ്പാൻ. എന്നാൽ പത്രക്കാരുടെ പ്രവൎത്തനം പ്രായേണ വൈദ്യുതവേഗത്തിലും താൽകാലികവികാരോദ്ദീപകവും മാത്രമായിരിക്കുന്നതുകൊണ്ട് അവൎക്ക് ഭാഷാപോഷണവിഷയത്തിൽ വേണ്ട ശ്രദ്ധ പതിക്കുന്നതിന് സമയവും സൌകൎയ്യവും ഉണ്ടെന്നു വിചാരിക്കാൻ പാടില്ല. അഥവാ ഉണ്ടായിരുന്നാലും അതു് അവരുടെ ഉദ്ദേശസിദ്ധിക്ക് ആവശ്യമുള്ളതല്ലാത്തതിനാൽ ആരും മനസ്സുവയ്ക്കുന്നതില്ല. മാസികകളുടെ നില ഈ വിധത്തിലല്ല. ഇവൎക്കു സമയവും സൌകൎയ്യവുമുണ്ട്. മനസ്സുവയ്ക്കണമെന്നു മാത്രമെയുള്ളു. എന്നാൽ ഇവിടെയാണ് എല്ലാം അല്പം കുഴഞ്ഞുകിടക്കുന്നതു്. ലേഖനദൌൎല്ലഭ്യം, ധനദൌൎല്ലഭ്യം ഇവ നിമിത്തം കിട്ടുന്നതെല്ലാം അതേതരത്തിൽ യാതൊരുവിവേചനവും കൂടാതെ ചേൎക്കുകയും ഗ്രന്ഥങ്ങളെ പ്രശംസാരൂപത്തിൽ നിരൂപണം ചെയ്യുകയും പദശുദ്ധിയേയൊ ഭാഷാസരണിയേയൊ ചിന്താഗതിയേയൊ ഒന്നും നോക്കാതെയും ഉള്ള ഒരു രീതിയിലാണു് പല മാസികകളുടേയും സാധാരണ പ്രവൎത്തനം. അപൂൎവ്വം ചില വ്യത്യസ്തങ്ങൾ കാണുമായിരിക്കാം. അതുകൊണ്ട് മാസികകൾ ഭാഷാപോഷണവിഷയത്തിൽ തൃപ്തികരമായും നാം പ്രതീക്ഷിക്കുന്നതുപോലെയും വല്ലതും ചെയ്യുന്നുണ്ടെന്ന് പറയുന്നതിന് അല്പം സംശയമുണ്ട്. മാസികകളിൽ പലതും ആലോചനയും മൂലധനവും കൂടാതെയും അതിലേക്ക് പ്രാപ്തിയില്ലാത്തവരാലും ആരംഭിക്കപ്പെടുന്നവയായതുകൊണ്ട് "അന്നന്നു തുടങ്ങിയുമന്നന്നു മുടങ്ങിയു"മെന്ന മട്ടിലാണു് അവയുടെ പ്രവൎത്തനം. ഇങ്ങിനെയുള്ള മാസികകൾക്ക് ഭാഷാപോഷണവിഷയത്തിൽ എന്നല്ല, മററു വിഷയത്തിലും ഒന്നും സാധിക്കാൻ കഴികയില്ല. രണ്ടും മൂന്നും മാസം കൂടുമ്പോൾ രണ്ടുംമൂന്നും ലക്കം ഒന്നിച്ചുചേൎത്ത് പുറപ്പെടുന്നതും ഒട്ടും അസാധാരണമല്ല. ഭാഷാപോഷണത്തിനെന്നല്ല എല്ലാ കാൎയ്യത്തിനും സ്ഥിരോദ്ദേശ്യവും സ്ഥിരപ്രയത്നവും വിവേകബുദ്ധിയും മാത്രമെ നമ്മെ വിജയപ്രാപ്തിക്ക് സഹായിക്കയുള്ളു.

ഇനി വിദ്യാലയങ്ങൾമുഖേന ഭാഷാപോഷണം അല്പമെങ്കിലും ഉണ്ടാകുന്നുണ്ടോ എന്നു നോക്കാം. ഇംഗ്ലീഷുവിദ്യാലയങ്ങളിൽ ഈ വിഷയത്തിലൊന്നുംതന്നെ നടക്കുന്നില്ലെന്നാണു തോന്നുന്നതു്. ഇവിടെ അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും പ്രായേണ മലയാളത്തോടു പ്രത്യങ്മുഖന്മാരായിട്ടാണു കാണപ്പെടുന്നതു്. അവരുടെ ശ്രദ്ധ മുഴുവനും മററു വിഷയങ്ങളിലേക്കു വിനിയോഗിക്കേണ്ടിയിരിക്കുന്നതിനാൽ വാസനയൊ മനസ്സൊ ഉണ്ടെങ്കിൽതന്നെയും ഒന്നുംചെയ്വാൻ സാധിക്കുകയില്ല. ചോദര

ങ്കിൽ അദ്ധ്യാപകന്മാർ മിക്കവരും അന്യഭാഷാപ്രണയികളും തന്മൂലം മലയാളത്തോട് അനുകമ്പ കുറഞ്ഞവരുമാണല്ലോ. അവിടെ മലയാളത്തിനുള്ള സ്ഥാനവും മിക്കവാറും ശൂന്യം തന്നെയാണ്. മുൻഷിമാരോ മററാ അങ്ങിനെയിരിക്കുമ്പോൾ ഒന്നു കടാക്ഷിച്ചു എന്നും വരാം. ഇവിടെയും സാഹിത്യസമാജങ്ങൾ ഉണ്ടായിരിക്കും. എന്നാൽ അവ ആംഗ്ലേയ ഭാഷയെ ഉദ്ദേശിച്ചു മാത്രം ഉള്ളവയുമാണ്. ഇനി നാട്ടുഭാഷാവിദ്യാലയങ്ങളിൽ നോക്കാം. ഇവിടെ ഭാഷാപ്രണയികളും ഭാഷാവിദഗ്ദ്ധന്മാരുമായ അദ്ധ്യാപകന്മാർ ധാരാളമുണ്ടാകും. അവരിൽ അപൂർവ്വം ചിലർ ഭാഷാസാഹിത്യവിഷയത്തിൽ പ്രയത്നിക്കുന്നവരുമുണ്ട്. എന്നാൽ ഇതു സമുദ്രത്തിൽ ജലബിന്ദുപോലെ വളരെ നിസ്സാരമാണ്. അവക്കു കൈകാര്യം ചെയ്യാനുള്ള ഭാഷാപുസ്തകങ്ങൾ ഭാഷാശുദ്ധിക്കും മററുംവേണ്ടി നിശ്ചയിച്ചിട്ടുള്ളവയല്ലാത്തതിനാൽ അവർ ഈ വിഷയത്തിൽ ബദ്ധഹസ്തന്മാരായിത്തന്നെയിരിക്കുന്നു. വർഗ്ഗീയപ്രാതിനിധ്യം, പാഠ്യപുസ്തകമെഴുതുന്നതിലും നിർബ്ബന്ധമായിരിക്കുന്നതുംകൊണ്ടു ഭാഷയുടെ പോക്കു പരക്കെ ആ വഴിക്കായിരിക്കുവാൻ എളുപ്പമുണ്ട്. എന്നാൽ പണ്ഡിതാഗ്രേസരനായ രാജരാജവർമ്മകോയിത്തമ്പുരാനവർകളുടെ ഭാഷാവിഷയമായ ഏതാനും ഉത്തമപുസ്തകങ്ങൾ അവയിൽ പ്രതിവർഷം പഠിപ്പിക്കാതിരിപ്പാൻ നിവൃത്തിയില്ലാത്തതിനാൽ ഈ വിദ്യാലയങ്ങളിൽ ഭാഷക്ക് അല്പമായ ഗുണമെങ്കിലും ലഭിക്കുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ വ്യാകരണം, സാഹിത്യസാഹ്യം, ഭാഷാഭൂഷണം, വൃത്തമഞ്ജരി, മണിദീപിക മുതലായ വിശിഷ്ടഗ്രന്ഥങ്ങൾ ശരിയായി കൈകാര്യം ചെയ്യുന്നതായാൽ ഭാഷയുടെ നിയമനം, സംസ്കരണം, പോഷണം ഇവക്ക് ഏററവും ഉപയുക്തങ്ങളായിത്തീരുമെന്നുള്ളതിനു സംശയമില്ല. അദ്ദേഹം വരച്ചുവരയെ അനുഗമിക്കുന്നതായാൽ ഭാഷാപഠനം നിശ്ചയമായും ഫലവത്തായി പരിണമിക്കുമെന്നുള്ളതു തീർച്ചയാണ്. ചുരുങ്ങിയ കാലത്തിൽ ഇദ്ദേഹത്തെപ്പോലെ ഭാഷയ്ക്കുവേണ്ടി പ്രയത്നിച്ചിട്ടുള്ളവർ കേരളത്തിൽ ആരുംതന്നെ ഉണ്ടെന്നു പറവാൻ തരമില്ല. കുറച്ചുകാലംകൂടി ജീവിച്ചിരുന്നു എങ്കിൽ ഭാഷയ്ക്കു അത്ഭുതപൂർവ്വമായ പദസമൃദ്ധി, സാഹിത്യസമ്പത്ത്, പുഷ്ടി, സൌഭാഗ്യം, ബഹുമതി മുതലായി അനവധി ഗുണങ്ങൾ സിദ്ധിക്കുമായിരുന്നു എന്നുള്ളതിനു തർക്കമില്ല. അദ്ദേഹം ഒരു കാലത്തു സവിശേഷം അലങ്കരിച്ചിരുന്നതും, പിന്നീടു വിധിവൈപരീത്യംനിമിത്തം ഒഴിഞ്ഞതുമായ മഹൽസ്ഥാനം ഇന്നും ശൂന്യമായിത്തന്നെ കിടക്കുന്നു. ഈ സ്ഥിതിയിൽ എത്രനാൾ കിടക്കേണ്ടിവരുമെന്നും ഇപ്പോൾ നിശ്ചയിക്കാൻ പാടില്ല. എന്നാൽ "അതീത കാര്യാനുശയന കിംസ്യാൽ."

---

# അമേരിക്കയിലെ വിദ്യാഭ്യാസം

(P. R.)

വിദ്യാഭ്യാസവിഷയത്തിൽ ഏത്രയും പരിഷ്കൃതമായ ഒരു നിലയിലെത്തിയിട്ടുള്ള അമേരിക്കയെപ്പോലുള്ള വിദേശരാജ്യങ്ങളിൽ സഞ്ചരിക്കുന്ന ഒരുവന് അവിടത്തെ വിദ്യാഭ്യാസരീതിയെപ്പററി പൂർണ്ണമായ ജ്ഞാനം സമ്പാദിക്കുവാൻ ക്ഷിപ്രസാദ്ധ്യമല്ലെങ്കിലും, ചില വിദ്യാഭ്യാസസ്ഥാപനങ്ങൾ സന്ദർശിക്കുന്നതായാൽ ഒരുവിധം സാമാന്യമായ പരിജ്ഞാനം ലഭിക്കുന്നതാണ്. അപ്രകാരം അമേരിക്കയിലെ ചില പ്രധാനവിദ്യാഭ്യാസകേന്ദ്രങ്ങൾ സന്ദർശിച്ചപ്പോൾ ഉണ്ടായിട്ടുള്ള ചില അഭിപ്രായങ്ങളെയാണ് ഈ ലേഖനത്തിൽ രേഖപ്പെടുത്തുന്നത്.

അമേരിക്ക സന്ദർശിക്കുന്ന ഒരുവൻെറ ശ്രദ്ധയെ ആദ്യമായി ആകർഷിക്കുന്നത് ജനങ്ങളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഐക്യനാടുകളിൽ കാണുന്ന സൌകര്യങ്ങളാണ്. വിദ്യാഭ്യാസത്തിനായി അവിടെ ചിലവാക്കുന്ന ഭീമമായ സംഖ്യ ആരേയും വിസ്മയിപ്പിക്കുന്നതാകുന്നു. അവിടത്തെ വിവിധഗവമ്മെൻറുകളും, രാജ്യങ്ങളും, ജനങ്ങളും വിദ്യാഭ്യാസത്തെ ആദ്ധ്യാത്മികമായ ഒരു കാര്യമായി പരിഗണിക്കുകയും, പണച്ചിലവിനെ വകവയ്ക്കാതെ പുരോഗതിയെ ലാക്കാക്കി മാത്രം പ്രവർത്തിക്കുകയും ചെയ്യുന്നു. ഭാവിജനപരമ്പരക്ക് ഏററവും ഉത്തമമായ വിദ്യാഭ്യാസം നൽകണമെന്ന് ആഗ്രഹിക്കുന്ന അവർ ദിവസേന വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസാവശ്യങ്ങളെ സസന്തോഷം നിവർത്തിച്ചുകൊടുക്കുന്നു. വിദ്യാഭ്യാസത്തിലുള്ള അമിതമായ വിശ്വാസം ലോകത്തിൻെറ വേറൊരു ഭാഗത്തും ഇതുപോലെ കാണുകയില്ല. വിശേഷിച്ച്, വിദ്യാസത്തിൻെറ കുഴത്തിൽ കുത്തിവെച്ചിരിക്കുന്ന നമ്മുടെ നാട്ടിൽ ഒരിക്കലും കാണുകയില്ല. നല്ല കെട്ടിടങ്ങൾ, പുസ്തകശാലകൾ, ശാസ്ത്രപയ്യവേക്ഷണശാലകൾ, കാഴ്ചബംഗ്ലാവുകൾ, ഉദ്യാനങ്ങൾ, മുതലായ ഉപകരണങ്ങളും, നല്ല പരിശീലനം സിദ്ധിച്ചിട്ടുള്ളവരും നല്ല ശമ്പളം വാങ്ങുന്നവരുമായ ഡയറക്ടർമാർ, പ്രാസംഗികന്മാർ, അദ്ധ്യാപകന്മാർ മുതലായവരും ഏതു വിദ്യാലയത്തിലും കാണാവുന്നതാണ്. ഇവ വിദ്യാഭ്യാസത്തോടുള്ള ഭക്തിയെ ദ്യോതിപ്പിക്കുകയല്ലേ ചെയ്യുന്നത്?.

ഒരു സന്ദർശകനെ ആകർഷിക്കുന്ന വേറൊരു സംഗതി വിദ്യാലയങ്ങളിലെ നല്ല അന്തരീക്ഷമാണ്. ഡയറക്ടർമാരും പ്രാസംഗികന്മാരും അദ്ധ്യാപകന്മാരും അവരുടെ സഹപ്രവത്തകന്മാരിലൊ, കുട്ടികളിലൊ, ഉരധികാരം ചുമത്തുകയൊ അഭിപ്രായങ്ങൾ കടത്തുകയൊ ചെയ്യുന്നില്ല. കുട്ടികൾക്കു വേണ്ട ഉപദേശം നൽകി സ്നേഹപുരസ്സരം അവരെ നയിക്കുക

യാണു ചെയ്യുന്നതു്. അധ്യാപകന്മാർക്കു് അവരുടെ ജോലിയോടുള്ള പ്രസക്തി, പഠിത്തത്തോടുള്ള വിദ്യാർത്ഥികളുടെ ഭാവത്തിലും വലിയ മാററം വരുത്തിയിട്ടുണ്ടു്. കുറച്ചുനാൾ മുമ്പുവരെ അധികാരപ്രമത്തരായ ചിലർ അവരെ പഠിപ്പിച്ചിരുന്നു എന്നായിരുന്നു അവരുടെ ബോധം. ഇപ്പോൾ പഠിത്തം സ്വന്തമനസ്സാലെ തന്നത്താൻ നടത്തുന്ന ഒന്നാണെന്നാണു് അവർ വിചാരിക്കുന്നതു്. അതുകൊണ്ടു വിദ്യാർത്ഥികൾ യാതൊരു പ്രതിബന്ധവുംകൂടാതെ സ്വയം പ്രകടനശക്തരായ ഒരു സ്ഥിതിയിലെത്തിയിട്ടുണ്ടു് എന്നു പറയാവുന്നതാണു്. ഈ പരിവർത്തനം വിദ്യാഭ്യാസാന്തരീക്ഷത്തെ സജീവമാക്കി തീർത്തിട്ടുണ്ടു്. പുസ്തകശാലയിലുള്ള പഠനം സ്വയംപഠനത്തെ വളരെ സഹായിക്കുകയും ചെറുപ്പകാലം മുതല്ക്കുതന്നെ കുട്ടികളിൽ സ്വയംസഹായബോധവും, സ്വാഭിമാനബോധവും പര്യവേക്ഷണശീലവും ഉണ്ടാക്കുകയും ചെയ്യുന്നു.

അധ്യാപകന്മാരുടെ പാണ്ഡിത്യമാണു് ഒരു സന്ദർശകന്റെ ശ്രദ്ധക്കു വിഷയീഭവിക്കുന്ന വേറൊരു സംഗതി. അതാതുകാലങ്ങളിൽ നടക്കുന്ന മിക്ക സംഗതികളെയും അവർ മനസ്സിലാക്കുന്നുണ്ടു്. അധ്യാപകന്മാർക്കെല്ലാം ആ തൊഴിലിൽതന്നെ സ്ഥിരമായിരിക്കുവാനാണു് ആഗ്രഹം. അതുകൊണ്ടു കുട്ടികളുടെ നായകന്മാരായിരിക്കുവാൻ ഇവർ സർവ്വഥാ അർഹരാകുന്നു. പാഠപുസ്തകങ്ങളോടുള്ള പഴയ ദാസ്യവൃത്തിയെ ഉപേക്ഷിക്കുന്നതിനും സങ്കുചിതപരിധികളെ ലംഘിച്ചുപോകുന്നതിനും പര്യാപ്തമായ ഒരു നിലയിൽ അവർ എത്തിയിട്ടുണ്ടു്. പാഠപുസ്തകരീതിയെയല്ല അവർ പിൻതുടരുന്നതു്. അവർ വേല ചെയ്തു്, സ്വന്തം രീതി നിശ്ചയിച്ചു്, അതിനെ അനുസരിക്കുകയാണു പതിവു്.

അധ്യാപകന്മാർ അവരുടെ ജോലിയെ ക്ലാസുമുറികളിൽമാത്രം നിഗ്രഹനംചെയ്യാതെ വായനശാല, ശാസ്ത്രപര്യവേക്ഷണശാല, കാഴ്ച്ചബംഗ്ലാവു്, ഉദ്യാനം മുതലായവയിലേക്കു വ്യാപരിപ്പിക്കുന്നതിൽ ഉത്സുകരായി കാണപ്പെടുന്നു. ഇതു വിദ്യാഭ്യാസത്തിനു യഥാർത്ഥമഹത്വം നല്കുന്നു.

അധ്യാപകന്മാർ കുട്ടികളെ വിഡ്ഢികളും ബുദ്ധിശൂന്യരുമാണെന്നു കരുതാതെ ന്യായബോധവും ബുദ്ധിശക്തിയുമുള്ളവരാണെന്നു വിചാരിക്കുന്നു. അവർ ക്ഷമയോടുകൂടി കുട്ടികളുടെ ചോദ്യങ്ങൾ കേൾക്കുകയും അവർക്കു തൃപ്തിയാകും വിധത്തിൽ ഉത്തരങ്ങൾ നല്കുകയും ചെയ്യുന്നു. വിദ്യാലയഭരണത്തിലും വിനോദങ്ങളിലും മററും അവരുടെ സഹകരണം ആവശ്യപ്പെടുന്നു. അവരുടെ അഭിപ്രായത്തെ അറിയുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

കുട്ടികളും ഈ പരിവർത്തനത്തോടു ഹാർദ്ദമായി അനുകൂലിക്കുന്നുണ്ടു്. സ്കൂൾകാര്യങ്ങളിൽ അവർ അധ്യാപകന്മാരുമായി ഹൃദയംഗമമായി സഹകരിക്കുകയും, നിയമനപരിപാലനത്തിൽ ശ്രദ്ധിക്കുകയും, വിദ്യാലയ

ത്തിന്റെ യശസ്സിനെ നിലനിൎത്തുന്നതിനു ശ്രമിക്കുകയും ഖ്യാതിയെ ആൎജ്ജിക്കുകയും ചെയ്യുന്നു. കുട്ടികളെ ഭരിക്കുന്ന വിഷമകൃത്യത്തിൽനിന്നും അദ്ധ്യാപകന്മാരെ മോചിപ്പിച്ച് അവർ തന്നത്താൻ ഭരണം തുടങ്ങിയിരിക്കുന്നു. വിദ്യാഭ്യാസസംബന്ധമായ കാൎയ്യങ്ങളിൽ അവരെ ഗുണദോഷിച്ചു ശരിയായ മാൎഗ്ഗങ്ങളിൽക്കൂടി നയിക്കുക മാത്രമാണ് അദ്ധ്യാപകന്മാരുടെ ജോലി. സാവധാനത്തിലാണെങ്കിലും നിശ്ചയമായും കുട്ടി അവന്റെ സ്ഥാനത്തെത്തുന്നുണ്ടെന്നും, അവന്റെ ധൎമ്മം അറിയുന്നുണ്ടെന്നും ആണു നാം ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്.

എന്നാൽ അമേരിക്കൻ വിദ്യാഭ്യാസത്തിൽ ഒന്നിന്റെ അഭാവം വലുതായിക്കാണുന്നുണ്ടു്. അതു് ആദ്ധ്യാത്മികാംശമാണ്. ഈ ആദ്ധ്യാത്മികാംശമാണ് കുട്ടികളിൽ വിശാലമായ അനുഭാവത്തെ ഉണ്ടാക്കുന്നതും, ആത്മാവിനെ ഉത്തമമാക്കിത്തീൎക്കുന്നതും മനസ്സംതൃപ്തിയേയും മനസ്സമാധാനത്തേയും പ്രദാനം ചെയ്യുന്നതും. രാജ്യത്തിന്റെ സാമ്പത്തികനിലയെ അഭിവൃദ്ധിപ്പെടുത്തുവാൻ സമൎത്ഥരായ അനവധി യുവാക്കന്മാരും യുവതികളും ഓരോ കൊല്ലവും അമേരിക്കയിലെ വിദ്യാലയങ്ങളിൽനിന്നും, സൎവ്വകലാശാലകളിൽനിന്നും പുറത്തുപോകുന്നുണ്ടു്. എന്നാൽ, ജനസമുദായത്തിൽ സമത്വം വൎദ്ധിപ്പിക്കുന്നതിനും, എല്ലാ വിദേശവൎഗ്ഗക്കാരേയും വിശാലമനസ്ഥിതിയോടുകൂടി മനുഷ്യകുടുംബത്തിലെ അംഗങ്ങളാണെന്നു തോന്നിപ്പിക്കുന്നതിനും അത്യാവശ്യമായ ആദ്ധ്യാത്മികബോധത്തോടുകൂടി പുറത്തുപോകുന്നവർ വളരെ വളരെ ചുരുക്കമെന്നുതന്നെ വേണം പറവാൻ. ഐക്യനാടുകളിലുള്ള നീഗ്രോ വൎഗ്ഗക്കാരോടും വെള്ളക്കാരല്ലാത്ത മററു വിദേശീയരോടും അയോഗ്യമായവിധത്തിൽ അമേരിക്കർ പെരുമാറുന്നതിന്റെ രഹസ്യവും അതിന്റെ അഭാവംതന്നെയാണ്.

## നിൎമ്മാണം

(തുടൎച്ച)

(കെ. ശങ്കരപ്പിള്ള ബി. എ.)

കൈരളിയുടെ സൗഭാഗ്യദശാവിശേഷംകൊണ്ടോ, ദുൎദശാപരിപാകംകൊണ്ടോ, ഇപ്പോൾ പ്രസിദ്ധീകരിച്ചുകാണുന്ന അനവധി ഭാഷാഗ്രന്ഥങ്ങളുടെ സാഹിത്യോദ്ദേശനിൎവ്വഹണത്തെപ്പററി ചിന്തിക്കുവാനുള്ള ഘട്ടവും ഇതുതന്നെയാണല്ലോ. യാതൊരു ലക്ഷ്യവുമില്ലാതെ, എഴുതുന്നവരാണ് ഇപ്പോഴത്തെ ഗ്രന്ഥകാരന്മാർ എന്നു പറഞ്ഞാൽ ഏറിയകൂറും അനൎത്ഥമായിത്തന്നെ ഇരിക്കും. മനോവൃത്തി എപ്രകാരമായാലും വേണ്ടില്ല, ആയതിൽ വിളയുന്ന വാക്യപ്പുളുങ്കുകളെ മുദ്രിതങ്ങളായിക്കാണുന്ന

തിൽ അളവററ പാരിതാത്ഥ്യം അടയുന്ന ഗ്രന്ഥകാരയശഃപ്രാത്ഥികൾ ഇപ്പോൾ ഒട്ടും കുറവല്ല. കായക്ലേശംകൂടാതെ പരിഷ്കൃതരീതിയിൽ ഉപജീവനം കഴിക്കുവാനുള്ള ഏകമാർഗ്ഗമായിട്ടു പത്രമോ മാസികയോ നടത്തിക്കൊള്ളുന്ന മാന്യന്മാരായ സാഹിത്യരസികന്മാരുടെ സംഖ്യയും തുച്ഛമല്ല. സാഹിത്യകീർത്തിമുദ്രകളെ വിതരണം ചെയ്തുകൊടുക്കുന്ന കൈരളീച്ചെങ്കോൽക്കാരെ പ്രതീക്ഷിക്കപ്പെടുത്തുവാൻ പ്രയത്നിച്ച ഗ്രന്ഥനിർമ്മാണത്താൽ പ്രസിദ്ധിനേടിയിട്ടുള്ളവരും നമ്മുടെ ഭാഗ്യവിശേഷത്താൽ ഇപ്പോൾ ധാരാളം ഉണ്ടു്. മാസികാഭാഗങ്ങളേയും, ഖണ്ഡകാവ്യങ്ങളുടെ പുറംകവലാസുകളേയും സ്വനാമാങ്കിതലിപികളാൽ അലങ്കരിച്ചുകണ്ടു കവിയശസ്സു നേടണമെന്നുദ്ദേശിക്കുന്ന ദുഷ്കവനശ്ലോകികളുടേയും ദ്രാവിഡഗായകന്മാന്യന്മാരുടേയും തോന്ന്യാസങ്ങളെപ്പററി നമുക്കു് അതിദയനീയമാംവണ്ണം അനുതപിക്കാതെ തരമില്ല. കഥയില്ലാക്കഥകളെഴുതി കേരളീയരെ കബളിപ്പിക്കുവാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന കപടന്മാരായ കാഥികന്മാരുടെ കഥയെഴുത്തിനെപ്പററി എന്താണു് കഥിപ്പാനുള്ളതു്? മഹാകവികളെന്നോ, നല്ല നിരൂപകന്മാരെന്നോ, പ്രസിദ്ധിനേടിക്കഴിഞ്ഞിരിക്കുന്ന സാഹിത്യകാരന്മാരുടെ ആശയങ്ങളെ എന്നുതന്നെയല്ല ചിലപ്പോൾ ഉൽഗീരണങ്ങളെത്തന്നേയും ഉടമസ്ഥന്മാരുടെ അറിവും സമ്മതവും കൂടാതെ അപഹരിച്ചും സ്വീയമായ സങ്കുചിതചിത്തവൃത്തിക്കനുസരണമാംവണ്ണം വല്ലാതെ പ്രാകൃതപ്പെടുത്തി സ്വന്തമാക്കി പ്രാദുർഭവിപ്പിച്ചും കാവ്യകൃത്തുകളായും നിരൂപകന്മാരായും അഭിമാനിക്കുന്ന കൂട്ടരും നമ്മുടെയിടയിൽ ദുല്ലഭമല്ല.

ഇനിമേൽ പ്രതിപാദ്യമായിട്ടുള്ളതു് ഗ്രന്ഥനിർമ്മാണത്തിന്റെ വിഭാഗങ്ങളെപ്പററിയാണു്. ഇപ്പോൾ നമ്മുടെ ഭാഷയിൽ പ്രചരിച്ചു കാണുന്ന തർജ്ജമകൾ, പരാവർത്തനങ്ങൾ, നിരൂപണങ്ങൾ, സ്വയംകരണങ്ങൾ, അനുകരണങ്ങൾ, പാഠപുസ്തകങ്ങൾ എന്നിവയെല്ലാം നിർമ്മാണത്തിന്റെ ഉൾപ്പിരിവുകളായി ഗണിക്കപ്പെടേണ്ടവയാണു്. അനുപദമായുള്ള ഭാഷാന്തരീകരണത്തിനു തർജ്ജമ എന്ന പേർ യോജിക്കുന്നു. വസ്തുതത്വപ്രഗത്ഭങ്ങളായ ശാസ്ത്രഗ്രന്ഥങ്ങൾക്കും, നാട്യരസസമ്പൂർണ്ണങ്ങളായ നാടകങ്ങൾക്കും പരിമിതവ്യാപ്തിയോടുകൂടി ഇതരഭാഷാകാവ്യങ്ങൾക്കും അനുപദതർജ്ജമ യോജിക്കാതെവരില്ല എന്നാണു് എന്റെ അഭിപ്രായം. കാളിദാസന്റേയും, ഭാസന്റേയും സംസ്കൃതനാടകങ്ങളെ ആധുനികരീതിക്കു് മാററിമറിച്ചു നവീനരീതിയിലുള്ള ഭാഷാനാടകമായി പരാവർത്തനം ചെയ്തിരുന്നുവെങ്കിൽ ഇവയുടെ അനുപദതർജ്ജമകളായി ഇപ്പോൾ പ്രചരിക്കുന്ന ഭാഷശാകുന്തളം, പഞ്ചരാത്രം, ഊരുഭംഗം മുതലായ നാടകങ്ങൾക്കുള്ള സ്വാരസ്യം നിശ്ചയമായിട്ടും സിദ്ധിക്കയില്ലായിരുന്നു. മേഘസന്ദേശത്തെപ്പോലെയുള്ള ലഘുകാവ്യങ്ങൾക്കും തർജ്ജമതന്നെയാണു

ചിതം. രണ്ടാമത്തെ വിഭാഗമായ പരാവർത്തനത്താൽ ഞാനുദ്ദേശിക്കുന്നതു് ഇതരഭാഷാഗ്രന്ഥങ്ങളിലെ ആശയഗതികളെ മാത്രം സ്വീകരിച്ച് ഇഷ്ടംപോലെ നവീകരിച്ചിട്ടുള്ള നിർമ്മാണത്തെയാണ്. ഇംഗ്ലീഷ് നോവലുകളെ അപ്രകാരം പരാവർത്തനം ചെയ്യുകയാണ് എപ്പോഴും യോഗ്യമായിട്ടുള്ളതു്. അല്ലാതെ ഇവിടെ അനുപദതർജ്ജമകൾ അപകടമായി പരിണമിക്കാനെ തരമുള്ളൂ. വായനക്കാരായ കേരളീയരിൽ തന്മയത്വം ഉളവാക്കാൻ ഉതകുന്ന മാററങ്ങൾ ആശാസ്യമെന്നത്രെ എൻെറ മതം. മൂലഗ്രന്ഥത്തിലെ പേരുകളേയും രാഷ്ട്രീയനിലകളേയും, സമുദായനടപടികളേയും വാചകരീതിയേയും അതേവിധം, പരാവർത്തിതഗ്രന്ഥത്തിലും കാണിക്കുന്നുവെങ്കിൽ മാത്രമെ ആർജ്ജവപ്രകൃതിക്കു യോജിക്കുകയുള്ളൂ എന്നു് ഒരു പക്ഷക്കാർ ഗദ്യനിരൂപകന്മാരുടെ ഇടയിൽ ഉണ്ടെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. പക്ഷെ കേരളീയരുടെ ആസ്വാദനം ഉദ്ദേശിച്ച് കൃതികൾ രചിക്കുന്ന ഒരുവന്നു് ആ ഉദ്ദേശസിദ്ധിക്കു് യോജിച്ച കൃത്രിമം—അഥവാ അതു കൃത്രിമമാണെങ്കിൽതന്നെയും—കലാപ്രയോഗത്തിൽ സദാ അന്തർല്ലീനമായുള്ള ചാതുര്യമായിട്ടേ ഗണിക്കേണ്ടതുള്ളൂ. ദൃഷ്ടാന്തമായി ഇംഗ്ലീഷുനോവലുകളിൽ കാണുന്നപ്രകാരമുള്ള സാമുദായികസമ്മേളനങ്ങളേയോ, മതാനുഷ്ഠാനകർമ്മങ്ങളേയോ, തീൻവിവരങ്ങളേയോ, ദുർഘടനാമധേയങ്ങളേയോ, പുരസ്കരിച്ചുള്ള മലയാളനോവലുകൾക്കാണു് ഇവയെയെല്ലാം കൂലങ്കഷമായി വിശദീകരിക്കുന്ന പ്രത്യേക നിരൂപണാകൃതിയിലുള്ള മുഖവുരത്തകൃതികൾ വേണ്ടിവരുന്നതു്. കേരളീയക്കു് സാധാരണ പരിചയമുള്ള സ്ഥിതികളെ സാക്ഷാൽക്കരിച്ച്, അവയിൽക്കൂടി മൂലകൃതികളിലെ ആശയപൗഷ്കല്യത്തെ പ്രത്യക്ഷപ്പെടുത്തുകയാണു് പരാവർത്തകൻെറ പ്രത്യേകലക്ഷ്യം. മൂന്നാമതായി അനുകരണമെന്ന പദത്താൽ ഞാൻ അർത്ഥമാക്കുന്നതു് ഇതരഭാഷാഗ്രന്ഥങ്ങളിലെ പ്രതിപാദ്യരീതിയെ സ്വീകരിച്ചിട്ടുള്ള ഒരുതരം നിർമ്മാണമാകുന്നു. അനുകരണത്തിൽ മൂലഗ്രന്ഥത്തിലുള്ള ഇതിവൃത്തത്തെ സ്വീകരിച്ചേ തീരുവെന്നില്ല. ആംഗ്ലേയകവിയായ "ഷെല്ലി"യുടെ മേഘത്തെപ്പററിയുള്ള ഖണ്ഡകാവ്യത്തെ അനുകരിച്ച് ഇപ്പോൾ മലയാളഭാഷയിലും ചില കവിതകൾ കാണുന്നതു് പ്രോത്സാഹനീയമായ പ്രസ്ഥാനമാണു്. ഇതുപോലെ അനുകരണയോഗ്യങ്ങളായ കവിതാരീതികൾ, ഇംഗ്ലീഷിലും, മററു പരിഷ്കൃതഭാഷകളിലും ഉണ്ടെന്നുള്ളതു് കാവ്യകൃത്തുകൾ അറിഞ്ഞിരിക്കേണ്ട ഒരു സംഗതിയാണു്. ഇതൊന്നുമില്ലാതെ, തനിയെതന്നെ ഇതിവൃത്തങ്ങൾ നിർമ്മിച്ച് കല്പനാശക്തിയാൽ പുതിയ പ്രഭാഷണരീതികൾ കണ്ടുപിടിച്ചു രചിക്കപ്പെടുന്ന കൃതികൾക്കാണു് സ്വയംകരണങ്ങൾ എന്ന അഭിധാനം ചെയ്യുന്നതു്. ഇതു് സാക്ഷാൽ കല്പനാശക്തിയുടെ ശരിയായ വിനിയോഗംകൊണ്ടേ സാധിക്കയുള്ളൂ. ഒരു യഥാർത്ഥഗ്രന്ഥനിർമ്മാതാവിൻെറ സാമർത്ഥ്യത്തെ ഉരച്ചുകാ

ട്ടുന്ന ശാണോപലസ്ഥാനമാണ് ഇത്തരം കൃതികൾക്കുള്ളതു്. "വാളെടുത്തവരെല്ലാം വെളിച്ചപ്പാടെന്ന" മട്ടിൽ നിരൂപണത്തിനു "അരയും തലയുംമുറുക്കി" സാഹിത്യരംഗത്തിൽ ചാടിവീണ് ചെപ്പടിയും ടസ്ഡിപ്പും കാട്ടിക്കൂട്ടുന്ന സാഹിത്യകോമരങ്ങളെക്കൊണ്ടു രസിച്ചും, മുഷിഞ്ഞും ഇരിക്കുന്ന നമുക്ക് നിരൂപണത്തെപ്പററി വിശേഷിച്ച് നിർവ്വഹിക്കേണ്ടതാവശ്യമില്ല. സാഹിത്യപോഷണത്തിനു നിരൂപണം എപ്പോഴും അത്യാവശ്യമാണെന്നാണ് എൻെറ പക്ഷം. പക്ഷേ നിരൂപണരീതി എവ്വിധമായിരിക്കണമെന്നുള്ളതിനെപ്പററി അഭിവന്ദ്യാചാര്യനായ രാജരാജവർമ്മ തിരുമനസ്സിലെ സാഹിത്യസാഹ്യം നോക്കി അറിഞ്ഞുകൊള്ളട്ടെയെന്നല്ലാതെ മറെറാന്നും തദ്വിഷയകമായി പറയണമെന്ന് ഇപ്പോൾ വിചാരിക്കുന്നില്ല.

ഏതുതരത്തിലുള്ള നിർമ്മാണമായാലും ആയതിലെ ഭാഷാശുദ്ധിയെപ്പററി പ്രത്യേകം ശ്രദ്ധിക്കേണ്ടതു ഭാഷാപ്രണയികളുടെ മുഖ്യകൃത്യമാകുന്നു. ഇപ്പോൾ തെളിഞ്ഞുവരുന്ന ആംഗ്ലേയഭാഷാഭിജ്ഞന്മാരായ മലയാളഗ്രന്ഥകർത്തുകളിൽ കണ്ടുവരുന്ന പ്രധാന ദോഷം ഇംഗ്ലീഷ്‌ശൈലി മലയാളത്തിൽ സ്വീകരിച്ച് ആകപ്പാടെ ക്ലിഷ്ടമാക്കിത്തീർക്കുകയെന്നുള്ളതാകുന്നു. ഈ ഒരു സമ്പ്രദായം വർജ്ജിച്ചില്ലെങ്കിൽ ആയതു സ്വഭാഷക്കു ക്രമേണ ദോഷകരവും തന്മൂലം നമ്മുടെ ഭാഷാഭിമാനബുദ്ധിക്കു ഹാനികരവുമാകുന്നു. വിഖ്യാതി സമ്പാദിച്ചുകഴിഞ്ഞിരിക്കുന്ന ചില കേരളപണ്ഡിതന്മാരോട് എനിക്ക് ഈ സന്ദർഭത്തിൽ ഒരപേക്ഷയുണ്ട്. സാഹിത്യോദ്യമസന്ദർഭങ്ങളിലെല്ലാം മനസ്സിരുത്തി അവധാനപൂർവ്വം കൃതികൾ നിർമ്മിക്കയെന്നുള്ളതു് അതിപാവനമായ ഒരു സുദൃഢവ്രതമായിത്തന്നെ കരുതുമെങ്കിൽ കൈരളീയോഷയുടെ സമ്പൂർണ്ണസവർണ്ണഘട്ടം അചിരേണ സമാഗതമായിരിക്കുമെന്നുള്ളതിനു പക്ഷാന്തരമില്ല. മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ പ്രദേശങ്ങളിലെ മാതൃഭാഷയായ കൈരളീദേവിയുടെ പുനരുന്നമനത്തിനുവേണ്ടി, ഏകോദരസഹോദരത്വത്തോടെ നിഷ്കളങ്കമായ ഭക്ത്യാദരസമന്വിതം അവിശ്രമപരിശ്രമം ചെയ്തുവരുന്ന സമസ്തകേരളസാഹിത്യപരിഷത് പ്രവർത്തകന്മാർക്ക്, അടിക്കടി അഭൂതപൂർവ്വമായ, മംഗളഘനാഘനസംവർഷണം ഉണ്ടാവട്ടെയെന്നുള്ള ഹാർദ്ദമായ ആശംസയോടുകൂടി, എൻെറ ഈ ജല്പനങ്ങളെ മാതൃഭാഷാഭക്തസ്തവങ്ങളായി സമർപ്പിച്ചുകൊള്ളുന്നു.

# അത്യുഷ്ണോല്പാദനവും ഉഷ്ണമാപിനികളും.

(പി. എൻ. കുമാരൻനായർ ബി. എ.)

മററനേകവ്യത്യാസങ്ങൾക്കുപുറമെ അത്യുഷ്ണത്തെ ഉണ്ടാക്കി വിനിയോഗിക്കുന്നതിനുള്ള സാമർത്ഥ്യത്താൽ പുരാതനകാലം മുതല്ക്കേ മനുഷ്യൻ ഇതരജന്തുക്കളിൽനിന്നു വിഭിന്നമായ ശ്രേഷ്ഠപദം പ്രാപിച്ചിരുന്നു. അഗ്നിയുപയോഗിച്ചു ഭക്ഷണസാധനങ്ങൾ പാകപ്പെടുത്തുന്നതിനും, ഖനികളിൽനിന്നും ലോഹങ്ങൾ ഉരുക്കി ശുദ്ധീകരിക്കുന്നതിനും, രണ്ടോ അതിലധികമോ ലോഹങ്ങളെ സമാസയോഗത്താൽ സംഹൃതമാക്കി മിശ്രലോഹമുണ്ടാക്കുന്നതിനും മനുഷ്യൻ ആദികാലംമുതല്ക്കേ സമർത്ഥനായിരുന്നു.

വസ്തുക്കൾ തമ്മിലുള്ള സംഘട്ടനത്തിൽനിന്നു് അഗ്നിയെപ്പററി ആദിമനുഷ്യൻ അറിഞ്ഞു എന്നാണു ശാസ്ത്രജ്ഞന്മാരുടെ മതം. വനവാസിയായ മനുഷ്യൻ വിനോദാർത്ഥമായി ഒരു കല്ലെടുത്തു് ഒരു മൃഗത്തിനെ ലക്ഷ്യമാക്കി എറിഞ്ഞിരിക്കാം. എന്നാൽ ലക്ഷ്യംതെററി കല്ലു് ഒരു പാറയിൽ ചെന്നടിക്കുകയും, സംഘട്ടനഫലമായി അഗ്നിജ്വലനമുണ്ടാകുകയും ചെയ്യുന്നതു സംഭാവ്യമാണല്ലോ. ജിജ്ഞാസുവായ വനചരൻ ഈ വിദ്യ കൂടക്കൂടെ പരീക്ഷിച്ചിരിക്കാം. ഇപ്രകാരമാണു് അഗ്നിയെപ്പററി ആദിമനുഷ്യൻ അറിഞ്ഞതു് എന്നനുമാനിക്കുന്നതിൽ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല.

പ്രാചീനന്മാർ അധികമായ ചൂടിന്റെ ഉപയോഗം അറിഞ്ഞിരുന്നിരിക്കാം. പക്ഷെ, അർവ്വാചീനകാലങ്ങളിൽ രസതന്ത്രശാസ്ത്രജ്ഞന്മാരുടെ നിരന്തരപര്യവേക്ഷണഫലമായി അറിയപ്പെട്ടിട്ടുള്ളതും ലോകത്തിലെ പ്രധാനപ്പെട്ട തൊഴിൽശാലകളിലുപയോഗിച്ചുവരുന്നതുമായ അത്യുഷ്ണത്തിന്റെ ഉല്പാദനവും വിനിയോഗവും അവർക്കു സുപരിചിതങ്ങളാകാൻ ഇടയില്ല. നരകത്തിലുള്ള ഗന്ധകാഗ്നിയെ അതിദുസ്സഹമായി പുരാണങ്ങളിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, അബ്ജനകവും, അമ്ലജനകവുംകൂടി കലർത്തി ഉണ്ടാക്കുന്ന മിശ്രവായു കത്തുമ്പോൾ ഉള്ള ചൂടിനെ അപേക്ഷിച്ചു ഗന്ധകാഗ്നിയുടെ ചൂടു തുലോം നിസ്സാരമത്രെ.

ശാസ്ത്രപരിശീലനം സിദ്ധിച്ചിട്ടില്ലാത്ത സാമാന്യജനങ്ങൾക്കു വിവിധരീതിയിലുള്ള അത്യുഷ്ണോല്പാദനത്തെപ്പററി അറിയുന്നതു രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. അത്യുഷ്ണോല്പാദനത്തിനു് ഇപ്പോൾ പ്രധാനമായി രണ്ടു മാർഗ്ഗങ്ങൾ ഉണ്ടു്. ഇവയിൽ ഒന്നു രാസയോഗജന്യമായ ചൂടാകുന്നു. വിറകു കത്തുമ്പോൾ ഉണ്ടാകുന്ന ചൂടു് ഈ ഇനത്തിൽ പെട്ടതാണു്. അത്യുഷ്ണോല്പാദനത്തിനുപയോഗിക്കുന്ന ദ്വിതീയമാർഗ്ഗം വിദ്യുച്ഛക്തിയാകുന്നു.

തീ കത്തിച്ചു ചൂടുണ്ടാക്കുന്ന വസ്തുക്കളെ വിറകു് എന്ന സാങ്കേതികപദംകൊണ്ടു നിർവ്വചിക്കുന്നു. അതു ഘനദ്രവ്യമോ, ദ്രാവകമോ, വാതക

മോ ആയിരിയ്ക്കാം. ഇവയിൽ ആദ്യത്തെ രണ്ടിനവും അനേകകാലമായി ഉപയോഗത്തിൽ ഇരിയ്ക്കുന്നവയാണു്. വാതകം കത്തിച്ച് അഗ്നിയുണ്ടാക്കുന്നതു് ഏററവും നവീനമായ സമ്പ്രദായമാണു്. ചൂടിൻെറ പരിമാണം വിറകിൻെറ സ്വഭാവത്തെ അനുസരിച്ചിരിയ്ക്കും. കുറെ കല്ക്കരി കത്തിച്ചു ഭസ്മമാക്കുമ്പോൾ ലഭിയ്ക്കുന്ന ചൂടു്, അത്രയും തൂക്കം മരമൊ, എണ്ണയൊ, വാതകമൊ കത്തുമ്പോൾ ഉണ്ടാകുന്ന ചൂടിനേക്കാൾ കുറവായിരിയ്ക്കും. ഉഷ്ണപരിമാണം തീ കത്തുന്ന വേഗതയേയും അനുസരിച്ചിരിയ്ക്കുന്നു. വസ്തുക്കൾ കത്തുന്ന വേഗമനുസരിച്ചു ചൂടു കൂടിയിരിയ്ക്കും. കുറെ വിറകു കത്തിച്ചു കിട്ടാവുന്നിടത്തോളം ചൂടു ലഭിയ്ക്കുന്നതിനു് അതു മുഴുവൻ കത്തിത്തീരുകയും, മററു വസ്തുക്കളിലേയ്ക്കു ചൂടു പകൎന്നുപോകാതെ സൂക്ഷിക്കുകയും വേണം. വേഗത്തിൽ ഉഷ്ണം സ്വീകരിയ്ക്കുന്ന വസ്തുക്കൾ എളുപ്പത്തിൽ ചൂടുപിടിയ്ക്കുന്നു. ഈ തത്വങ്ങളെ ആസ്പദമാക്കി ചൂടിൻെറ നഷ്ടത്തെ തീരെ കുറയ്ക്കുന്നതിനുപയുക്തമായ രീതിയിലാണു നവീനതൊഴിൽശാലകളിൻ ഉലകൾ നിൎമ്മിക്കപ്പെട്ടിട്ടുള്ളതു്. വിറകുസംഭരണത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും, കത്തുന്നതിനു വേണ്ടതിൽ കൂടുതൽ വായു ഉപയോഗിക്കുകയും ചെയ്യുന്നതുകൊണ്ടു തൊഴിൽശാലകളിൽ അത്യുഷ്ണോല്പാദനം നഷ്ടരഹിതമായി നടത്തപ്പെടുന്നു. അഗ്നി വൎദ്ധിക്കുമ്പോൾ ചിമ്മിനികളിൽകൂടി നിൎഗ്ഗമിയ്ക്കുന്ന വാതകത്തെ നഷ്ടപ്പെടുത്താതെ ഉഷ്ണോല്പാദനത്തിനായി വിനിയോഗിക്കുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്.

ഇപ്പോൾ മിക്ക തൊഴിൽശാലകളിലും ദ്രാവകങ്ങളും വാതകങ്ങളും വിറകായി ഉപയോഗിച്ചുവരുന്നു. ഇവ വളരെ വേഗത്തിൽ പൂൎണ്ണമായി കത്തി തീരുന്നതിനാൽ സമൃദ്ധമായ ചൂടു ലഭിയ്ക്കുന്നു. വായു സംഘാതത്താൽ ചെറുതുള്ളികളാക്കപ്പെട്ടതിനുശേഷമാണു ദ്രാവകങ്ങളെ വിറകായി ഉപയോഗിക്കുന്നതു്. സ്വല്പം ചിലവു കൂടുതലാണെങ്കിലും വാതകം കത്തിച്ചു് അഗ്നിയുണ്ടാക്കുന്നതു സ്വച്ഛവും ശ്രമരഹിതവുമാണു്.

ഉഷ്ണോല്പാദനത്തിനായി ഉപയോഗിക്കുന്ന വാതകങ്ങളിൽ പ്രാധാന്യമൎഹിയ്ക്കുന്നതു് അബ്ജനകവാതകമാകുന്നു. ഇതു വായുവിൽ അധികമായ ചൂടോടുകൂടി കത്തുന്നു. എന്നാൽ അബ്ജനകം അമ്ലജനകവാതകത്തിൽ കത്തുമ്പോൾ ഉണ്ടാകുന്ന ചൂടു വായുവിൽ കത്തുമ്പോൾ ഉണ്ടാകുന്ന ചൂടിനെ അപേക്ഷിച്ചു വളരെ കൂടുതലാണു്. പ്രസ്തുത വാതകങ്ങൾ ഒരു ചെറുകുഴലിൽകൂടി പ്രയാണം ചെയ്യിച്ചു പുറത്തേയ്ക്കു പുറപ്പെടുന്ന മിശ്രവാതകം കത്തിയ്ക്കുമ്പോൾ ഉണ്ടാകുന്ന ദീപനാളത്തെ ഇരുമ്പു്, പ്ലാററിനം മുതലായി എളുപ്പത്തിൽ ഉരുക്കുവാൻ വിഷമമായ ലോഹങ്ങൾ ഉരുക്കുന്നതിനുപയോഗിയ്ക്കുന്നു. ഉരുക്കുപലകകളെ ഖണ്ഡിയ്ക്കുന്നതിനും അവയുടെ അററം മാൎദ്ദവപ്പെടുത്തുന്നതിനും ഈ ദീപനാളത്തെയാണു വമ്പിച്ച തൊഴിൽശാലകളിൽ ഉപയോഗിയ്ക്കുന്നതു്. ജാംഷഡ്പൂരിലുള്ള

ടാററാ ഇരിമ്പുകമ്പനിയിൽ അതിഘനമുള്ള ഭീമാകാരമായ ഉരുക്കുപലകകളെ ഈ ദീപനാളത്തിൻെറ സഹായത്താൽ നിഷ്പ്രയാസം ഖണ്ഡിയ്ക്കുന്ന കാഴ്ച കാണേണ്ടതുതന്നെയാണ്. ഇരിമ്പുകപ്പലുകളുടെ ജലനിമഗ്നമായ ഭാഗത്തുണ്ടാകുന്ന അററകുററങ്ങൾ തീക്കുന്നതും ഈ ദീപനാളത്തിൻെറ സഹായംകൊണ്ടാണ്.

വൈദ്യുതപ്രവാഹത്തിനു വിഷമമുള്ള വല്ല വസ്തുവിൽക്കൂടി വിദ്യുച്ഛക്തി പ്രവഹിപ്പിക്കുമ്പോൾ അത്യുഷ്ണമുണ്ടാകുമെന്നുള്ളതു ചിരപരിചിതമായ ഒരു തത്വമാകുന്നു. വൈദ്യുതശക്തി ഉപയോഗിച്ചുണ്ടാക്കപ്പെട്ടിട്ടുള്ള തീച്ചൂളകളിൽ ഈ തത്വത്തെ അംഗീകരിച്ചിരിയ്ക്കുന്നു. വൈദ്യുതപ്രവാഹത്തിനു വിഷമമുള്ളതും, ആവശ്യനിർവഹണത്തിനുചിതവും ആയ ഒരു വസ്തു ചൂടുപിടിപ്പിയ്ക്കേണ്ട വസ്തുക്കളുടെ അന്തർഭാഗത്തായി സംസ്ഥാപിച്ച് അതിൽക്കൂടി വിദ്യുച്ഛക്തി വ്യാപരിപ്പിയ്ക്കുമ്പോൾ സഞ്ജാതമാകുന്ന അത്യുഷ്ണം ചുററുമുള്ള വസ്തുക്കളെ ചൂടുപിടിപ്പിയ്ക്കുകയോ, ദ്രവിപ്പിയ്ക്കുകയോ ചെയ്യുന്നു. നിർദ്ദിഷ്ടവസ്തുവിൽക്കൂടി വൈദ്യുതപ്രവാഹം ലഘുസാദ്ധ്യമല്ലെങ്കിൽ അതു ചൂടുപിടിപ്പിയ്ക്കുന്നതിനോ, ദ്രവിപ്പിയ്ക്കുന്നതിനോ സമ്മർദ്ദത്തോടുകൂടിയ വിദ്യുച്ഛക്തി അതിൽക്കൂടി വ്യാപരിപ്പിച്ചാൽ മതിയാകുന്നതാണ്.

മററുവിധത്തിൽ അത്യുഷ്ണത്തെ ഉല്പാദിപ്പിക്കുന്നതു വൈദ്യുതകമാനം (Electric arc) നിർമ്മാണംകൊണ്ടാണ്. കരിപ്പുള്ളുകളും വായുവിനാൽ വേർപെട്ടിരിയ്ക്കുന്ന ഒരു വൈദ്യുതവാഹിനിയിൽക്കൂടി സമ്മർദ്ദത്തോടുകൂടിയ വൈദ്യുതപ്രവാഹത്തെ അയയ്ക്കുമ്പോൾ വേർപെട്ടിരിയ്ക്കുന്ന അററങ്ങൾക്കിടയിൽ തുടച്ചയായി ഉൽഭവിയ്ക്കുന്ന ദീപസ്ഫുലിംഗങ്ങളാണു വൈദ്യുതകമാനമെന്നറിയപ്പെടുന്നതു്. ഒരു ശക്തിയുള്ള കാന്തത്തിൻെറ സഹായത്താൽ ഈ വൈദ്യുതകമാനത്തെ ഒരു മഹത്തായ ജ്യോതിസ്സാക്കുവാൻ കഴിയുന്നതാണ്. പ്രകൃതിവിജ്ഞാനീയശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുള്ളതിൽ ഏററവും ചൂടേറുന്നവസ്തു വൈദ്യുതകമാനം തന്നെയാണ്.

വസ്തുക്കളുടെ ചൂടിൻെറ പരിമാണത്തെക്കുറിച്ച് ഒരു ഏകദേശജ്ഞാനമുണ്ടാകുന്നതിനു താഴെ കാണിക്കുന്ന പട്ടിക പര്യാപ്തമാകുമെന്നു വിശ്വസിയ്ക്കുന്നു.

| വസ്തുക്കൾ | ചൂടിൻെറ അളവ് |
|---|---|
| മഞ്ഞുകട്ട | 0°C |
| തിളയ്ക്കുന്ന വെള്ളം | 100 ,, |
| പഴുത്ത ഇരുമ്പു | 700 ,, |
| ഉരുകുന്ന ഇരുമ്പു് | 1500 ,, |
| ഉരുകുന്ന പ്ലാററിനം | 1764 ,, |
| അബ്ജനകം മൂജനകം മിശ്രവായു കത്തുന്ന ചൂട് | 2800 ,, |
| വൈദ്യുതകമാനം | 3600 ,, |

സാമാന്യജനങ്ങൾ ധരിച്ചിട്ടുള്ള ചൂടിന്റെ പരമാവധി പഴുത്ത ഇരുമ്പിന്റെ ചൂടായിരിയ്ക്കും. അവക്കു മേൽ കാണിച്ചിട്ടുള്ള ചൂടിന്റെ പരിമാണം അത്ഭുതകരമായി തോന്നിയേക്കാം. ഇപ്രകാരമുള്ള അത്യുഷ്ണത്തെ അളക്കുന്നതു് എങ്ങിനെയാണെന്നറിവാൻ വായനക്കാർ ആഗ്രഹിയ്ക്കുമെന്നു വിശ്വാസമുള്ളതുകൊണ്ടു് അതിനെപ്പററി ചുരുക്കത്തിൽ പ്രതിപാദിയ്ക്കാൻ ശ്രമിക്കാം.

ചൂടു പിടിക്കുമ്പോൾ വസ്തുക്കൾ വികസിക്കുമെന്നുള്ള തത്വം സർവ്വവിദിതമാണല്ലോ. ലോഹങ്ങൾ ചൂടനുസരിച്ചു ക്രമപ്രവൃദ്ധമായ വികാസം പ്രാപിക്കുന്നു. അതുകൊണ്ടു് അവയുടെ വികാസത്തെ അളക്കുവാൻ കഴിഞ്ഞാൽ അവയുടെ ചൂടും അറിയാൻ സാധിക്കുമെന്നു സിദ്ധിക്കുന്നു. ഈ തത്വത്തെ ആസ്പദമാക്കി നിർമ്മിയ്ക്കപ്പെട്ടിട്ടുള്ള ഉഷ്ണമാപിനികൾ പല തരത്തിലുണ്ടു്. ജലോഷ്ണമാപിനികൾ, വായ്വുഷ്ണമാപിനികൾ, രസോഷ്ണമാപിനികൾ മുതലായവ ഇതിനുദാഹരണങ്ങളാകുന്നു. വികാസത്തെ അളക്കുന്നതിനുപയുക്തമായ വിധത്തിൽ ഒരു ഘനദ്രവ്യമോ, ദ്രാവകമോ, വാതകമോ സൂക്ഷിച്ചിട്ടുള്ള ഉപകരണത്തോടുകൂടി ചൂടറിയേണ്ട വസ്തു ചേർത്തുവെച്ചു് ഈ വസ്തുക്കൾക്കു സമമായ ചൂടാകുന്നതുവരെ കാത്തിരിയ്ക്കുക. ഉഷ്ണമാപിനിയിൽ സൂക്ഷിച്ചിട്ടുള്ള വസ്തുവിന്റെ വികാരത്താൽ ചൂടറിയാവുന്നതിനാൽ നിർദ്ദിഷ്ടവസ്തുവിന്റെ ചൂടും ഗ്രഹിയ്ക്കാവുന്നതാണു്. കണ്ണാടിക്കുഴലിൽ രസം നിറച്ചിട്ടുള്ള ഉഷ്ണമാപിനികൾ ഈ തത്വത്തെ ആസ്പദമാക്കി നിർമ്മിച്ചിട്ടുള്ളവയാണു്. രസോഷ്ണമാപിനിയാൽ അളക്കാവുന്ന ചൂടിന്റെ പരമാവധി 360 ഡിഗ്രിമാത്രമാണു്. ഇതിൽ കൂടുതൽ ചൂടുണ്ടായാൽ രസം തിളച്ചു വാതകമായി പരിണമിക്കുന്നു. വികാസത്തെ ആശ്രയിച്ചു ചൂടിന്റെ ആധിക്യം അളക്കുന്ന മററുഷ്ണമാപിനിയന്ത്രങ്ങൾ 600 ഡിഗ്രിവരെ ചൂടറിയുന്നതിനുമാത്രമേ ഉപയോഗിക്കാവുള്ളു. ഇതിൽകൂടിയ ചൂടളക്കുന്നതു വൈദ്യുതോഷ്ണമാപിനികളുടെ സഹായത്താലാണു്.

വൈദ്യുതോഷ്ണമാപിനികൾ രണ്ടു വിധത്തിലുണ്ടു്. ഒരു ജാതിയിൽ ഒരു പ്ലാററിനം കമ്പിയുടെ ഒരററം ചൂടളക്കേണ്ട വസ്തുവിൽ ഘടിപ്പിച്ചു മറെറ അററത്തുകൂടി വൈദ്യുതപ്രവാഹത്തെ അയയ്ക്കുന്നു. ഈ സ്ഥിതിയിൽ കമ്പി വൈദ്യുതപ്രവാഹത്തെ പ്രതിരോധിക്കുന്നു. പ്രതിരോധത്തിന്റെ പരിമാണത്തെ അളക്കുന്നതിനായി ഘടിപ്പിച്ചിട്ടുള്ള യന്ത്രത്തിൽനിന്നു വൈദ്യുതപ്രതിരോധകശക്തിയെ അറിയാവുന്നതാണു്. ചൂടിന്റെ ഏററക്കുറവനുസരിച്ചു് ഒരു പ്രത്യേകരീതിയിൽ വൈദ്യുതപ്രതിരോധകശക്തി പ്രത്യക്ഷപ്പെടുന്നുണ്ടെന്നുള്ളതു പരീക്ഷണംകൊണ്ടറിഞ്ഞിട്ടുള്ള തത്വമാണു്. അതിനാൽ പ്രതിരോധകശക്തിയെ അറിഞ്ഞാൽ ചൂടിന്റെ പരിമാണത്തെ ഗണിയ്ക്കാമെന്നുള്ളതു പ്രത്യക്ഷമല്ലയോ? ഇ

പ്രകാരമുള്ള ഉഷ്ണമാപിനികൾ പ്രയോഗലാഘവത്തിനുവേണ്ടി പ്രതിരോധകശക്തി കുറിയ്ക്കുന്നതിനുപകരം ഉഷ്ണപരിമാണത്തെ കുറിയ്ക്കുന്നവയായി നിർമ്മിയ്ക്കപ്പെട്ടിരിക്കുന്നു.

രണ്ടാമത്തെ വിധത്തിലുള്ള വൈദ്യുതോഷ്ണമാപിനി മറെറാരു തത്വത്തെ ആധാരമാക്കി നിർമ്മിക്കപ്പെട്ടിരിക്കുന്നു. രണ്ടു ലോഹദണ്ഡുകളെ ഒററത്തു ഘടിപ്പിച്ചുകൊണ്ടു് ആ അററം ചൂടറിയേണ്ട വസ്തുവിൽ സ്ഥാപിക്കുക. ചൂടില്ലാത്ത മററു രണ്ടററങ്ങളെ ഒരു ചെമ്പുകമ്പികൊണ്ടു കൂട്ടിച്ചേർക്കുക. ഈ സ്ഥിതിയിൽ കമ്പിയിൽക്കൂടി ഒരു വൈദ്യുതപ്രവാഹം പുറപ്പെടുന്നുണ്ട്. ഈ പ്രവാഹത്തെ അളക്കുന്നതിനായി ഒരു യന്ത്രം അതിൽ ഘടിപ്പിച്ചിരിക്കുന്നു. ചൂടിന്റെ ഏററക്കുറവനുസരിച്ച് ഒരു പ്രത്യേകരീതിയിൽ വൈദ്യുതപ്രവാഹത്തിന്റെ ശക്തി സ്ഥിതി ചെയ്യുന്നു. അതിനാൽ പ്രവാഹത്തിന്റെ ശക്തിയെ അളക്കുന്നതായാൽ ചൂടിനെ ഗണിക്കാവുന്നതാണല്ലോ. പ്രസ്തുത ലോഹങ്ങൾ തമ്മിൽ ഘടിപ്പിച്ചപ്പോൾ ഉണ്ടായ മിശ്രലോഹം ഉരുകുമ്പോൾ ഉള്ള ചൂടിൽ കുറവായ ഏതു ചൂടും ഈ ഉഷ്ണമാപിനിയിൽ അളക്കാവുന്നതാണ്.

അത്യുഷ്ണത്തെ അളക്കുന്നതിനു വിവിധങ്ങളായ ഉഷ്ണമാപിനികൾ ഉപയോഗപ്പെട്ടുവരുന്നുണ്ടെങ്കിലും അവ വൈദ്യുതോഷ്ണമാപിനികളെപ്പോലെ സൂക്ഷ്മമുള്ളതല്ല. ഉരുകുവാൻ എളുപ്പമല്ലാത്ത വിവിധ വസ്തുക്കൾ ഉരുകുന്നതു നോക്കി അത്യുഷ്ണത്തിന്റെ ഏകദേശപരിമാണം അളക്കാറുണ്ട്. അത്യുഷ്ണോല്പാദനവും അതിന്റെ അളവും ഇപ്പോഴും പരിപൂർണ്ണനിലയിലെത്തി എന്നു വിചാരിക്കാറായിട്ടില്ല. ശാസ്ത്രീയപരീക്ഷണങ്ങളിൽ ഏകതാനതയോടുകൂടി അത്യന്തം പരിശ്രമം ചെയ്യുന്ന ഇക്കാലത്തു് ഇനിയും പല മാററങ്ങൾ വരുന്നതാണെന്നുദ്ദേശിക്കാം. തത്വാന്വേഷണബുദ്ധിയോടുകൂടി അഹർനിശം നിഷ്കാമകർമ്മം അനുഷ്ഠിച്ചുപോരുന്ന മഹാത്മാക്കൾക്ക് ഈ വിഷയത്തിൽ കൂടുതൽ ജ്ഞാനം ലഭിക്കുമെന്നും അവർ അതു ലോകോപകാരാർത്ഥം വിനിയോഗിക്കുമെന്നും നമുക്കു പ്രത്യാശിക്കാം.

## സത്യപ്രസക്തി.

(എം. രാമവർമ്മതമ്പാൻ ബി. എ., എൽ. ടി.)

കുട്ടികളിൽ സത്യപ്രസക്തി ഉണ്ടാക്കുക എന്നതു ധാർമ്മോപദേശപരമായ വിദ്യാഭ്യാസത്തിന്റെ പ്രധാന ഉദ്ദേശങ്ങളിൽ ഒന്നാകുന്നു. സത്യം വാക്കിൽമാത്രം പോരാ; വിചാരത്തിലും വേണം. വാസ്തവത്തിൽ വാക്കിലേക്കാൾ അധികം സത്യം കടക്കേണ്ടതു വിചാരത്തിലാകുന്നെന്നുവേണം പറയാൻ. താൻ പറയുന്നതു് അസത്യമാണെന്നു പൂർണ്ണമായി അറിഞ്ഞുകൊണ്ടു് അസത്യം പറയുന്ന ഒരാൾ, താൻ അറിയാതെ ഒരുവിധം തന്നെത്ത

ന്നെ വഞ്ചിച്ചു സത്യം പറയുന്നു എന്നു് വ്യാമോഹിച്ചു് അസത്യം പറയുന്നവനേക്കാൾ ശ്രേഷ്ഠനാണെന്നുവേണം വിചാരിക്കാൻ. അസത്യം പറയുന്നതു് ഏതുവിധത്തിലും എല്ലായ്പോഴും തെററാണെന്നു വാദിക്കുന്നവൎക്കു് അനവധി സൂക്ഷ്മയുക്തികൾ പ്രയോഗിക്കേണ്ടിവരും. യഥാൎത്ഥത്തിൽ സംസാരിച്ചു ശീലിക്കേണ്ടിവരും. ഇങ്ങനെ ആത്മവഞ്ചന ചെയ്തു താൻ അസത്യമാണു പറയുന്നതെന്നു തന്നോടുതന്നെ സമ്മതിക്കേണ്ടിവരും. ഒരുവൻ തഴവാ എന്ന ദിക്കിൽവച്ചു് പിഴച്ചു. അവൻ പിഴച്ചില്ലാ എന്നു സത്യം ചെയ്യണമെന്നു് ആളുകൾ തീൎച്ചയാക്കി. സത്യം ചെയ്വാൻ പോയ സമയം അവൻ ഒരു പായിന്റെ തഴയുടെ ഒരു കഷണം വായിലിട്ടു ഇപ്രകാരം സത്യം ചെയ്തു. "ഞാൻ ഈ തഴ വായിൽ വന്നതിൽപിന്നെ പിഴച്ചിട്ടില്ല." ഇതിനു തഴ, വായിൽ വന്നതിൽ പിന്നെ എന്നാണു സത്യം എന്നു പറഞ്ഞു് തന്റെ മനസ്സാക്ഷിയെ സമാധാനപ്പെടുത്തിയെങ്കിലും താൻ ആളുകളെ ദ്വയാൎത്ഥപ്രയോഗത്താൽ വ്യാമോഹിപ്പിച്ചു തെററിദ്ധരിപ്പിച്ചു. എങ്കിലും താൻ പറഞ്ഞതു് അസത്യമാണെന്നു തന്നത്താൻ സമ്മതിക്കയല്ലേ ആ ആൾ ചെയ്തതു്? അസത്യോച്ചാരണം സാധുവാകുന്ന അവസരങ്ങൾ വളരെ ചുരുക്കമാണു്. വലിയ ആളുകൾ സാധാരണ അസത്യം പറഞ്ഞുവരുന്ന അവസരങ്ങളേക്കാൾ തീൎച്ചയായും അവ ഏററവും ചുരുക്കംതന്നെ. അസത്യം സാധുവാകുന്നതു മിക്കപ്പോഴും ബലം പ്രയോഗിച്ചു് ഒരാൾക്കു് അസത്യം പറയേണ്ടിവരുമ്പോഴാണു്. അല്ലെങ്കിൽ യുദ്ധം മുതലായ ദോഷകരമായ കാൎയ്യങ്ങളിൽ ഏൎപ്പെടുമ്പോഴാണു്. "വെളിക്കും വൃത്തിരക്ഷക്കും പൊളി നിന്ദിതമല്ല" എന്നു ചിലർ പറയാറില്ലേ? അതിനാൽ സമുദായഘടന നന്നാക്കിയാൽ അസത്യം പറയേണ്ട അവസരം ഇന്നത്തേക്കാൾ വളരെ ചുരുക്കാം.

അസത്യപ്രസക്തി മിക്ക സംഗതികളിലും ഭയത്തിന്റെ ഫലമാണു്. പേടി എന്തെന്നു് അറിയാതെ വളൎത്തപ്പെടുന്ന കുട്ടിയിൽ സത്യപ്രസക്തിയെ കാണുന്നുള്ളു. ഇതു സന്മാൎഗ്ഗിയാകാനുള്ള ശ്രമംകൊണ്ടല്ല. മറിച്ചാവേണ്ട ആവശ്യം അവനു തോന്നായ്കയാലാണു്. ബുദ്ധിപൂൎവ്വമായും ഭയപൂൎവ്വമായും വളൎത്തപ്പെട്ട ഒരു കുട്ടിയുടെ കണ്ണുകളിൽതന്നെ നിഷ്കാപട്യമായ ഒരു നോട്ടം തെളിഞ്ഞുകാണാം. അന്യരോടു് ആ കുട്ടി ഭയമില്ലാതെ പെരുമാറുന്നതു കാണാം. നേരെ മറിച്ചു് എപ്പോഴും ഭയപ്പെടുത്തിയും ശിക്ഷിച്ചും വളൎത്തപ്പെട്ട കുട്ടി എപ്പോഴാണു ശകാരം കിട്ടുന്നതെന്നു ഭയപ്പെട്ടുകൊണ്ടിരിക്കുന്നു. താൻ സ്വാഭാവികമായിട്ടെങ്കിലും വല്ലതും പ്രവൎത്തിച്ചാൽതന്നെ അതു വല്ല തെററുമായേക്കുമോ എന്നു പേടിച്ചുകൊണ്ടിരിക്കുന്നു. ഒരു കുട്ടിക്കു് അസത്യം പറയുക സാദ്ധ്യമാണെന്നു് ആദ്യമേ തോന്നുകയില്ല. അസത്യം പറയുക സാദ്ധ്യമാണെന്നു തോന്നുന്നതു പ്രായംചെന്നവർ പറയുന്നതുകൊണ്ടും അവർ അറിയുമോ എന്നു ഭയപ്പെടുമ്പോഴും

ആണ്. പ്രായംചെന്നവർ കുട്ടിയോടു കള്ളം പറഞ്ഞു എന്നു കുട്ടി അറിയുന്നു. അവരോടു സത്യം പറയുന്നതു് ആപൽകരമാണെന്നു കുട്ടിക്കു അനുഭവം വരുന്നു. ഈ നിലയിൽ കുട്ടി കള്ളം പറയാൻ തുടങ്ങുന്നു. മേൽ വിവരിച്ച കാരണം ഇല്ലാതാക്കിയാൽ കള്ളം പറയാൻ കുട്ടി വിചാരിക്കക്കൂടി ചെയ്കയില്ല.

കുട്ടികൾക്കു സത്യാപ്രസക്തിയുണ്ടോ എന്നു തീർച്ചയാക്കുമ്പോൾ ഒരു കാര്യം സൂക്ഷിക്കേണ്ട ആവശ്യം ഉണ്ടു്. അവരുടെ ഓർമ്മശക്തി പലപ്പോഴും പിഴച്ചേക്കും. പ്രായം ചെന്നവർ ചോദിക്കുന്നതിന്റെ ഉത്തരം പലപ്പോഴും അവർക്കു് ഓർമ്മയില്ലാതെ വരും. കാലത്തിനെപ്പററി അവർക്കുള്ള ബോധം തീരെ അവ്യക്തമാണു്. നാലു വയസ്സിൽ താഴെയുള്ള ഒരു കുട്ടിക്കു് ഇന്നലെയും ഒരാഴ്ച മുമ്പിലും എന്നതിന്റേയോ ഇന്നലെയും അരമണിക്കൂർ മുമ്പിലും എന്നതിന്റെയൊ വ്യത്യാസം അറിയാൻ സാധാരണ സാധിക്കാറില്ല. തങ്ങളോടു് ഒരു ചോദ്യം ചോദിക്കുമ്പോൾ ചോദിക്കുന്നവരുടെ ഉദ്ദേശം അവരുടെ സ്വരത്തിൽനിന്നും ഊഹിച്ചു് ഒരു മറുപടി പറകയാണു കുട്ടികൾ ചെയ്യുന്നതു്. കൂടാതെ അവർ പലപ്പോഴും നാടകരംഗത്തിലെപ്പോലെ അന്യരെ വിശ്വസിപ്പിക്കത്തക്ക മാതിരിയിലും സംസാരിക്കയാകും. അവർ ഗൗരവമായി 'അപ്പുറത്തു ഒരു കടുവയുണ്ടു്' എന്നു പറയുമ്പോൾ ഇതാണു് അവർ ചെയ്യുന്നതു്. എന്നാൽ പലപ്പോഴും കളിയും കാര്യവും തമ്മിൽ തിരിച്ചറിയാൻ അവർ ഞെരുങ്ങും. ഈ കാരണങ്ങളാൽ ഒരു കൊച്ചുകുട്ടിയുടെ വാക്കുകൾ കേവലം സത്യമാണെന്നു പറയാൻ പാടില്ല. എന്നാൽ അന്യരെ ചതിക്കണമെന്നു കുട്ടിക്കു ലവലേശം ഉദ്ദേശവുമില്ല. വാസ്തവത്തിൽ കുട്ടികൾ ആദ്യംതന്നെ പ്രായം ചെന്നവർ സർവ്വജ്ഞരാണെന്നാണു വിചാരിക്കുന്നതു്. അതുകൊണ്ടു് അവരെ ചതിക്കാൻ സാധിക്കയില്ലെന്നു കരുതുന്നു. ഒരു കുട്ടി അതിന്റെ അച്ഛനോടു് അദ്ദേഹം അവിടെയില്ലാതിരുന്ന സമയം കുട്ടിക്കു എന്തുപററി എന്നു ചോദിച്ചു. തനിക്കറിഞ്ഞുകൂടാ എന്നു പറഞ്ഞതു കുട്ടിയെ വിശ്വസിപ്പിക്കാൻ മിസ്സുവാറം അദ്ദേഹത്തിനു് അസാദ്ധ്യമായിരുന്നു. കുട്ടിക്കു മനസ്സിലാകാത്ത വിധത്തിൽ പ്രായംചെന്നവർ പലതും അറിയുന്നുണ്ടു്. വലിയവർക്കു് ഇന്നതറിയാം, ഇന്നതറിയവഹിയാ എന്നു വിവേചിച്ചറിയാൻ കുട്ടികൾക്കു സാധിക്കുന്നില്ല. ഒരാൾ ഒരു ദീപാളിനാൾ കുറെ മധുരപലഹാരം കുട്ടിക്കു കൊടുത്തു. അധികം തിന്നല്ലെ; തിന്നാൽ ദീനം പിടിക്കും എന്നും പറഞ്ഞു. ഇത്രയും പറഞ്ഞു കുട്ടിയുടെ ഹിതംപോലെ ചെയ്യാൻ വിട്ടു. കുട്ടി അധികം തിന്നു. ദീനം പിടിച്ചു. ദീനം മാറിയ ഉടനെ കുട്ടി പറയുന്നു:- "എനിക്കു ദീനം പിടിച്ചു. ദീനം പിടിക്കുമെന്നു് അച്ഛൻ പറഞ്ഞു." ഒരു ശാസ്ത്രനിയമം ശരിയാണൊ എന്നു പരീക്ഷിച്ചറിഞ്ഞതിൽ കുട്ടിക്കുണ്ടായ ഈ സന്തോഷം അത്ഭുതാവഹമായിരുന്നു. അ

തിൽപിന്നെ മധുരപലഹാരം അധികം ആ കുട്ടിയുടെ കൈയിൽ കൊടുത്തതുകൊണ്ടു വൈഷമ്യമുണ്ടായില്ല. ഒരിക്കലും അധികം തിന്നുകയില്ല. പോരെങ്കിൽ ഇന്നതു നല്ലതു് ഇന്നതു ചീത്ത എന്നു അപ്പൻ പറയുന്നതിനെ കുട്ടി കണ്ണടച്ചു വിശ്വസിച്ചുവന്നു. ഇതു വരുത്തിക്കൂട്ടാൻ പ്രത്യേകിച്ചു ഒരു ധർമ്മോപദേശവും ഒരു ശിക്ഷയും വേണ്ടിവന്നില്ല. ആദികാലങ്ങളിൽ കുറെ ക്ഷമയും ദൃഢതയും വേണം. നാലു വയസ്സു കഴിഞ്ഞാൽ ചിലതൊക്കെ കാണാതെ എടുക്കാൻ കുട്ടികൾക്കു് ഒരു വാസന തുടങ്ങും. അതും ഭയംകൊണ്ടാവും. കാണാതെ എടുത്താലും വേണ്ടതില്ല; കള്ളം പറയാതിരുന്നാൽ മതി. കുട്ടികൾ കള്ളം പറഞ്ഞാൽ അതു മാതാപിതാക്കന്മാരുടെ സൂക്ഷ്മക്കുറവിന്റെ ഫലമാണു്. അതിന്റെ കാരണം ഇല്ലാതാക്കുകയാണു് അവർ ചെയ്യേണ്ടതു്. ശാന്തമായും യുക്തിപൂർവമായും കള്ളം പറയാതിരിക്കയാണു നല്ലതു് എന്നു കുട്ടികളെ പറഞ്ഞു മനസ്സിലാക്കണം. ശിക്ഷകൊണ്ടു തുടങ്ങരുതു്. അതു ഭയം കൂട്ടും. ഭയം കള്ളം പറയാൻ ഒരു പ്രേരകവുമാകും.

കുട്ടികൾ അസത്യം പറയാതിരിക്കണമെങ്കിൽ വലിയവർ ഒരിക്കലും ഒരുവിധത്തിലും കള്ളം പറയാതിരിക്കണം. തങ്ങൾതന്നെ കുട്ടികളോടു കളവു പറകയും കുട്ടികളോടു് അവർ കളവു പറയുന്നതു പാപമാണെന്നു പറകയും ചെയ്താൽ കുട്ടികൾക്കു രക്ഷാകർത്താക്കന്മാരോടു ബഹുമാനം ഇല്ലാതാകും. കുട്ടികളോടു സത്യമേ പറയാവൂ എന്നു പറയുന്നതു് ഒരു വലിയ പുതുമയായിരിക്കും. ഇതിനു മുമ്പിൽ ആരും ചെയ്തിട്ടില്ലായിരിക്കാം. ആദിമാതാവായ ഹവ്വ (ഈവ) തന്നെ തന്റെ പുത്രന്മാരായ കെയിൻ, ഏബൽ ഇവരോടു താൻ തിന്ന ആപ്പിളിന്റെ കാര്യം സത്യമായി പറഞ്ഞുവോ എന്നു സംശയമാണു്. താൻ തിന്നിട്ടില്ലെന്നും നിങ്ങളും തിന്നരുതു് എന്നും ആയിരിക്കണം പറഞ്ഞതു്. മാതാപിതാക്കന്മാർ തങ്ങൾ യാതൊരു പാപവും തെററും ചെയ്യാത്ത ഈശ്വരന്മാരാണു്, യുക്തിഭംഗമായി ഒന്നും ചെയ്തിട്ടില്ല എന്നു നടിക്കയാണു പതിവു്. കുട്ടികൾ പിഴക്കുമ്പോൾ ശാസിക്കുന്നതു കോപംകൊണ്ടല്ല, വ്യസനംകൊണ്ടാണെന്നത്രെ അവരുടെ ഭാവം. എത്രതന്നെ ആക്ഷേപിച്ചാലും തങ്ങൾക്കു ദേഷ്യമില്ല, തങ്ങൾ ശാസിക്കുന്നതു കുട്ടികളുടെ ഗുണത്തിനാണു് എന്നൊക്കെയാണു് അവരുടെ നാട്യം. എന്നാൽ കുട്ടികൾക്കു ഈ തിരശ്ശീലക്കകത്തു ഒളിഞ്ഞുനോക്കാൻ ശക്തിയുണ്ടെന്നു രക്ഷാകർത്താക്കന്മാർ അറിയുന്നില്ല. ഈ ചെറുകാപട്യത്തിന്റെ താല്ക്കാലികകാരണം അവരറിയുന്നില്ലായിരിക്കാം. എന്നാൽ അതു് അവർ നേരെ തീരെനിർദ്ദിക്കും എന്നതിനു സംശയമില്ല. നിങ്ങളിലുള്ള അസൂയയും, കുശുമ്പും നിങ്ങൾ അറിയുന്നില്ല; എങ്കിലും കുട്ടികൾ കാണുന്നുണ്ടു്. ഈ വക വികാരങ്ങളെപ്പററി നിങ്ങൾ വിമർശിക്കുമ്പോൾ നിങ്ങൾക്കുള്ള ദോഷങ്ങളെ തട്ടിക്കഴിച്ചു കുട്ടികൾ വിശ്വസിക്കും

വുള്ളു. തങ്ങൾ തീരെ കുററമില്ലാത്തവരായ അതിമാനുഷരാണെന്നു് ഒരിക്കലും നടിക്കരുതു്. കുട്ടികൾ നിങ്ങളെ വിശ്വസിക്കുന്നില്ല. വിശ്വസിച്ചാലും നിങ്ങളെ ഇഷ്ടപ്പെടുകയില്ല. എല്ലാപ്പോഴും സത്യവും മര്യാദയും അനുഷ്ഠിക്കണം എന്നു പറയുന്നതിൽഭേദം ഒരു പിതാവു പറഞ്ഞതുപോലെ "മകനെ സത്യവഴിയാണു നല്ലതു്. അതും മറേറതും ഞാൻ നോക്കിയിട്ടുണ്ടു്. എന്റെ അനുഭവം സത്യത്തിനോളം നന്നല്ല അസത്യം" എന്നു പറകയായിരിക്കും. ലോകത്തിലെ കാപട്യംകണ്ടു തങ്ങൾക്കു കുട്ടിയുണ്ടായാൽ അവരെ സംബന്ധിച്ചു തങ്ങളുടെ പിതാക്കൾക്കു പററിയ അബദ്ധം തങ്ങൾക്കും പററാതെ നോക്കാനാകണം മാതാപിതാക്കന്മാരുടെ മോഹം.

കുട്ടികൾക്കു അത്യന്തം ദോഷം ചെയ്യുന്ന മറെറാരു വക കളവു ഭീഷണിയാണു്. "പറഞ്ഞതു കൂട്ടാക്കിയില്ലെങ്കിൽ ഞാൻ തല്ലിതൊലിയുരിക്കും" "നിന്നെ തല്ലികൊന്നുകളയും" ഇത്യാദി തങ്ങളുടെ തല്ക്കാല കോപത്താലുണ്ടാകുന്ന ഭീഷണി പിതാക്കൾ സാധാരണ ഉപയോഗിക്കാറുണ്ടു്. നടപ്പില്ലാത്ത ഈവക ഭീഷണി അർത്ഥശൂന്യമാണെന്നു കുട്ടി വേഗം മനസ്സിലാക്കും. പിതാക്കൾ പറയുന്ന ഭീഷണിയോടു കുട്ടികൾക്കു അവജ്ഞയും വരും. ഡാക്ടർ ബാല്ലാർഡു് അദ്ദേഹത്തിന്റെ ഒരു പുസ്തകത്തിൽ ഇങ്ങിനെ പറയുന്നു. "ഒരിക്കലും ഭീഷണി ഉപയോഗിക്കരുതു്. അഥവാ ഉപയോഗിച്ചാൽ അതുപോലെ ചെയ്യണം." "നീ അതു ചെയ്താൽ ഞാൻ നിന്നെക്കൊല്ലും" എന്നു പറഞ്ഞിട്ടുകൂടി അതുചെയ്താൽ കുട്ടിയെ കൊല്ലണം. അതു കഴികയില്ലല്ലൊ. അപ്പോൾ ആ ഭീഷണി പറയാതിരിക്കയാണുത്തമം. ഭീഷണിപോലെ ചെയ്തില്ലെങ്കിൽ കുട്ടികൾക്കു മാതാപിതാക്കന്മാരെപ്പററി ഒരു ബഹുമാനവും ഉണ്ടാകയില്ല. ഭൃത്യസ്ത്രീകളും അറിവില്ലാത്ത അമ്മമാരും കുട്ടികളെ ഭയപ്പെടുത്താനായി പറയുന്ന ശിക്ഷകൾ ഇത്രതന്നെ കഠിനങ്ങളല്ല. എന്നാലും ഫലം ഇതുതന്നെ. തക്ക കാരണമില്ലെങ്കിൽ വാശിപിടിച്ചു നിർബ്ബന്ധിക്കരുതു്. നിർബ്ബന്ധിച്ചു തുടങ്ങിയോ, വിടാതെ പിടിക്കണം. അതു കഷ്ടമായി എന്നു പിന്നീടു വ്യസനിച്ചാലും തരക്കേടില്ല. ശിക്ഷകൊണ്ടു ഭയപ്പെടുത്തുന്നെങ്കിൽ സാധിക്കാവുന്ന ശിക്ഷ മതി. തങ്ങളുടെ ഭീഷണിയിൽ പററിയെങ്കിലായി എന്നു കരുതി ഒരിക്കലും ഭീഷണി ഉപയോഗിക്കരുതു്. അറിവില്ലാത്ത മാതാപിതാക്കന്മാരെ ഈ തത്വം മനസ്സിലാക്കാൻ ചില്ലറയല്ല പ്രയാസം. തടവിലിടുമെന്നും ഭൂതം പിടിച്ചുകൊണ്ടുപോകുമെന്നും മററും പറഞ്ഞു ഭയപ്പെടുത്തുന്നതു തീരെ തെററാണു്. ഇതു് ആദ്യം ഒരു സംഭ്രമമുണ്ടാക്കും. പിന്നെ സംശയംതോന്നിക്കും. പിന്നെ പ്രായംചെന്നവരുടെ ഭീഷണിയൊക്കെ ഇത്രയേയുള്ളൂ എന്നു് ഒരു വിശ്വാസവും നിന്ദയും വരും. നിങ്ങൾ നിർബ്ബന്ധിച്ചുപോയാൽ കാര്യം നടത്തുമെന്നു കുട്ടികളറിഞ്ഞാൽ എ

തിൎത്തിട്ടു കാൎയ്യമില്ലെന്നു് അവരറിയണം. പിന്നെ നിങ്ങൾ പറയുന്നതൊക്കെ അനുസരിക്കും. എന്നാൽ ഈ നയം ഫലവത്താകണമെങ്കിൽ തക്കതായ കാരണം കൂടാതെ നിൎബ്ബന്ധിക്കയില്ലെന്നു വരുത്തേണ്ടതു് അത്യാവശ്യമാണു്.

വേറെ ഒരുതരം കാപട്യം നിൎജ്ജീവവസ്തുക്കളെ സജീവങ്ങളാക്കി പെരുമാറുകയത്രെ. കുട്ടിയുടെ തല മേശമേൽ കൊണ്ടു മുട്ടി കരഞ്ഞാൽ "മേശയെന്തിനാടി" എന്നു പറഞ്ഞു മേശയെ അടിക്കുകയായി. ഇതുകൊണ്ടു കുട്ടിക്കു സ്വാഭാവികമായി അനുഭവപ്പെടേണ്ട ഒരു സംയമനശക്തിയില്ലാതാക്കുകയാണു്. കുട്ടിയെ തനിയെ വിട്ടെങ്കിൽ നിൎജ്ജീവവസ്തുക്കളെ ബുദ്ധികൊണ്ടല്ലാതെ ദേഷ്യംകൊണ്ടും സ്തുതികൊണ്ടും ജയിക്കാൻ കഴികയില്ലെന്നു കുട്ടി പഠിക്കുമായിരുന്നു. ഈ വഴിക്കു ബുദ്ധിസാമൎത്ഥ്യം സമ്പാദിക്കാൻ മോഹവും അവനവന്റെ ശക്തിയുടെ പരിമിതി ഇന്നതാണെന്നുള്ള അറിവും കുട്ടിക്കുണ്ടാകും. ദാമ്പത്തികസംഗതി കുട്ടികളോടു മിണ്ടിക്കൂടാ എന്നാണല്ലോ വെപ്പു്. ഇതും തെററാണു്. ഇതിനെപ്പററി ഒരദ്ധ്യായംതന്നെ എഴുതാനുണ്ടു്. അതു വഴിയേ ആവാം. കുട്ടികൾക്കു മനസ്സിലാകുന്ന സംഗതികൾ മനസ്സിലാകുന്നിടത്തോളം പറഞ്ഞുകൊടുക്കുന്നതുകൊണ്ടു യാതൊരു ദോഷവുമില്ലെന്നു മാത്രം ഇവിടെ സമഷ്ടിയായി പ്രസ്താവിക്കാം.

കുട്ടികളെ തടഞ്ഞില്ലെങ്കിൽ അവർ അനവധി ചോദ്യങ്ങൾ ചോദിക്കും. അവയിൽ ബുദ്ധിപൂൎവ്വകവും അല്ലാത്തവയും കാണും. സാധാരണ അക്ഷമന്മാരായ മാതാപിതാക്കന്മാർ ഈ വക ചോദ്യങ്ങളെ തടയുകയാണു ചെയ്യുന്നതു്. ഗൂർതർ മീ എന്ന ഒരു മഹാന്റെ കുട്ടി അതിന്റെ ആയയോടു (ധാത്രിയോടു) ചോദ്യം ചോദിച്ചു തുടങ്ങി. അവൾക്കു നിവൃത്തിയില്ലാതായപ്പോൾ ഗൂർതർ മീയോടു പറഞ്ഞു. ഉടനെ അദ്ദേഹം കുട്ടിയുടെ ചോദ്യങ്ങൾക്കു് ഉത്തരം പറയാൻ തുടങ്ങി. അതിന്റെ ഫലമാണു "ബുക്കു് ഓഫ് നോളെഡ്ജ്" (ജ്ഞാനസാഗരം) എന്ന വലിയ പുസ്തകം ഉണ്ടായിട്ടുള്ളതു്. ഇപ്പോൾ "എന്റെ മാസിക" എന്ന പേരിൽ ഇടറക്കൊണ്ടിരിക്കുന്നതും അതുതന്നെ. രക്ഷാകൎത്താക്കന്മാർ ആ പുസ്തകങ്ങൾ വായിച്ചു കുട്ടികളുടെ ചോദ്യങ്ങൾക്കു് ഉത്തരം പറഞ്ഞാൽ വേണ്ടതില്ല. അവർ ചോദിക്കുന്ന ചോദ്യങ്ങൾക്കു നിങ്ങളുടെ പ്രാപ്തിക്കൊത്തവണ്ണം സത്യമായി ഉത്തരം പറയണം. കുട്ടി മതത്തെപ്പററി ചോദിച്ചാൽ നിങ്ങളുടെ അഭിപ്രായംതന്നെ പറഞ്ഞുകൊടുക്കണം. ആ അഭിപ്രായം ഇന്നപ്രായം ചെന്നവർ സ്വീകരിച്ചിട്ടുള്ളതിനു് എതിരായാലും തരക്കേടില്ല. മരണത്തെപ്പററി ചോദിച്ചാൽ അതിനും മറുപടി പറയണം. 'നിനക്കു മനസ്സിലാവാറായില്ല" എന്നു പറഞ്ഞു വിടരുതു്. എന്നാൽ ശാസ്ത്രതത്വങ്ങളെല്ലാം തൽക്കാലം മുഴുവൻ പറഞ്ഞുകൊടുക്കുവാൻ കഴികയില്ലായിരിക്കും. എങ്കിലും അതും കഴിവുള്ളതുപോലെ പറഞ്ഞുകൊടുത്തു കുറെശ്ശ

ടി അറിയുമ്പോഴം ഇതിനെപ്പററി കൂടുതൽ അറിഞ്ഞിട്ടുള്ള സന്തോഷമുണ്ടാകുമെന്നു പറയാം. കുട്ടിക്കു മനസ്സിലാകാവുന്നതിലധികം പറഞ്ഞുകൊടുക്കയല്ലാതെ അതിൽകുറച്ചു് ഒരിക്കലും പറഞ്ഞുകൊടുക്കരുതു്. തനിക്കു മനസ്സിലാകാത്തതു് അറിവാൻ അവനു മോഹം തോന്നും. ബുദ്ധിവികാസമോഹം അവനിൽ സ്ഫുരിച്ചു തുടങ്ങും. ഇടവിടാതെ കുട്ടിയോടു സത്യപ്രസക്തി കാണിച്ചാൽ കുട്ടിക്കു മാതാപിതാക്കന്മാരിൽ കൂടുതൽ വിശ്വാസമായിരിക്കും ഫലം. പ്രായം ചെന്നവർ പറയുന്നതിനെ വിശ്വസിക്കാനാണു കുട്ടിയുടെ വാസന. പക്ഷെ കുട്ടിക്കു കലശലായ ഒരു മോഹമുണ്ടെങ്കിൽ ഇതിനു പ്രതിബന്ധം വന്നേക്കാം. ഉദാഹരണം മധുരപലഹാരം തിന്നാൻ മോഹിക്കുന്ന കുട്ടി രക്ഷാകർത്താവിന്റെ "അരുതു്" എന്ന ശാസനയെ വിശ്വസിച്ചു് അനുസരിക്കാൻ മടിച്ചേക്കാം. ഈ സംഗതികളിലും സത്യംതന്നെ പറഞ്ഞുകൊണ്ടിരിക്കുന്നതിന്റെ ഫലമായി കുട്ടികൾ നിർബന്ധംകൂടാതെ എളുപ്പത്തിൽ വിശ്വസിക്കുന്നതായി അനുഭവപ്പെടും. നടത്താൻ വഹിയാത്ത ശിക്ഷകൊണ്ടു ഭയപ്പെടുത്തിത്തുടങ്ങിയാൽ അവരോടു ചെല്ലുംതോറും നിർബ്ബന്ധം കൂട്ടേണ്ടി വരും. അങ്ങിനെ കുട്ടിക്കു ഭയംകൊണ്ടു് ഒന്നും സ്ഥിരമായി ചെയ്യാൻ വഹിയാതാകും. ഒരു കുട്ടിക്കു് ഒരു തോട്ടിൽകൂടി കടക്കാൻ മോഹംതോന്നി. അച്ഛൻ അതിൽ ഉടഞ്ഞ കുപ്പിച്ചില്ലുകൾ ഉണ്ടാകുമെന്നു പറഞ്ഞു. അപ്പോഴം കാലു മുറിയും. മോഹംകൊണ്ടു കുട്ടി ഇതു വിശ്വസിച്ചില്ല. അച്ഛൻ കുട്ടിയേയുംകൊണ്ടു തോട്ടിലിറങ്ങി. ഭാഗ്യവശാൽ അച്ഛൻ ഒരു കുപ്പിച്ചില്ലിന്മേൽ കാലുവെച്ചു. അതെടുത്തു് അതിന്റെ മൂർച്ചയുള്ള ഭാഗം കുട്ടിയെ കാണിച്ചു. കുട്ടി ഉടനെ സമ്മതിച്ചു തിരിച്ചു കയറുകയുംചെയ്തു. ഈ കുപ്പിച്ചില്ലു സൂത്രത്തിൽ അച്ഛൻ ഇട്ടു് എടുത്തതായിരുന്നെങ്കിൽ കുട്ടി വിശ്വസിക്കയില്ലായിരുന്നു. അച്ഛനു് അതു ചവിട്ടാനിടയായില്ലെങ്കിൽ കുട്ടിയോടുകൂടി അക്കരകടക്കുകതന്നെ ചെയ്യണം. ഇതുപോലെയുള്ള ആവൃത്തിച്ച അനുഭവങ്ങളെക്കൊണ്ടാണു് അച്ഛൻ പറയുന്നതു് പൂർണ്ണമായി വിശ്വസിക്കാമെന്നു കുട്ടി ഉറക്കുന്നതു്.

നാം അധിവസിക്കുന്ന ലോകം കാപട്യത്തിന്റെ ഒരു നൃത്തരംഗമാണു്. കാപട്യംകൂടാതെ വളർത്തപ്പെട്ട ഒരു കുട്ടി ഇന്നു നാം മാനിക്കുന്ന പലതിനേയും വെറുക്കും, നിന്ദിക്കും, പുച്ഛിക്കും. ഇതു കഷ്ടമാണു്. നിന്ദ, പുച്ഛം ഇവ ഹീനമായ വികാരമാകുന്നു. എന്നാൽ ഇതൊക്കെ കുട്ടികളോടു് മുൻകൂട്ടി പറയേണ്ട. കുട്ടി കണ്ടെത്തിവാൻ ഓരോന്നിന്റെയും കഥ പറയുവാൻ മടിക്കയും വേണ്ട. കാപട്യപൂരിതമായ സമുദായത്തിൽ സത്യപ്രസക്തി ഒരുവിധം തോൽവിതന്നെയായിരിക്കും. എന്നാൽ ഈ തോൽവി [illegible]ന്നു അനുഭവിക്കുന്ന നിർഭയതയെന്ന ഗുണത്തെ അപേക്ഷിച്ചു എത്രയോ നിസ്സാരമാണു്. ഭയമുള്ളപ്പോഴം സത്യപ്രസക്തി ഉ

ങ്ങാകയില്ല. നമ്മുടെ കുട്ടികൾ ആത്മാഭിമാനികളാകണം, സത്യവാന്മാരാകണം, നിഷ്കപടന്മാരാകണം. ഇതൊക്കെയല്ലേ നമ്മുടെ മോഹം. ഈ ഗുണങ്ങളോടുകൂടി ഒരു കുട്ടി തോല്ക്കുകയാണെങ്കിൽ അടിമകൾക്ക് അനുരൂപമായ സൂത്രങ്ങളെക്കൊണ്ടും കൌശലങ്ങളെക്കൊണ്ടും കാപട്യങ്ങളെക്കൊണ്ടും ജയിക്കുന്നതിലും തുലോം ഭേദമല്ലേ? മാഹാത്മ്യമുള്ള ഒരു മനുഷ്യന് സഹജമായ ഒരു അഭിമാനവും സത്യസന്ധതയും അത്യാവശ്യമാണ്. അതുള്ള ദിക്കിൽ അസത്യം അസാദ്ധ്യമാണ്. അവരവരുടെ കുട്ടികൾ ത്രികരണങ്ങളിലും സത്യമുള്ളവരായിരിക്കണം. അതിന്റെ ഫലം എത്രതന്നെ നിർഭാഗ്യമുണ്ടാകുന്നതായാലും വേണ്ടതില്ല. എന്തെന്നാൽ ധനത്തിനേയും മാനത്തിനേയുംകാൾ തുലോം വിലയേറിയ വേറെ ഒന്നാണ് സത്യമില്ലാഞ്ഞാൽ നശിക്കാൻപോകുന്നതു്. ഇതായിരിക്കണം ഏതു മാതാവിന്റേയും പിതാവിന്റേയും മോഹവും, ആശയും, വ്രതവും. ഈ നിശ്ചയത്തോടുകൂടി വളർത്തുന്ന കുട്ടികളിൽ സത്യപ്രസക്തി കെടാവിളക്കുപോലെ എന്നും ജ്വലിച്ചുകൊണ്ടിരിക്കും. ജീവിതയാത്ര ഇത്തരം കുട്ടികൾക്ക് സന്മാർഗ്ഗത്തിൽകൂടിതന്നെയായിരിക്കും. അങ്ങിനെ വളരുന്ന കുട്ടികളായിരിക്കും ലോകത്തിന് അലങ്കാരവും ആവശ്യവും.

അല്ലയോ മാതാപിതാക്കന്മാരെ! കുട്ടികളോടു പെരുമാറുന്നതിൽ ഈശ്വരസന്നിധിയിലേക്കാൾ ഭക്തിയോടും മനസ്സിരുത്തിയും പ്രവർത്തിക്കിൻ! ഒരു കുട്ടി അതിന്റെ മാതാപിതാക്കന്മാർക്ക് ഒരു വലിയ അനുഗ്രഹമോ ഒരു വലിയ ശാപമോ ആകും. ഇതിൽ ഏതു് ആകണമെന്നാണ് നിങ്ങൾ മോഹിക്കുന്നതു്? നിശ്ചയമായും അനുഗ്രഹമാകാനല്ലേ? അതിനു ശ്രമിക്കിൻ!

---

# ജെ. ടി. സണ്ടർലന്റ്.

(സി. ജി. അനന്തൻപിള്ള ബി. എ.)

മിസ്സ് മേയോ തുടങ്ങിയ അമേരിക്കൻവനിതകൾ "ഭാരതമാതാ" മുതലായ കുപ്രസിദ്ധങ്ങളായ പുസ്തകങ്ങൾ എഴുതി യൂറോപ്യരുടെ ഇടയിൽ ഇൻഡ്യയെപ്പററി തെററിദ്ധാരണയുണ്ടാക്കാൻ ശ്രമിക്കുന്ന ഇക്കാലത്തു് ഇൻഡ്യയുടെ ബന്ധുവും, ഉൽക്കർഷേച്ഛുവും ആയി ഒരാൾ അമേരിക്കയിൽ ജീവിച്ചിരിക്കുന്നുണ്ടെന്നറിയുന്നതുതന്നെ നമുക്കെല്ലാവർക്കും സന്തോഷകരമായിരിക്കുമല്ലോ. ജെ. ടി. സണ്ടർലന്റ് എന്ന നാമത്താൽ സുപ്രസിദ്ധനും ഭാരതീയരുടെ ഭക്തിബഹുമാനാദരങ്ങൾക്കു പാത്രീഭൂതനുമായ ഈ വന്ദ്യവയോധികന്റെ 86-ാമത്തെ ജന്മനാൾ ആഘോഷിച്ചപ്പോൾ പല ഭാരതീയരും ആ ആഘോഷത്തിൽ പങ്കെടുക്കുകയും, പലരും അനുമോദനസന്ദേശങ്ങൾ അയക്കുകയും ചെയ്തു. ആ മഹാനുഭാവൻ നമ

നാപ്രകാരേണ ഇൻഡ്യയുടെ മോക്ഷത്തിനുവേണ്ടി ശ്രമിച്ചിട്ടുണ്ടു്. അനേകം ലേഖനങ്ങൾ എഴുതിയും, പ്രസംഗങ്ങൾ ചെയ്തും ഇൻഡ്യയുടെ ദയനീയാവസ്ഥയെ അമേരിക്കരുടെ ശ്രദ്ധക്കു വിഷയീഭവിപ്പിച്ച് അമേരിക്കൻജനതതിയുടെ സഹായ സഹകരണങ്ങൾ സമ്പാദിക്കുന്നതിനു ചെറുപ്പകാലം മുതല്ക്കുതന്നെ അദ്ദേഹം ശ്രമിച്ചുതുടങ്ങി. അദ്ദേഹത്തിൻെറ പരിശ്രമം മൂലമാണു് ആൻറു കർണ്ണേകി മുതലായ മഹാന്മാർ ഇൻഡ്യയെപ്പറ്റി സാമാന്യം അറിയുന്നതിനിടയായിട്ടുള്ളതു്. ഇംഗ്ലീഷുകാർ അവരുടെ സ്വാധീനശക്തി ഉപയോഗിച്ചു് ഇൻഡ്യക്കു വിപരീതമായി അമേരിക്കയിൽ പ്രവർത്തിച്ചുവരികയും, അമേരിക്കരുടെ ഇടയിൽ ഭാരതത്തെപ്പറ്റി ഹീനമായ ഒരു അഭിപ്രായം ഉണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടെന്നു് അദ്ദേഹം അറിഞ്ഞപ്പോൾ അദ്ദേഹത്തിനു വല്ലാത്ത വെറുപ്പു തോന്നുകയും അദ്ദേഹത്തിൻെറ പരിശ്രമം പതിന്മടങ്ങു വർദ്ധിപ്പിക്കുകയും ചെയ്തു. ലാലാലജപതിറായി അമേരിക്കയിൽ അഞ്ചുസംവത്സരം താമസിച്ചപ്പോൾ സണ്ടർലൻറ് അദ്ദേഹത്തെ കഴിയുന്നപ്രകാരത്തിലെല്ലാം സഹായിച്ചു. അങ്ങനെ ചെയ്തതു് എന്തുകൊണ്ടെന്നാൽ, ലോകത്തിലെ അഞ്ചിലൊരുഭാഗം ജനങ്ങളുടെ മോചനത്തിനുവേണ്ടി ശ്രമിക്കയാണെന്നു് അദ്ദേഹത്തിനു ബോധമുണ്ടായിരുന്നതുകൊണ്ടാണു്. "ഇൻഡ്യാസഹായസംഘം" സ്ഥാപിക്കുന്നതിനും, "യങ് ഇൻഡ്യ"യുടെ പത്രാധിപപ്രവൃത്തിയിലും അദ്ദേഹം നമ്മുടെ നേതാവിനെ സഹായിച്ചിട്ടുണ്ടു്.

ഈയിടെയായിട്ടു് ഇൻഡ്യൻസ്വാതന്ത്ര്യത്തെപ്പറ്റി അദ്ദേഹം മഹത്തായ ഒരു പുസ്തകമെഴുതിവരുന്നുണ്ടു്. ദിവസേന ഒട്ടുവളരെ ഇൻഡ്യൻ ദിനപത്രങ്ങളും, മാസികകളും വായിച്ചു പഠിക്കുന്നതുകൊണ്ടു പ്രസ്തുത വിഷയത്തെപ്പറ്റി എഴുതുന്നതിനു പല ഇൻഡ്യാക്കാരേക്കാളും ഇദ്ദേഹം കൂടുതൽ യോഗ്യൻതന്നെയാണു്. ഇൻഡ്യയെപ്പറ്റി ഇംഗ്ലീഷിൽ എഴുതുന്ന പുസ്തകങ്ങൾ അദ്ദേഹം വായിക്കാത്തവയായി ഒന്നും ഉണ്ടെന്നു തോന്നുന്നില്ല. അദ്ദേഹം നാല്പതു സംവത്സരത്തോളമായി ഇൻഡ്യക്കുവേണ്ടി ചെയ്തുവരുന്ന മഹനീയകൃത്യങ്ങളെ വിസ്മരിക്കയാണെങ്കിൽതന്നെ, ഈ ഒരു മഹൽഗ്രന്ഥംകൊണ്ടു മാത്രം ഇൻഡ്യക്കുവേണ്ടി വിലയേറിയ ഒരു സേവനം അദ്ദേഹം ചെയ്തിട്ടുണ്ടെന്നു് എല്ലാ ഭാരതീയരും സ്മരിക്കേണ്ടതാകുന്നു. തന്മൂലം ഇൻഡ്യയുടെ സ്വാതന്ത്ര്യവിഷയത്തെ ലോകരുടെ ദൃഷ്ടിക്കു വിഷയീഭവിപ്പിക്കയും, അമേരിക്കയും ഇൻഡ്യയും തമ്മിൽ മൈത്രീബന്ധം ഉറപ്പിക്കുകയും, പാശ്ചാത്യദേശവും പൌരസ്ത്യദേശവും തമ്മിൽ ഹാർദ്ദമായ നിലയിൽ വർത്തിക്കുന്നതിനു സഹായിക്കുകയും ചെയ്യുന്നുണ്ടു്. സ്വാതന്ത്ര്യത്തിനുവേണ്ടി എല്ലാദേശത്തും പടവെട്ടേണ്ടതാണെന്നും അവിടെ ജാതിമതങ്ങളെ ഗണിക്കേണ്ടതില്ലെന്നും ആണു് അദ്ദേഹം നമ്മെ പഠിപ്പിക്കുന്നതു്.

സണ്ടർലൻറിൻെറ സ്വഭാവവും പ്രവൃത്തികളും പരിശോധിക്കുകയാണെങ്കിൽ അദ്ദേഹം ഒരു പുരാതനഭാരതീയസന്യാസിയെപ്പോലുള്ള ആളാണെന്നു വ്യക്തമായി മനസ്സിലാകും. സത്യം, നീതി, സ്വാതന്ത്ര്യം, മനുഷ്യസാഹോദര്യം മുതലായവകൾക്കുവേണ്ടി അദ്ദേഹം തൻെറ ജീവിതകാലം മുഴുവനും വിനിയോഗിച്ചിട്ടുണ്ട്. ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അദ്ദേഹം അനവരതം ശ്രമിക്കുന്നതു യാതൊരു സ്വാർത്ഥോദ്ദേശത്തോടും പ്രതിഫലേച്ഛയോടും കൂടിയല്ലെന്ന് അദ്ദേഹത്തിൻെറ ഇതരപ്രവൃത്തികൾ സ്പഷ്ടമായി കാണിക്കുന്നുണ്ട്. അദ്ദേഹം ഒരു യുവാവായിരിക്കുമ്പോൾ തന്നെ ഐക്യനാടുകളിൽ അടിമക്കച്ചവടത്തെ നിറുത്തുന്നതിനുവേണ്ടി മററു മഹാന്മാരുമൊന്നിച്ചു പരിശ്രമിച്ചു. അനന്തരം മതസ്വാതന്ത്ര്യത്തിനുവേണ്ടി അദ്ദേഹം പ്രയത്നിച്ചു. എന്നാൽ അദ്ദേഹം ഒരു മതഭ്രാന്തനല്ല. എല്ലാ ജാതിക്കാരും വർഗ്ഗക്കാരും തമ്മിൽ രഞ്ജിപ്പും സൌഹാർദ്ദതയുമുണ്ടാകണമെന്നാണ് അദ്ദേഹത്തിൻെറ ആഗ്രഹം. അദ്ദേഹം പൌരസ്ത്യദേശങ്ങളിൽ സഞ്ചരിച്ചു പൌരസ്ത്യരെപ്പററി വേണ്ടവണ്ണം മനസ്സിലാക്കിയിട്ടുണ്ട്. അവരിൽ വളരെ താല്പര്യവും അദ്ദേഹത്തിനുണ്ട്. ഇൻഡ്യയിൽ തന്നെ രണ്ടിലധികം പ്രാവശ്യം അദ്ദേഹം വന്നിട്ടുണ്ട്. ഉൽകൃഷ്ടങ്ങളായ ജീവിതാദർശങ്ങളോടുകൂടിയ അദ്ദേഹത്തിൻെറ ഭക്തി എല്ലാവർക്കും അനുകരണീയമായിട്ടുള്ള ഒരു ശ്രേഷ്ഠഗുണമാണ്.

ഈ വാർദ്ധക്യകാലത്ത് —87-ാമത്തെ വയസ്സിൽ— ഒരു ഭാരതീയയുവാവിനേക്കാൾ കൂടുതലായി ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അദ്ദേഹം പരിശ്രമിക്കുന്നുണ്ട്. കർമ്മം ചെയ്യേണ്ടതു തൻെറ കടമയാണെന്നു വിചാരിച്ച് ഭഗവൽഗീതയിലെ ഒരു യോഗിയെപ്പോലെയാണ് അദ്ദേഹം പ്രവർത്തിക്കുന്നതു്. ഫലത്തെപ്പററി അദ്ദേഹം അത്ര ചിന്തിക്കുന്നില്ല.

മർദ്ദിതജനങ്ങളുടെ ബന്ധുവായ സണ്ടർലൻറിനെ നാം ഭക്തിയോടുകൂടി ബഹുമാനിക്കണം. സത്യം, ന്യായം, സ്വാതന്ത്ര്യം, മനുഷ്യസാഹോദര്യം മുതലായ ഉൽകൃഷ്ടാശയങ്ങളെ മുൻനിറുത്തി അവയ്ക്കുവേണ്ടി അക്ഷീണപരിശ്രമം ചെയ്യുന്നതായിരിക്കും ഭാരതീയജനങ്ങൾ അദ്ദേഹത്തോടു ചെയ്യേണ്ട കടമ. അദ്ദേഹം എഴുതിയ ഗ്രന്ഥത്തെ ലോകമൊട്ടുക്കു പ്രചരിപ്പിക്കേണ്ടതു് ഓരോ ഭാരതീയൻെറയും കർത്തവ്യമാണ്.

ഇൻഡ്യ സ്വാതന്ത്ര്യമാർജ്ജിക്കുന്നതിനും, സ്വാതന്ത്ര്യസമ്പാദത്തിനുശേഷം നമുക്കു വിലയേറിയ ഉപദേശങ്ങൾ നൽകുന്നതിനും അദ്ദേഹം നീണാൾ ജീവിക്കുമാറാകട്ടെ! അദ്ദേഹത്തിൻെറ ഓരോ വാക്കുകളും ഭാരതീയനഭോമണ്ഡലത്തിൽ മാറെറാലി കൊള്ളട്ടെ! അവ ഓരോ ഭാരതീയൻെറയും ഹൃദയങ്ങളിൽ കുടികൊള്ളട്ടെ! അതനുസരിച്ചു പ്രവർത്തിക്കട്ടെ! ഭാരതീയർ അദ്ദേഹത്തിൻെറ നാമത്തെ നിത്യവും സ്മരിക്കുമാറാകട്ടെ!

# അദ്ധ്യാപനപദ്ധതി.

## ഭാഷാപാഠങ്ങൾ.

(എം. ജെ. അബ്രഹാം.)

ഗദ്യമായാലും പദ്യമായാലും യഥാൎത്ഥസാഹിത്യം, കല്പനാശക്തിയെ പ്രവൃദ്ധമാക്കുകയും, വിജ്ഞാനത്തിന്റെ ചക്രവാളത്തെ വിസ്തൃതമാക്കുകയും, പരിചയത്തെ പരിഷ്കരിക്കുകയും, തോന്നലുകളെ ഉയൎത്തുകയും, സത്യം പരിശുദ്ധത ഇവയിൽ താല്പൎയ്യം ജനിപ്പിക്കുകയും, മനുഷ്യപ്രകൃതിക്കു് സാദ്ധ്യമായ സന്തോഷത്തിന്റെ ഉയൎന്നപടിയിൽ മനുഷ്യനെ എത്തിക്കുകയും ചെയ്യുന്നു.

ഏതു ഭാഷയിലും സാഹിത്യത്തിന്റെ ഉത്ഭവം പദ്യരൂപത്തിലാണെന്നാണു് പണ്ഡിതമതം. സാഹിത്യാഭിധാനത്തെ അൎഹിക്കുന്ന ഏതു കൃതിയും വികാരോദ്ദീപകമല്ലാതെ പൂൎണ്ണമായി ഹൃദിസ്ഥമാക്കുവാൻ സാധിക്കുകയില്ല. അതിനാൽ കുട്ടികളെ പഠിപ്പിക്കേണ്ടതായ സാഹിത്യഭാഗങ്ങൾ അവരുടെ ഹൃദയത്തിനു് സാദ്ധ്യമായ ഏതെങ്കിലും വികാരത്തെ ഉണൎത്തുവാൻ തക്കതായിരിക്കണം. പഠിപ്പിക്കുന്ന രീതിയും ഇതിനു് അനുയോജ്യമായിരിക്കേണ്ടതാണു്. പദ്യപാഠത്തിനു് ഇപ്പോഴും പലരും സ്വീകരിച്ചുപോരുന്ന അന്വയ (ആകാംക്ഷാ) രീതിയും പദച്ഛേദമുറയും ഇതിനു പ്രതികൂലമാണു്. പദച്ഛേദസമ്പ്രദായത്തെ, ഒരു മനോഹരമായ കുസുമത്തിന്റെ ഓരോ ഇതളെടുത്തു വികൃതമാക്കുന്നതിനോടുപമിക്കാം. ഓരോരുത്തർ ഓരോ തരത്തിലാണു് സാധാരണ പദച്ഛേദം ചെയ്യുന്നതു്. അതിനാൽ പദച്ഛേദസമ്പ്രദായത്തിനു് ഒരു വിലയോ പ്രയോജനമോ കല്പിക്കുവാനില്ല. പദ്യരത്നം സഹസ്രശഃ ഖണ്ഡിക്കുന്ന ഒരുവൻ ആ പദ്യത്തിലാക്കിക്കൊള്ളുന്ന വികാരശക്തിയെ അറിയാതെ അതിനെ അധിഗമിക്കുകയത്രേ ചെയ്യുന്നതു്. നല്ല വായനകൊണ്ടും കഠിനപദങ്ങളുടേയും സമസ്തപദങ്ങളുടേയും വിശദീകരണംകൊണ്ടും, പദച്ഛേദത്തിന്റെ ആവശ്യം സാധിക്കുന്നതിനാൽ അങ്ങനെ ഒന്നു പ്രത്യേകം വേണമെന്നില്ലതന്നെ.

വ്യാഖ്യാനം ആപേക്ഷികമായിരിക്കുന്നു. പദ്യത്തിലെ ആശയങ്ങളെപ്പററി യാതൊരറിവും ഇല്ലാത്ത ഏതു ക്ലാസ്സിലും വിശിഷ്യ പ്രാഥമികക്ലാസ്സുകളിലും ആകാംക്ഷാരീതി പ്രായോഗികമല്ല. മാനസികശക്തികളെ ഉപയോഗിച്ചുള്ള പ്രയത്നം അവിടെ സാധിക്കുന്നില്ലെന്നുള്ളതാണു് ഈ അഭിപ്രായത്തിന്റെ അടിസ്ഥാനം. കൎത്താ, കൎമ്മം, ക്രിയാ, ഭേദകം ഇവയെ സ്ഥാനംതെററി പ്രയോഗിച്ചിരിക്കുമ്പോൾ, പദാൎത്ഥമറിയാതെയും ആശയബോധം ലേശമില്ലാതെയും അവയെ തിരഞ്ഞെടുത്തു യഥാസ്ഥാനം ചേൎക്കുക സുകരമല്ലല്ലോ. നല്ല വായനമൂലം കുട്ടികൾക്കു് ഏകദേശമായ ആശയബോധം ജനിക്കാവുന്ന മാൎഗ്ഗങ്ങളെ സംബന്ധിച്ചു് ആകാംക്ഷാരീ

തി പ്രായോഗികമാണെന്നു പറയാം. വിശദീകരണാനന്തരം അന്വയം കുട്ടികളെക്കൊണ്ടു പറയിക്കുന്നതിൽ ദൂഷ്യമില്ല. കൂടുതൽ ദൃഢപ്പെടുത്തുന്നതിനുവേണ്ടി എന്നല്ലാതെ പാഠഗതിക്ക് അന്വയം കൂടിയേതീരൂ എന്നില്ല. കുട്ടികൾ രൂപീകരിക്കുന്ന അന്വയത്തിലെ തെറ്റുകൾ അപ്പോഴപ്പോൾ യുക്തചോദ്യങ്ങളാൽ ശരിപ്പെടുത്താവുന്നതാണ്.

സംഭാഷണംമൂലം പാഠഭാഗത്തിന് അനുയോജ്യമായ മുന്നറിവ് ഉണർത്തുകയാകുന്നു ആദ്യമായി വേണ്ടത്. അനന്തരം പാഠഭാഗത്തിലെ ആശയങ്ങളും കഠിനപദങ്ങളും നിവൃത്തിയുള്ളിടത്തോളം ചോദ്യം വഴിയായി കുട്ടികൾക്കു പരിചയപ്പെടുത്തണം. അതായതു പാഠഭാഗത്തിലെ ആശയങ്ങളും പദങ്ങളും ഉപയോഗിച്ചു കുട്ടികൾ ഉത്തരം പറയത്തക്കവണ്ണമുള്ള ചോദ്യം പ്രയോഗിക്കുക. സന്ദർഭംകൊണ്ട് അർത്ഥം ഗ്രഹിച്ച് ഉത്തരം പറയുമെന്നുള്ള പദങ്ങൾ മാത്രമേ ഇങ്ങനെ പ്രയോഗിക്കാവൂ. ഈ രീതിയിൽ പരിചയപ്പെടുത്തുവാൻ വഹിയാത്ത കഠിനപദങ്ങളെയും സമസ്തപദങ്ങളെയും വിശദീകരണവേളയിൽ, വാചകങ്ങളിൽ പ്രയോഗിച്ച് സന്ദർഭംകൊണ്ട് അർത്ഥം പറയിച്ചും, അന്വർത്ഥവിവരണംകൊടുത്തും, ഘടന വെളിവാക്കിയും പരിചയപ്പെടുത്തുക. വിശദീകരണത്തിനുമുമ്പ് അർത്ഥദ്യോതകമാംവണ്ണം അദ്ധ്യാപകൻ ഒരു പ്രാവശ്യം വായിക്കണം. ഈ വായന വിശദീകരണത്തിനു സഹായമായിരിക്കേണ്ടതാണ്. വിശദീകരണം മിക്കവാറും വിവരണം കുറഞ്ഞും ചോദ്യംമൂലം ആശയം കുട്ടികളിൽനിന്നും വരുത്തുന്നതായും ഇരിക്കുന്നതാണ് ഉത്തമം. പ്രയോഗവിശേഷത്തെയും മറ്റും വിശദീകരണവേളയിൽ വെളിപ്പെടുത്തണം. ഉയർന്ന ക്ലാസ്സുകളിൽ പ്രത്യേകഭാഗങ്ങൾക്കുള്ള ചമൽക്കാരവും മറ്റും വ്യക്തമാക്കേണ്ടതാണ്. പദ്യഭാഗങ്ങളെ സംബന്ധിച്ചിടത്തോളം പ്രാഥമികക്ലാസ്സുകളിൽ വായന ഒടുവിൽ (ആവർത്തനവും പരിശോധനയും നടത്തുന്നതിനു മുമ്പ്) നടത്തുന്നതാണ് നല്ലത്. വായിക്കുന്നതിൽ സാമർത്ഥ്യമുള്ള ചിലരെക്കൊണ്ടുവേണം ആദ്യം വായിപ്പിക്കേണ്ടത്.

ശാന്തം, കരുണം, ദുഃഖം ആദിയായ രസങ്ങളെ അടക്കിക്കൊള്ളുന്ന ഭാഗം വിശദീകരിക്കുമ്പോൾ ചിരി വരത്തക്ക പദപ്രയോഗമോ അഭിനയമോ സ്വീകാര്യമല്ല. പാഠഭാഗത്തിലെ രസത്തിൽ അദ്ധ്യാപകശ്രോതാക്കൾ ലയിക്കണം. അതിനു പ്രതികൂലമായ രസസ്ഫുരണത്തിനു ഹേതുവുണ്ടാകുന്നതു തെറ്റുതന്നെ. അഹോ! ദൈവമേ! കഷ്ടം! ഹാ! ഇങ്ങനെയുള്ള വ്യാക്ഷേപകപദങ്ങൾ അത്ഭുതം, കരുണം, ഹാസ്യം, ദുഃഖം എന്നീ രസങ്ങൾ വരുത്തേണ്ട ഘട്ടങ്ങളിൽ ഒന്നുപോലെ പ്രയോഗിച്ചിരിക്കും. അതിന്റെ വ്യത്യാസം ഉച്ചരിക്കുന്ന സ്വരംകൊണ്ടും ഭാവംകൊണ്ടും പ്രകാശിപ്പിക്കയത്രേ വേണ്ടത്. സാഹിത്യപാഠത്തിന്റെ ഉദ്ദേശം സഫലമാകണമെങ്കിൽ അതിലടങ്ങിയിരിക്കുന്ന ആശയവിശേഷങ്ങൾ കുട്ടികളുടെ

ഉള്ളിൽ ദ്രവമായി പതിയുകയും, രസം അവരിൽ പ്രതിഫലിക്കുകയും, അതിലെ സന്മാർഗ്ഗതത്വങ്ങൾ അവർക്കു മാർഗ്ഗോപദേശകങ്ങളായിത്തീരുകയും ചെയ്യണം. സാഹിത്യം സംബന്ധിച്ചു പഠിപ്പിക്കാനുള്ളതു ഭാഷാശാസ്ത്രതത്വങ്ങളേയോ വ്യാകരണനിബന്ധനകളേയോ അല്ല. എന്നാൽ സാഹിത്യരസം അനുഭവിക്കുന്നതിന് ഭംഗം വരാതെ ഇവയെ പാഠഗതിയിൽ സ്വീകരിക്കുന്നതിനു വിരോധമില്ല. ഉൽകൃഷ്ടമായ സാഹിത്യരസത്തിൽ ഭംഗം വരുമെന്നു കാണുന്ന ഘട്ടത്തിൽ ഇവയെ വിട്ടുകളയുന്നതും കൊള്ളാം. ചികിത്സാപുസ്തകം ഔഷധമാകാത്തതുപോലെ ഭാഷാചരിത്രമോ ഭാഷാനിയമങ്ങളോ സാഹിത്യമാവുകയില്ല. ഒരു ഗ്രന്ഥകാരന്റെ ജീവചരിത്രവും കൃതികളുടെ നിരൂപണവും മററും വിവരിക്കുന്ന ഒരു പുസ്തകം വായിക്കുന്നതു പ്രസ്തുതഗ്രന്ഥകാരന്റെ കൃതികൾ വായിക്കുന്നതിന് ഒരു പ്രലോഭനവും മാർഗ്ഗദർശകവുമായിരിക്കുമെന്നല്ലാതെ അവ വായിക്കുന്നതിന്റെ ഫലമുണ്ടാകുന്നതല്ലല്ലോ.

ഗദ്യപദ്യസമ്മിശ്രമായ ഭാഷാപാഠങ്ങളെ പൊതുവെ നാലുതരമായി തിരിക്കാം.

1. ആശയവും ഭാഷയും ലളിതം—ഈതരത്തിലുള്ള ഭാഗങ്ങൾ വായിപ്പിച്ചു വാങ്മൂലചോദ്യോത്തര പരിശോധന നടത്തിയാൽ മതിയാകും. ഇതിനും പ്രാരംഭസംഭാഷണമുണ്ടായിരിക്കേണ്ടതാണ്.

2. ഭാഷ കഠിനം, ആശയം ലളിതം—ഇങ്ങനെയുള്ള പാഠങ്ങൾ ഭാഷയുടെ കാഠിന്യംകൊണ്ടു സുഗ്രാഹ്യമല്ലാതിരുന്നേക്കാം. സംഭാഷണദ്വാരാ ആശയം വ്യക്തമാക്കുക. ആശയബോധമുണ്ടാകുന്നതോടുകൂടി ആ ആശയം അടക്കിക്കൊള്ളുന്ന പദാവലിയും ഏറെക്കുറെ പരിചയപ്പെടും. കൂടാതെ കഠിനപദങ്ങളെ വാക്യങ്ങളിൽ പ്രയോഗിച്ചും അവയുടെ അർത്ഥവിവരണം കൊടുത്തും സമസ്തപദമുണ്ടെങ്കിൽ വിഗ്രഹിച്ചും പദപരിചയവും പ്രയോഗപ്രാഗത്ഭ്യവും പ്രവൃദ്ധമാക്കുകയത്രേ വേണ്ടതു്. വായന ഒടുവിൽ നടത്തുന്നതു നന്നായിരിക്കും.

3. ഭാഷ ലളിതം, ആശയം കഠിനം—ഇവയുടെ വായന വിശദീകരണത്തിനു മുൻപു നടത്തുന്നതു പ്രയോജനകരമത്രെ. ഭാഷ ലളിതമായതുകൊണ്ടു വായിക്കുന്നതിൽ വലിയ പ്രതിബന്ധം നേരിടുകയില്ല. വായനമൂലം സിദ്ധിക്കാവുന്നിടത്തോളം ആശയബോധം കുട്ടികൾ സമ്പാദിച്ചിരിക്കുന്നതു വിശദീകരണത്തിനു സഹായമായിരിക്കുകയും ചെയ്യും. ആശയം ലാഘവപ്പെടുത്തിക്കൊടുക്കുന്നതിനു പററിയ ചോദ്യങ്ങൾ, ദൃഷ്ടാന്തങ്ങൾ, ചിത്രങ്ങൾ, മററുപകരണങ്ങൾ, അദ്ധ്യാപകമനോധർമ്മം ഇവയുടെ സഹായത്താൽ ആശയം വ്യക്തമാക്കിക്കൊടുക്കണം.

4. ആശയവും ഭാഷയും കഠിനം—ആശയകാഠിന്യത്തെ മേൽപ്പറഞ്ഞ രീതിയിൽ ലാഘവപ്പെടുത്തുക. ലളിതമായ ഭാഷയിൽ വിശദീകര

ണം നടത്തുക. ഭാഷ കഠിനമായിട്ടുള്ള ഭാഗത്തിനു നിർദ്ദേശിച്ചിരിക്കുന്ന രീതി അംഗീകരിച്ച് ആ വിഷമത്തേയും നിവാരണം ചെയ്യുക. വായന ഒടുവിൽ മാത്രം (പരിശോധനക്കു മുമ്പു) നടത്തണം. ഇത്രയുമാണ് ഈ തരത്തിലുള്ള പാഠഭാഗത്തെ സംബന്ധിച്ച പ്രത്യേകം പ്രവർത്തിപ്പാനുള്ളത്.

---

# * ആസ്തികവിദ്യാഭ്യാസം

(രാമവർമ്മ അപ്പൻതമ്പുരാൻ)

അത്യന്തസുഖവും സമ്പൂർണ്ണസ്വാതന്ത്ര്യവും സ്വാനുഭവത്തിൽ കൊണ്ടുവരുവാനുള്ള വാസനാവിശേഷമാകുന്നു മനുഷ്യജീവിതത്തിൽ ദൃഢമൂലമായി കിടക്കുന്ന പ്രേരകശക്തി. ഈ വിശിഷ്ടവാസനാബീജം അന്തരാത്മാവിൽ ലീനമായി കിടക്കുന്നു. വിത്തുവിതച്ചിരിയ്ക്കുന്ന ക്ഷേത്രമാകുന്നു ശരീരം. പോഷകസാധനങ്ങളാകുന്നു ബുദ്ധിയും മനസ്സും. ആരോഗ്യവും ബുദ്ധിവികാസവും മനസ്സംസ്കാരവും വർദ്ധിച്ചുവരുന്തോറും നിത്യസുഖാനുഭവത്തിന്റെ അങ്കുരം ആത്മാവിൽ പൊട്ടിത്തഴച്ചു ശാഖോപശാഖകളായി വളർന്നു ഫലോന്മുഖമായി പരിണതദശയിൽ പരമാനന്ദവും പരമമായ സ്വാതന്ത്ര്യവും അനുഭവപ്പെടുന്നു. അതുതന്നെയാണ് മുക്താവസ്ഥ. ഈ അവസ്ഥാലാഭത്തിനു യോജിയ്ക്കുന്നതായ വിജ്ഞാനസമ്പാദനരീതി ഇഹലോകത്തിൽ സാമാന്യേന പ്രായോഗികമാക്കിത്തീർക്കുന്ന കാര്യം അസാദ്ധ്യമാകുന്നു. വിദ്യാഭ്യാസനസമ്പ്രദായങ്ങളിൽ അതീന്ദ്രിയമായ ഈ ആദർശം പൂർവ്വാചാര്യന്മാർ അവരുടെ പരോക്ഷാനുഭൂതിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് രേഖപ്പെടുത്തിട്ടുള്ള വചനങ്ങളുടെ പ്രാമാണ്യത്തിൽ ദൃഢമായി വിശ്വാസം ഉള്ളവർക്ക് മാത്രമേ സുഗ്രാഹ്യവും സ്വീകാര്യവും ആയിത്തീരുകയുള്ളൂ. സാധാരണലോകം ഭിന്നരുചിയും ക്ലേശഭീരുവും പ്രത്യക്ഷാനുഭവത്തിൽ മാത്രം വിശ്വസിയ്ക്കത്തക്ക വികൃതവാസനാബന്ധത്തോടുകൂടിയതുമാകുന്നു. വസ്തുസ്ഥിതി ഈ വിധത്തിൽ ഇരിയ്ക്കേ, പാരലൗകികമായ ആദർശം എത്രതന്നെ ആശാസ്യമായിരുന്നാലും വിദ്യാഭ്യാസവിഷയത്തിൽ ലൗകികമായ ഒരു ആദർശവിശേഷം സ്വീകരിയ്ക്കാതെ തരമില്ല.

ലൗകികമായ ആദർശം പ്രവൃത്തിപരവും ആമുഷ്മികമായതു നിവൃത്തിപരവുമാകുന്നു. ഈ രണ്ടു മാർഗ്ഗങ്ങളിൽക്കൂടിയാണ് വിദ്യാതത്വനിപുണന്മാർ പഠനരീതിയെ പണ്ടു നയിച്ചിരുന്നതും കാലാനുസാരേണ അതിൽ വേണ്ടുന്ന ഭേദഗതികൾ ഇടക്കാലങ്ങളിൽ ചെയ്തിരുന്നതും ആകാവുന്ന മാറ്റങ്ങൾ ഇപ്പോൾ ചെയ്തുവരുന്നതും. മേൽപറഞ്ഞ രണ്ടുതരം വിദ്യാഭ്യാസ

* The Teachers' Magazine.

പദ്ധതികൾ ഒരു നോട്ടത്തിൽ വിഭിന്നങ്ങളെന്നു തോന്നിയേക്കാമെങ്കിലും വസ്തുസ്ഥിതി സൂക്ഷ്മമായി പര്യാലോചിക്കുന്നതായാൽ രണ്ടും തമ്മിൽ യാതൊരു വിരോധവും ഇല്ലെന്നല്ല രണ്ടിന്റേയും പ്രയോജനം ഒന്നാണെന്നും സ്പഷ്ടമാവുന്നതാണ്. നിവൃത്തിപരവും പ്രവൃത്തിപരവും ആയ പഠനരീതികൾ ഒരേ ഒരു സാദ്ധ്യത്തെ ലക്ഷീകരിച്ചു പരസ്പരസഹകാരികളായി പ്രാചീനഗുരുകുലവിദ്യാഭ്യാസസമ്പ്രദായത്തിലും സനാതനവർണ്ണാശ്രമാചാരധർമ്മങ്ങളിലും പൂർവ്വാചാര്യന്മാർ പ്രകാശിപ്പിച്ചിരുന്നു. ഗുരുകുലസമ്പ്രദായവും ലോകവും ഇണങ്ങിക്കഴിയുവാൻ അന്നത്തെ കാലവും അനുവദിച്ചിരുന്നു.

ലോകത്തിന്റെ അവസ്ഥയുടെ മാററം ജനതയുടെ മനഃസ്ഥിതിയും അവസ്ഥാഭേദങ്ങൾക്കുള്ള പ്രത്യക്ഷകാരണം മനഃസ്ഥിതിയിൽ വരുന്ന മാററങ്ങളും ആകുന്നു. അതുതന്നെയാണ് ലോകഗതിയെന്നു പറയുന്നതു്. ജീവസന്ധാരണം ജീവികൾക്കെല്ലാം ഒഴിച്ചുകൂടാത്ത ഒരു കൃത്യമാണ്. ജീവരക്ഷയ്ക്കുള്ള ഉപായങ്ങൾ കണ്ടുപിടിക്കുവാൻവേണ്ട വാസനാബലവും പ്രാണനുള്ള വസ്തുക്കൾക്കൊക്കെ സഹജമാണ്. എന്നാൽ വിശേഷബുദ്ധിയോടുകൂടി സൃഷ്ടിക്കപ്പെട്ട മനുഷ്യവർഗ്ഗത്തിന് ഒരു വിശേഷമുണ്ട്. മനുഷ്യർ കേവലജീവസന്ധാരണമാത്രംകൊണ്ടു തൃപ്തിപ്പെടുന്നില്ല. അവർ വ്യാവഹാരികലോകകാര്യങ്ങളിൽ സഹകരിക്കുവാൻ ആഗ്രഹിക്കുകയും വിഷയസുഖങ്ങളിൽ തല്പരന്മാരായിത്തീരുകയും ചെയ്യുന്നു. ഭിന്നരുചിയായ ലോകം അനിത്യങ്ങളായ വിഷയസുഖങ്ങളിൽ ആസക്തരായിത്തീരുമ്പോൾ സാപേക്ഷങ്ങളും നശ്വരങ്ങളുമായ സുഖാനുഭോഗങ്ങൾക്കു പ്രതിബന്ധങ്ങൾ നേരിടുന്നു. അപ്പോൾ സ്വാർത്ഥപ്രതിപത്തിമൂലം സഹകരണേച്ഛയും സുഖേച്ഛയും വിരുദ്ധങ്ങളായിത്തീർന്നു് പ്രവൃത്തിപരമായ അംശം മലിനീഭവിക്കുകയും ലോകസാമാന്യത്തിന്റെയും ഓരോ ജനതയുടേയും ഓരോരോ വർഗ്ഗത്തിന്റെയും, എന്നു വേണ്ട, ഓരോ മനുഷ്യവ്യക്തിയുടേയും തന്നെ ശ്രേയസ്സിനു ഹാനികരമായിത്തീരുകയും ചെയ്യുന്നു. സ്വൈരവും സമാധാനവുമാകുന്നു യഥാർത്ഥസുഖത്തിന്റെ പ്രത്യക്ഷചിഹ്നങ്ങൾ. സംതൃപ്തിയില്ലാത്തിടത്തു സ്വൈരവും സമാധാനവും ഇരിക്കുന്നതല്ല. ജീവിതമാത്സര്യം സംതൃപ്തിയുടെ ലക്ഷണമല്ല. ലൗകികമായ ബാഹ്യപരിഷ്കാരവും സാത്വികമായ മനസ്സംസ്കാരവും തുല്യാർത്ഥങ്ങളായ പര്യായശബ്ദങ്ങളുമല്ല.

ഉത്തമരീതിയിൽ പണ്ടു നിർബ്ബാധം പ്രചരിച്ചിരുന്ന ഗുരുകുലവിദ്യാഭ്യാസരീതിക്കു ചലനവും സ്ഖലനവും എങ്ങിനെ വന്നുവെന്നും ആധുനികാവസ്ഥയിൽ എങ്ങിനെ എത്തിച്ചേർന്നുവെന്നും ഉള്ള ചോദ്യങ്ങൾക്കു ഇന്ത്യാചരിത്രംതന്നെ തക്ക സമാധാനം പറയുന്നതാണ്. പ്രവൃത്തികൊണ്ടു നിവൃത്തിസമ്പാദിക്കുന്ന കാലം പോയി പ്രവൃത്തിക്കുതന്നെ നിവൃത്തി

MADRAS

യില്ലാത്ത കാലത്തിൽ ഭാരതീയരായ നാം എങ്ങിനെ വഴിതെറ്റിവന്ന[illegible]ന്നുവെന്നും ചരിത്രംതന്നെ നമ്മോടു ഉപദേശിയ്ക്കുന്നതാണു്. ശാന്തശീലയായ ഭാരതമാതാവു ലോകാനുഗ്രഹത്തിന്നായി നീട്ടിയ കൈകളിൽക്കൂടി മാതൃഹൃദയത്തിൽ വിദേശീയ വിഷമാണു ബാധിച്ചതു്. സൌഭാഗ്യവതിയും സുമംഗലിയും ആയി സുഖജീവിതം നയിച്ചിരുന്ന വന്ദ്യമാതാവിന്റെ പുരാതന പുണ്യസന്താനങ്ങൾ വിദേശീയരുടെ ആദൎശവൈചിത്ര്യത്തെ പ്രത്യക്ഷപ്പെടുത്തുവാൻ ലോകമാസകലം കൊണ്ടുനടന്ന ദീപത്തിന്റെ പ്രകാശം മാതാവിന്റെ സമ്പത്തു സൂക്ഷിച്ചിരുന്ന ഭണ്ഡാഗാരത്തിന്റെ മഹിമയിൽ അവൎക്കു് ഔത്സുക്യത്തെ ഉദ്ദീപിപ്പിയ്ക്കുവാൻ മാത്രമാണു പൎയ്യാപ്തമായതു്. വിദേശീയരുടെ ആക്രമണം നിമിത്തം ഉത്ഭവിച്ച അനൎത്ഥങ്ങളും അന്തഃച്ഛിദ്രങ്ങളും അവരുടെ സമ്പൎക്കവും അഭിഭവവുംകൊണ്ടു സമ്മിശ്രമായ ജീവിതമൎയ്യാദയും സ്വൈരക്കേടും ഒടുവിൽ വിദേശീയാധിപത്യപ്രതിഷ്ഠയോടുകൂടി ഭാരതീയരുടെ പരിശുദ്ധമായ പുരാതനാദൎശത്തിന്നു സംഭവിച്ച തടവും ഉടവും കേവലം സാമ്പത്തികവിദ്യാഭ്യാസത്തിന്റെ പ്രചാരണവും ഇന്ത്യയുടെ ഏതൽക്കാലപൎയ്യന്തമുള്ള ചരിത്രത്തിൽനിന്നു ഗ്രഹിയ്ക്കേണ്ടതും ഗ്രഹിക്കാവുന്നതും ആകയാൽ ഈ ചെറുലേഖനത്തിൽ പ്രകൃതമായി സ്വീകരിയ്ക്കേണ്ട ആവശ്യമില്ല.

ഇപ്പോൾ നടന്നുവരുന്ന പാഠസമ്പ്രദായം ഉദരപൂരണത്തിന്നുള്ള രാജവീഥിയുടെ മുഖം അടയാതിരിയ്ക്കുവാനല്ലാതെ വിദ്യയുടെ പ്രഥമോദ്ദേശമായ ബുദ്ധിവികാസത്തിലേയ്ക്കും മനസ്സംസ്കാരത്തിലേയ്ക്കും ഉള്ള ദുൎഘടമാൎഗ്ഗങ്ങൾ തെളിയിയ്ക്കുന്നതിന്നു മതിയാവുന്നില്ലെന്നു പരക്കെ അനുഭവപ്പെട്ടേത കാൎയ്യമാണു്. വിദ്യാഭ്യാസരീതിയിൽ അധികൃതന്മാർ ചെയ്യുന്ന മാറ്റങ്ങളും ദാരിദ്ര്യനിവൃത്തിക്കായി ശൂന്യഗൃഹങ്ങളിൽ ചെന്നു മുട്ടുന്നതല്ലാതെ ശിക്ഷകശീട്ടുവാങ്ങുന്നവരുടെ ക്ഷുത്തു തീൎക്കാനോ പരസഹായംകൂടാതെ സ്വജീവിതം നയിക്കുവാൻ തക്ക ത്രാണിയുണ്ടാക്കുവാനോ ഉപകരിയ്ക്കുന്നില്ല. ജീവിതമത്സരത്തിൽ മതിമറന്നിട്ടുള്ള ദോഷം പിന്നെയും നിലയിൽതന്നെ നിൽക്കുന്നതേയുള്ളൂ. സാമ്പത്തികവിദ്യാഭ്യാസവും സമ്പൽസമ്പാദനസൌകൎയ്യങ്ങളും വിദേശങ്ങളിൽ മൂൎദ്ധന്യദശയെ പ്രാപിച്ചിരിയ്ക്കുന്ന ഇക്കാലത്തു് ഇന്ത്യയിൽ അത്തരം വിദ്യാഭ്യാസക്കുഴപ്പം പ്രാരംഭഘട്ടത്തിൽ എത്തിയിട്ടേ ഉള്ളൂ. സുഖസ്വാതന്ത്ര്യങ്ങൾ മുഴുവനും സമ്പത്തിലാണോ പ്രതിഷ്ഠിതങ്ങളായിരിയ്ക്കുന്നതെന്നു അമേരിക്കക്കാർകൂടി സംശയിക്കുവാൻ തുടങ്ങുന്നുവെങ്കിൽ ഭാരതഭൂമിയിൽ ഉറച്ചുകിടക്കുന്ന ആസ്തിക്യത്തിന്റെ അസ്തിവാരം അടിയോടെ ഇളക്കിമറിക്കുവാൻ ശ്രമിക്കുന്നതു് ആപത്തിനെ ക്ഷണിച്ചുവരുത്തുകയാണെന്നു നിശ്ചയമാണു്.

പൌരധൎമ്മം അനുഷ്ഠിയ്ക്കുവാൻ ആളുകൾ ഇപ്പോൾ ഇല്ലെങ്കിൽ 'രാജ്യാഭിമാനം' എന്ന ശബ്ദം നിരൎത്ഥകമാണു്. സത്യം, സമഭാവന, ത്യാഗം,

പരാൎത്ഥബോധം മുതലായ പൌരധൎമ്മങ്ങൾ ബുദ്ധിവികാസവും മനസ്സംസ്കാരവും കൂടാതെ ഉണ്ടാവുന്നതല്ല. ആസ്തിക്യത്തോടു വേർപിരിഞ്ഞു നില്ക്കുന്നതുമല്ല. ആധുനികലൌകികവിദ്യാഭ്യാസരീതിയിൽ വിദ്യയുടെ ആന്തരഗുണങ്ങൾക്കു് അവകാശം ലഭിയ്ക്കുന്നില്ലെന്നോ പ്രകാശം മതിയാകുന്നില്ലെന്നോ ഉള്ള ബോധമാകുന്നു ശാന്തിനികേതം, ഗുരുകുലം, സബർമതി എന്നു തുടങ്ങിയ വിശേഷവിദ്യാപീഠങ്ങൾ സ്ഥാപിയ്ക്കുവാൻ സംഗതിയായതു്. ഈ സ്ഥാപനങ്ങളെല്ലാം ആസ്തിക്യത്തിലാണു് അടിയുറപ്പിച്ചിരിയ്ക്കുന്നതെങ്കിലും ഏറെക്കുറെ ഓരോ പ്രത്യേകമതാന്തരങ്ങളെ ആശ്രയിച്ചുനില്ക്കുന്നതുകൊണ്ടു സൎവ്വസാധാരണമായിത്തീരുവാൻ പ്രയാസമുണ്ടു്. ജാതിമതഭേദംകൂടാതെ സാമാന്യേന ഉപകരിയ്ക്കുന്നതും ലൌകികകാൎയ്യങ്ങൾക്കു വിരോധമില്ലാത്തതും ആയ ഒരു ആസ്തികവിദ്യാഭ്യാസരീതി ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിയ്ക്കുന്നതു്. സകലസാമാന്യവിദ്യാലയങ്ങളിലും മേൽപറഞ്ഞപോലെയുള്ളൊരു പാഠസമ്പ്രദായം ഏൎപ്പെടുത്തുന്നതു സുസാദ്ധ്യമല്ലെങ്കിലും അസാദ്ധ്യമല്ലെന്നാണു് ഈ ലേഖകന്റെ വിശ്വാസം.

ഒന്നു മുതൽ പത്തുവരെയുള്ള പടവികളിൽ എല്ലാ സ്വാദ്ധ്യായദിവസങ്ങളിലും അര മണിക്കൂറെങ്കിലും ആസ്തികപാഠത്തിന്നു് ഒഴിച്ചിടണം. പാഠക്രമം അദ്ധ്യാപകന്മാർ മനസ്സിൽ ധരിച്ചിരിയ്ക്കുന്നതല്ലാതെ മുൻകൂട്ടി ഒരുങ്ങുവാൻ കുട്ടികളോടു് ആവശ്യപ്പെടരുതു്. മററു പാഠങ്ങളിൽ ക്ലേശിച്ചു ബുദ്ധിമുട്ടുന്നതിന്നു മുമ്പായി ഒരു സമയം വേണം ആസ്തികപാഠം നടത്തുവാൻ. പരീക്ഷക്കു് ഇതൊരു നിബ്ബന്ധവിഷയമാകാതെ വിദ്യാൎത്ഥികൾക്കു് അഭിരുചിയും ആവേശവും ഉണ്ടാക്കത്തക്കവിധത്തിലായിരിക്കണം അദ്ധ്യാപനരീതി. പാഠവിഷയങ്ങൾ തിരഞ്ഞെടുക്കുന്നതു ജാതിമതാചാരഭേദങ്ങളിൽ പക്ഷപാതത്തോടുകൂടിയാവരുതു്. പ്രതിപാദനസമ്പ്രദായത്തിലും പക്ഷപാതിത്വത്തിന്നു് അവകാശം കൊടുക്കരുതു്. നല്ലതെല്ലാം നല്ലതെന്ന ബോധത്തിന്നു് ഒരിടത്തും തടസ്സംവരാതെ പ്രത്യേകം സൂക്ഷിക്കണം.

മേൽവിവരിച്ച നിബന്ധനകൾക്കനുസരിച്ചു സ്വീകാൎയ്യങ്ങളായ പാഠവിഷയങ്ങളെ ജാതിതിരിച്ചു പരിഗണിക്കുന്നതായാൽ—1. സദാചാരകഥകൾ, 2. സത്യം, മൎയ്യാദ, ധൈൎയ്യം, സ്ഥൈൎയ്യം, സ്നേഹം, ത്യാഗം മുതലായ മനോഗുണങ്ങളെ ഉദാഹരിക്കുന്ന സദ്വൃത്തചരിതങ്ങൾ, 3. പരഭാഗപ്രകാശനംകൊണ്ടോ മററു വിധമോ ദുർവൃത്തദൂഷണപരങ്ങളായ ഇതിഹാസങ്ങൾ, 4. ശൌൎയ്യവീൎയ്യപരാക്രമങ്ങൾക്കു് ഉത്തമോദാഹരണങ്ങളായ പൂൎവ്വചരിത്രങ്ങൾ, 5. പുണ്യപുരുഷന്മാരുടെ ജീവചരിത്രങ്ങൾ, 6. ലോകപരിജ്ഞാനം, ആലോചനാശക്തി, വിവേകം മുതലായ ബുദ്ധിഗുണങ്ങളെ പ്രകാശിപ്പിയ്ക്കുന്ന മഹച്ചരിതങ്ങൾ, 7. മതപ്രസ്ഥാപകന്മാരും ആ

വരുടെ ജീവിതാദൎശങ്ങളും, 8. മതങ്ങളും അവയുടെ മൂലതത്വങ്ങളും, 9. മതങ്ങളും ശാസ്ത്രസിദ്ധാന്തങ്ങളും തമ്മിലുള്ള യോജിപ്പ്, മതങ്ങളും ലോകവ്യവഹാരങ്ങളും തമ്മിലുള്ള ബന്ധം, എന്നു തുടങ്ങിയ വാദവിഷയങ്ങളുടെ തത്വചിന്ത, 10. ആസ്തിക്യവിചാരം—ഇങ്ങിനെ പല സാമാന്യഭാഗങ്ങളായി തിരിക്കാവുന്നതാണു്. ഈ പാഠഫലങ്ങൾ പ്രയോജനത്തിൽ കൊണ്ടുവരുവാനുള്ള അവസരങ്ങളും വിദ്യാൎത്ഥികൾക്ക് ഉണ്ടാക്കിക്കൊടുക്കേണ്ടതാണു്.

പാഠങ്ങളെ ബാലവിദ്യാൎത്ഥികളുടെ ഗ്രഹണശക്തിക്കനുസരിച്ചു ക്രമപ്പെടുത്തി പഠിപ്പിയ്ക്കുന്നതായാൽ അതുകൊണ്ടു് അവൎക്കുണ്ടാവുന്ന മനസ്സംസ്കാരവും ബുദ്ധിക്കു വികാരവും ലൌകികകൃത്യങ്ങൾക്കു സുകരതയേയും ആസ്തിക്യബോധത്തിനു ദൃഢതയേയും ലോകത്തിനു ശ്രേയസ്സിനേയും പ്രദാനം ചെയ്യുന്നതാണു്. പാഠവിഷയങ്ങൾ ആവുന്നതും സ്വരാജ്യസംബന്ധികളാൽ ഉത്തമഫലപ്രദവും ആയിരിക്കും.

എന്നാൽ ഫലപ്രാപ്തി ഒട്ടുമുക്കാലും ഗുരുക്കന്മാരുടെ ഗുണങ്ങളെ അപേക്ഷിച്ചാണു് ഇരിക്കുന്നതു്. കുട്ടികൾ കേട്ടു പഠിക്കുന്നതിനേക്കാൾ കണ്ടു പഠിക്കുവാൻ പ്രകൃത്യാ വാസനയോടും മനശ്ശുദ്ധിയോടും കൂടിയവരാണു്. ഉദാസീനന്മാരായ ഗുരുക്കന്മാൎക്കു താദൃശന്മാരായ ബാലന്മാരിൽ ഉദ്ദിഷ്ടഗുണങ്ങളെ അനായാസേന പ്രതിഷ്ഠിക്കുവാൻ എത്രത്തോളം സാദ്ധ്യമാണെന്നു പരീക്ഷിച്ചുനോക്കിയാൽതന്നെ അറിഞ്ഞുകൂടും. വേണ്ടവിധം ഉപദേശിക്കുവാൻ ആളുകൾ ഇല്ലെങ്കിൽ വിപരീതഫലം തേടുന്നതിനേക്കാൾ ഉള്ളതുകൊണ്ടു തൃപ്തിപ്പെടുന്നതായിരിക്കും ഉത്തമം.

---

## പുസ്തകാഭിപ്രായം.

### (1) ഐതിഹ്യമാല (അഞ്ചാംഭാഗം)

ഗ്രന്ഥകൎത്താവ്, കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി

മംഗളോദയംപ്രസ്സ്, തൃശ്ശിവപേരൂർ: വില 1 0 0

ഐതിഹ്യങ്ങൾ ഒരു രാഷ്ട്രത്തിന്റെ ചരിത്രനിൎമ്മാണത്തിനുള്ള അസ്ഥിക്കൂട്ടുകൾ ആകുന്നു. അവ സ്ഥലചരിത്രങ്ങൾ, ക്ഷേത്രമാഹാത്മ്യങ്ങൾ എന്നിങ്ങിനെ വിവിധരീതികളിൽ കാണുമാറുണ്ടു്. കേരളത്തെ സംബന്ധിച്ചും ഈവക ഐതിഹ്യങ്ങൾ അപൂൎവങ്ങളല്ല. എങ്കിലും അഭിമാനകരമായ ഒരു ചരിത്രം കേരളത്തെ സംബന്ധിച്ച് ഇന്നിയും ഉണ്ടായിട്ടില്ലായെന്നൊരാക്ഷേപം പരക്കെ ഉള്ളതാണു്. അഭിമാനകരമായ ഒരു ചരിത്രം കേരളത്തിനു് ഇല്ലായ്കയല്ല, അവക്കടിസ്ഥാനമായിരിക്കുന്ന സംഗതികളെ തേടിപ്പിടിച്ചു സമാഹരിക്കായ്കയാണു് വാസ്തവത്തിൽ ആക്ഷേ

പാഠമായിരിക്കുന്നതു്. ഏതു വിഷയത്തിൽ ലഘുവായിട്ടെങ്കിലും വല്ല പരിശ്രമവും വല്ലവരും ചെയ്യുന്നുണ്ടെങ്കിൽ, അവർ ജനസാമാന്യത്തിന്റെ സീമാതീതമായ കൃതജ്ഞതയെ യഥാർത്ഥമായി എന്നും അർഹിക്കുന്നവരായിരിക്കും. ഈ അവസരത്തിൽ കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി അവർകളുടെ ഐതിഹ്യമാലാഗ്രന്ഥാവലി, ഭാഷാസാഹിത്യത്തിൽ നൂതനമായ ഒരു പ്രസ്ഥാനത്തെ തുറന്നുതന്നിരിക്കുന്നു എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഈ ഗ്രന്ഥാവലി പണ്ഡിതന്മാർ, ഇടത്തരക്കാർ മുതലായ എല്ലാത്തരം വായനക്കാർക്കും ഒരുപോലെ വായിച്ചു രസിക്കാൻ വകയുള്ള ഒന്നാണു്. ഒരു മഹാൻ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ, "അവക്കു ചരിത്രത്തിന്റെ യാഥാർത്ഥ്യവും — ആഖ്യായികകളുടെ മനോധർമ്മവും — പുരാണങ്ങളുടെ പഴക്കവും" ഉണ്ടെന്നുള്ളതു പരമാർത്ഥമാകുന്നു.

ഞങ്ങളുടെ ശ്രദ്ധക്കു വിഷയീഭവിച്ചിട്ടുള്ള ഈ "ഐതിഹ്യമാല" അഞ്ചാം ഭാഗത്തിൽ വിവിധവിഷയങ്ങളെ സംബന്ധിച്ചുള്ള പതിനെട്ടു ഐതിഹ്യങ്ങളാണു് പ്രതിപാദിച്ചിട്ടുള്ളതു്. അവ ഓരോന്നും ഗ്രന്ഥകർത്താവിന്റെ ചരിത്രാന്വേഷണതല്പരതയേയും, സാഹിത്യകുശലതയേയും വിവിധവിഷയങ്ങളെക്കുറിച്ചുള്ള സാമാന്യപരിജ്ഞാനത്തേയും ഏറക്കുറെ വെളിപ്പെടുത്തുന്നുണ്ടു്. വിശേഷിച്ചു് "പള്ളിപ്പുറത്തുകാവു്, കൊട്ടാരക്കര ചന്ദ്രശേഖരൻ" മുതലായ ദീർഘങ്ങളായ ഐതിഹ്യങ്ങൾ എത്രയും ഹൃദയാവർജ്ജകങ്ങളായും ഇരിക്കുന്നു. ഇവയുടെ പാരായണംകൊണ്ടു്, ഈശ്വരവിശ്വാസം, ധർമ്മനിഷ്ഠ, സ്വരാജ്യസ്നേഹം, ത്യാഗശീലം, സ്വാമിഭക്തി, കൃതജ്ഞത എന്നീ ഉൽകൃഷ്ടങ്ങളായ പല ഗുണങ്ങളും പഠിതാക്കളിൽ അങ്കുരിക്കുന്നതാണു്. ഇതിനും പുറമേ, കേരളീയരുടെ പല ആചാരങ്ങൾ, വിനോദങ്ങൾ, വിശ്വാസങ്ങൾ മുതലായവയും ഈ ഗ്രന്ഥത്തിൽ അവിടവിടെ നിഴലിച്ചുകാണുന്നുണ്ടു്. അകൃത്രിമമായ ഇതിലെ ഭാഷാരീതി, ഇക്കാലത്തു പുറപ്പെട്ടുകാണുന്ന മററു പല പുസ്തകങ്ങളെക്കാൾ സ്തുത്യർഹമായ ഒരു വ്യത്യസ്തമായിരിക്കുന്നു എന്നുകൂടി പറയേണ്ടിയിരിക്കുന്നു. വിദ്യാവൃദ്ധനും വയോവൃദ്ധനുമായിരിക്കുന്ന മിസ്റ്റർ ശങ്കുണ്ണിക്കു തന്റെ സാഹിത്യപരിശ്രമം വീണ്ടും തുടർന്നുകൊണ്ടുപോകുന്നതിനുവേണ്ട ആയുസ്സും ഓജസ്സും സർവ്വശക്തനായ ദൈവം നല്കുമാറാകട്ടെ.

---

### ഭാഷാവിലാസം.

എട്ടാം പുസ്തകം.

[മാനേജർ, കവനകൌമുദി, കോട്ടയ്ക്കൽ]

വില 1 ക.

മാസികകൾക്കും പത്രങ്ങൾക്കും മററും വിശേഷാൽപ്രതികൾ പ്രസിദ്ധപ്പെടുത്തുന്ന സമ്പ്രദായം മലയാളത്തിൽ ആദ്യമെ തുടങ്ങിയതു കവന

കൌമുദിക്കാരാണെന്നു തോന്നുന്നു. അതു് ഇപ്പോൾ പലരും അനുകരിച്ചുകാണുന്നുണ്ടു്. എന്നാൽ ഇതു കവനകൌമുദിയുടെ വിശേഷാൽപ്രതികളിൽ എട്ടാമത്തേതാണെങ്കിലും മററുള്ള വിശേഷാൽപ്രതികളെ ഒന്നിനേയും താഴ്ത്തിക്കളഞ്ഞു എന്നു പറയാൻ ഇടവരുത്തിയിട്ടില്ല. ഇതിൽ 21 വിഷയങ്ങൾ ഉള്ളതിൽ 12 എണ്ണം 'കടക്കാലിന്റെ ഉള്ളിൽ വിരൽ പോയി' ഇത്യാദി കവനങ്ങളാണു്. ഗദ്യപ്രബന്ധങ്ങളിൽ 'വിദ്യാഭ്യാസം അന്നും ഇന്നും' എന്ന വിഷയത്തെപ്പററി മിസ്റ്റർ കെ. വി. ശങ്കരൻനായർ ഒരു ലേഖനം എഴുതികാണുന്നതു നന്നായിരിക്കുന്നു. പക്ഷേ, അതിൽ ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയെ പഴിക്കുന്നുണ്ടെങ്കിലും പ്രായോഗികമല്ലാത്ത ചില രീതികളെയാണു നിർദ്ദേശിച്ചുകാണുന്നതു്. 'മലയാളഭാഷാപുസ്തകങ്ങളും, അവയുടെ പ്രചാരവും' എന്ന ലേഖനവും തരക്കേടില്ലെങ്കിലും അതിലും പുതുമയൊന്നുമില്ല. പുസ്തകങ്ങളുടെ പ്രചാരത്തിനു പല മാർഗ്ഗങ്ങൾ അതിൽ നിർദ്ദേശിച്ചിട്ടുണ്ടു്. എന്നാൽ മലയാളത്തിലെ വായനക്കാരുടെ സംഖ്യ വർദ്ധിപ്പിക്കാൻ എങ്ങിനെ സാധിക്കും? 1000 മുതൽ 1100 വരെയുള്ള ഭാഷാപദ്യസാഹിത്യത്തെക്കുറിച്ചു വടക്കുംകൂർ രാജരാജവമ്മരാജാ അവർകൾ എഴുതിയിട്ടുള്ള ദൈർഘ്യമേറിയ പ്രബന്ധത്തിൽ നാടകം, കഥകളി, തുള്ളൽ, മഹാകാവ്യം, ഖണ്ഡകാവ്യം, സ്തോത്രങ്ങൾ, ഗാഥ മുതലായ പദ്യസാഹിത്യത്തെ സ്പർശിച്ചു സമഗ്രമായി ~~ഒരു ലേഖനം~~ എഴുതിക്കാണുന്നു. കഥകളി പണ്ടത്തെപ്പോലെ ചെണ്ടമേളത്തിലും, വേഷവിധാനങ്ങളിലും, 'ഗപാഗപാ' അലച്ചയോട്ടുകൂടിയും, ഉറക്കം തൂക്കുന്ന തോടയത്തിലും 'കാന്തേ...അഞ്ജസാപോകനാം...മദനകേളിചെയ്യുതിന്നു്...' എന്നിങ്ങനെയുള്ള പൂരപ്പാട്ടോട്ടുകൂടിയും തന്നെ വേണമെന്നും അതിലൊന്നും യാതൊരുവിധ പരിഷ്കാരവും പാടില്ലെന്നും ആണു് അതിൽ പ്രതിപാദിയ്ക്കുന്നതു്. കാവ്യങ്ങളും പഴയകരുവിൽതന്നെ യമകം, കൃത്രിമബന്ധങ്ങൾ, പ്രാസം ഇവയോട്ടുകൂടിതന്നെ രചിക്കേണമെന്നാണു് ശാഠ്യം. ഖണ്ഡകാവ്യങ്ങൾതന്നെയാണു് ഇനിയും ഭാഷയിൽ ഉണ്ടാകേണ്ടതു്. സാമാന്യജനങ്ങൾക്കു മഹാകാവ്യങ്ങളെക്കാൾ അവയാണു് അധികം രുചിക്കുന്നതു്. ആ സാഹിത്യത്തിൽ വള്ളത്തോൾ, ആശാൻ, ഉള്ളൂർ ഈ മഹാകവികൾതന്നെയാണു ഗണനീയങ്ങളായ കാവ്യങ്ങൾ എഴുതി സഹൃദയന്മാരെ രസിപ്പിച്ചിട്ടുള്ളതെന്നുള്ളതിനു സംശയമില്ല. മിസ്റ്റർ രാജരാജവമ്മയുടെ ലേഖനത്തിന്റെ ഒടുവിലത്തെ ഭാഗത്തിൽ സംസ്കൃതഭാഷ പൊതുഭാഷയാകേണമെന്നുള്ള അദ്ദേഹത്തിന്റെ പഴയ പല്ലവിതന്നെയാണു പാടിയിരിക്കുന്നതു്. അതിന്റെ ഔചിത്യത്തെക്കുറിച്ചു പ്രത്യേകം ഒന്നും പറയേണ്ടതില്ല. എന്നാൽ ഈ ലേഖനത്തിന്റെ ഉപസംഹാരത്തിൽ മാതൃഭാഷയെപ്പററി പറയുന്ന ഭാഗം ഏറ്റവും ശ്രദ്ധേയമാണു്. ഭാഷയിലെ വിവിധജാതി സാഹിത്യഗ്രന്ഥങ്ങളെക്കുറിച്ചു പൊതുവെ പറഞ്ഞിരിക്കുന്നു

ളു് 'ഒരു പുസ്തകപ്പട്ടിക'യെന്നല്ലാതെ അതിലധികമൊന്നും ഗുണം കാണുന്നില്ല. ആകപ്പാടെ ഈ വിശേഷാൽപ്രതി മുൻപു പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങളേക്കാൾ ഒട്ടും മേലെയാണെന്നുള്ള അഭിപ്രായം ഞങ്ങൾക്കില്ല.

---

## പ്ര ഹ്ലാ ദ ൻ.

പുതിയരീതിയിലുള്ള ഒരു പഴയകഥ.

(രചയിതാവു്, എം. രാമവർമ്മത്തമ്പാൻ ബി. ഏ, എൽ. ടി.)

വില 1 അണ മാത്രം.

മേൽവിലാസം:— കെ. അയ്യപ്പൻ ബി. എ. കൊച്ചി.

പുരാണകഥകളുടെ യാഥാർത്ഥ്യം ഗ്രഹിക്കാതെ അവയെ അപ്പാടെ സത്യമെന്നു വിശ്വസിക്കുന്നതു പലമാതിരി അബദ്ധങ്ങൾക്കും ഹേതുവാകുന്നു. പുരാണപുരുഷന്മാരുടെ വിശിഷ്ടഗുണങ്ങളെ അർത്ഥവാദങ്ങൾ മറച്ചും കളയുന്നു. ഈ ദോഷങ്ങളെ പരിഹരിച്ചു യുക്തികൊണ്ടു ചരിത്രവുമായി സംബന്ധിപ്പിച്ചു എഴുതപ്പെട്ട ഒരു ചെറുകഥയാണു് പ്രഹ്ലാദൻ. ശ്രീമാൻ രാമവർമ്മത്തമ്പാന്റെ പ്രഹ്ലാദനും ഹിരണ്യനും സാമാന്യം നല്ല മനുഷ്യരാണു്. അന്യോന്യവിപരീതസ്വഭാവികളായ ഈ പിതൃപുത്രന്മാരെ അവരുടെ സ്ഥാനത്തു് നന്നാക്കിനിറുത്തിക്കാണിക്കുന്നതിനു് ഇതിന്റെ കർത്താവായ തമ്പാൻ അവർകളെപ്പോലെ ഇതരന്മാർക്കു അത്ര സുസാധമാണെന്നു തോന്നുന്നില്ല.

പ്രസ്തുതപുരാണകഥയിലെ ചരിത്രസംഗതി, പ്രഹ്ലാദന്റെ ധർമ്മസങ്കടം, അവതാരകഥയിലെ അയുക്തി, യുക്തിക്കു യോജിക്കുന്ന കഥാഗതി, ഹിരണ്യകശിപുവിന്റെ ജീവിതൌൽകൃഷ്ട്യം, കഥകൊണ്ടു പഠിക്കേണ്ട ഗുണപാഠം, ഇത്രയും സംഗതികളെ ലളിതഭാഷയിൽ ഹൃദയാവർജ്ജകമാംവണ്ണം ഈ ചെറുകഥയിൽ പ്രസ്താവിച്ചിട്ടുണ്ടു്.

"ദുഷ്ടരെനനഷ്ടമാക്കാതെ
ശിഷ്ടരാക്കിത്തരേണമേ" എന്ന പ്രഹ്ലാദന്റെ പ്രാർത്ഥനയും
"അനായാസേനമരണം
വിനാദൈന്യേനജീവിതം
ദേഹിമേകൃപയാശംഭോ
ത്വയിഭക്തിരചഞ്ചലാം" എന്ന ശ്ലോകത്തിലെ പ്രാർത്ഥനയൊപ്പിച്ചുള്ള ഹിരണ്യന്റെ ജീവിതവും ഇക്കാലത്തെ ഉത്തമജീവിതത്തിനു നാം അവശ്യം സ്വീകരിക്കേണ്ട ആദർശങ്ങളാകുന്നു. ഈ ചെറുകഥാപുസ്തകത്തിനു നിശ്ചയിച്ചിട്ടുള്ള ഒരണ വില ഒട്ടും കൂടുതലല്ല. സ്വഭാഷാപ്രണയികളായ എല്ലാ മലയാളികളും ഈ ചെറുകഥ വായിച്ചു ഗ്രഹിക്കേണ്ടതാണെന്നു ശുപാർശിചെയ്യുന്നതിൽ ഞങ്ങൾക്കു അതിരറ്റ സന്തോഷമുണ്ടു്.

---

## രന്തിദേവൻ.

വില അണ. 1

(മേൽവിലാസം— കെ. അയ്യപ്പൻ. ബി. എ. കൊച്ചി)

ഇതും ശ്രീമാൻ രാമവർമ്മത്തമ്പാൻ അവർകൾ ബി. ഏ, എൽ. ടി. എഴുതിയ പുതിയ രീതിയിലുള്ള ഒരു പുരാണകഥയാണ്. ദാനം ചെയ്തു മടിയന്മാരെയും ദുർവൃത്തന്മാരെയും പുലർത്തി ജനങ്ങളെ അധന്യരാക്കിത്തീർക്കുന്നതു് ഒരുതരം മോക്ഷമാണെന്നു പഴയ രന്തിദേവൻ നമ്മെ പഠിപ്പിക്കുന്നു. എന്നാൽ സ്വപ്രയത്നംകൊണ്ടുള്ള ഉപജീവനത്തോളം മറ്റൊന്നും മാന്യമല്ലെന്നും, ഉപജീവനാർത്ഥമോ വിനോദമോ ആയ നായാട്ടു കേവലം നിന്ദ്യമാണെന്നും, അധഃകൃതോദ്ധാരണം ഉൽകൃഷ്ടധർമ്മമാണെന്നും യുദ്ധം മഹാപാപകരവും അധന്യവുമാണെന്നും ഐഹികപാരത്രിക സുഖങ്ങൾക്കുള്ള ഏകമാർഗ്ഗമാണ് കൃഷിയെന്നും മറ്റും തമ്പാൻ അവർകളുടെ രന്തിദേവൻ ഉപദേശിക്കുന്നു. ഈ മാതിരി ഉൽകൃഷ്ടാശയങ്ങളെ സംഭാഷണരീത്യാ വെളിപ്പെടുത്തിയിരിക്കുന്നതിന്റെ സാക്ഷാൽ രസം ആസ്വദിച്ചുതന്നെ അറിയേണ്ടതാകയാൽ ഈ ചെറുപുസ്തകത്തിന്റെ പ്രചരണത്താൽ പണ്ഡിതപാമരന്മാർ ഒരുപോലെ കൌതുകം പ്രദർശിപ്പിച്ചുകാണ്മാൻ ഞങ്ങൾ ആഗ്രഹിക്കയും അജ്ഞാനസന്താനങ്ങളായ ദാരിദ്ര്യം ദുർവൃത്തി ഇവകൊണ്ടു വഴിതെറ്റി കുണ്ടിൽവീഴുന്നവരെ അനുകമ്പാപൂർവ്വം ഉപദേശിച്ചുദ്ധരിക്കുവാൻ ഇത്തരം ചെറുകഥകൾ അത്യാവശ്യമാണെന്നു സസന്തോഷം രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.

---

## ശിബിമഹാരാജാവ്.

വില 1 അണ.

(മേൽവിലാസം—കെ. അയ്യപ്പൻ ബി. എ. കൊച്ചി.)

ശ്രീമാൻ രാമവർമ്മത്തമ്പാൻ അവർകൾ ബി. ഏ, എൽ. ടി. എഴുതിയ പുതിയരീതിയിലുള്ള വിശേഷപ്പെട്ട ഒരു പുരാണകഥയാണ് "ശിബിമഹാരാജാവ്." ഇച്ചെറുകഥ വായിക്കുന്തോറും രസപ്രദമാകുന്നു. ഇന്ദ്രന്റെ ചാപല്യങ്ങളും വിടവൃത്തികളും ഏവനും വെറുപ്പുണ്ടാവത്തക്കവണ്ണം, സ്വതസ്സിദ്ധമായ ഫലിതപ്രയോഗംകൊണ്ടു തന്മയത്വം വരുത്തി വർണ്ണിച്ചിട്ടുള്ളതിന്റെ രസികത്വം സഹൃദയന്മാർ വായിച്ചുതന്നെ അറിയേണ്ടതാണ്. പുരാണകഥകളുടെ പേരിൽ ചെയ്യുന്ന ധർമ്മോപദേശങ്ങൾ കൂടുതൽ പ്രയോജനകരമാണെന്നുള്ള സംഗതി കണ്ടറിഞ്ഞു ആ വഴിക്കു സ്വസഹോദരങ്ങളുടെ മനസ്ഥിതി പരിഷ്കരിക്കുവാനുള്ള കഥാകാരന്റെ പരിശ്രമം അഭിനന്ദനീയംതന്നെ. ഇച്ചെറുകഥ സർവ്വഥാ പാരായണയോഗ്യമാണെന്നു രേഖപ്പെടുത്തുന്നതിൽ ഞങ്ങൾക്കു ഏറ്റവും കൌതുകമുണ്ട്.

---

# കുറിപ്പുകൾ.

## മാസികകളുടെ രാജാവ്.

"മാസികകളുടെ രാജാവു്" എന്ന അപരനാമധേയത്താൽ പത്രലോകത്തിനു സുപരിചിതനായ സെയിജി നോമ എന്ന ഒരു മഹാൻ ജപ്പാനിൽ ഇന്നു ജീവിച്ചിരിപ്പുണ്ടു്. ഇരുപതു കൊല്ലങ്ങൾക്കു മുമ്പു് അദ്ദേഹം അല്പശമ്പളക്കാരനായ ഒരു അധ്യാപകനായിരുന്നു. ഇന്നു് അദ്ദേഹം ഒരു കോടീശ്വരൻ മാത്രമല്ല, പൌരസ്ത്യലോകത്തിലെ ഏററവും വലിയ പ്രസിദ്ധീകരണകൎത്താവുമാണു്. അനവധി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതു കൂടാതെ ഒൻപതു മാസികകളുടെ ഉടമസ്ഥാവകാശംകൂടി അദ്ദേഹം വഹിക്കുന്നുണ്ടു്. "കിങ്ങ്" എന്ന അദ്ദേഹത്തിന്റെ ഒരു മാസികയ്ക്കു 15 ലക്ഷം വരിക്കാരുണ്ടു്. ഓരോ മാസികയ്ക്കും ഒരു ലക്ഷത്തിൽ കുറഞ്ഞ വരിക്കാരില്ല. അദ്ദേഹത്തിന്റെ മാസികാവായനക്കാരായി 10,000,000-ൽ കൂടുതൽ ആളുകളുണ്ടു്. മറെറാരു തരത്തിൽ പറയുകയാണെങ്കിൽ ജപ്പാനിൽ അഞ്ചുപേരിലൊരാൾ വീതം അദ്ദേഹത്തിന്റെ മാസിക വായിക്കുന്നുണ്ടു്.

മി. നോമയുടെ അത്ഭുതകരമായ ഈ വിജയത്തിനു ഹേതു എന്തു്? വലിയ മൂലധനത്തോടുകൂടി പ്രവൃത്തി ആരംഭിച്ചതുനിമിത്തമാണോ? അല്ല. മൂലധനം കൂടാതെയാണു് അദ്ദേഹം ജോലി ആരംഭിച്ചതു്. പൊതുജനങ്ങളെ രഞ്ജിപ്പിക്കുന്നതിനും രസിപ്പിക്കുന്നതിനും ഉള്ള അദ്ദേഹത്തിന്റെ പ്രത്യേകസാമൎത്ഥ്യംകൊണ്ടാണോ? അതുമല്ല. പ്രസിദ്ധീകരണം തുടങ്ങിയതിനുശേഷം അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ള പരിശ്രമശീലമാണു് അദ്ദേഹത്തിന്റെ വിജയത്തിനുള്ള മുഖ്യഹേതു. അതിന്മേലാണു് അദ്ദേഹം തന്റെ വ്യാപാരത്തിന്റെ അടിത്തറ കെട്ടി ഉറപ്പിച്ചിട്ടുള്ളതു്. ഒൻപതു മാസികകളുടെ ഉടമസ്ഥനായ മി. നോമയുടെ ഇന്നത്തെ നില ആൎക്കും അസൂയ ജനിപ്പിക്കുന്ന ഒന്നായിത്തീൎന്നിരിക്കുന്നു. ഒരു ദിവസംപോലും അദ്ദേഹം മടിയനായിരിക്കുന്നില്ല. അതിരാവിലെ മുതൽ രാത്രി അധികനേരംവരെ അദ്ദേഹം മനുഷ്യസാധാരണമല്ലാത്ത സാമൎത്ഥ്യത്തോടുകൂടി ജോലിചെയ്യുന്നുണ്ടു്. അദ്ദേഹത്തിന്റെ നിത്യജീവിതത്തിൽ വിനോദത്തിനൊ ഭക്ഷണത്തിനൊ പ്രത്യേകസമയം വെച്ചിട്ടില്ല. മാസികയുടെ അടുത്ത ലക്കം മുമ്പിലത്തെ ലക്കത്തെക്കാളും നന്നാക്കാനുള്ള ആലോചനയാണു് അദ്ദേഹത്തിന്റെ അധികസമയവും കവൎന്നെടുക്കുന്നതു്. ചിലപ്പോൾ അദ്ദേഹം ഒരു പ്രാപ്തനായ പത്രാധിപരായിട്ടും, ചിലപ്പോൾ ഉത്തമലേഖകനായിട്ടും മററു ചിലപ്പോൾ സമൎത്ഥനായ ഒരു വ്യാപാരിയായിട്ടും പരസ്യക്കാരനായിട്ടും മററും കാണപ്പെടുന്നു. അഞ്ചുപേൎക്കു ചെയ്യാവുന്ന ജോലിയാണു് അദ്ദേഹം തനിച്ചു് ഒരു ദിവസം ചെയ്യുന്നതു്.

ഒൻപതു മാസികകളുടെ ഓരോ വശവും അദ്ദേഹത്തിന്റെ അഭിപ്രായങ്ങളേയും ആശയങ്ങളേയും പ്രതിഫലിപ്പിക്കുന്നുണ്ടു്. ഒരു വിദ്യാഭ്യാസപ്രവൎത്തകനായിട്ടാണു താൻ ജോലി ആരംഭിച്ചതു് എന്ന സംഗതി ഒരിക്കലും അദ്ദേഹം വിസ്മരിച്ചിട്ടില്ല. ജീവിതകാലം മുഴുവനും ഒരു വിദ്യാഭ്യാസപ്രവൎത്തകന്റെ നിലയിൽ സമുദായത്തെ സേവിക്കുവാനാണു് അദ്ദേഹം ആഗ്രഹിക്കുന്നതു്. ഇന്നു് അദ്ദേഹം ജപ്പാനിലെ സമ്മതനായ ഒരു വിദ്യാഭ്യാസപ്രവൎത്തകനും ആത്മീയനേതാവുമായിത്തീൎന്നിരിക്കുന്നു എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല.

മാസികകളിൽ ഒരെണ്ണം സ്ത്രീകൾക്കും, വേറൊന്നു ബാലികാബാലന്മാൎക്കും, മറെറാന്നു കൊച്ചുകുട്ടികൾക്കുമാണു്. ഒരെണ്ണം നല്ല ഒരു വിനോദമാസികയാണു്. മി. നോമയുടെ പ്രത്യേകപ്രതിപത്തിക്കു പാത്രീഭൂതമായിത്തീൎന്നിട്ടുള്ളതും, അനിതര

സാധാരണവുമായ ഒരു മാസിക വാചാലതയെപ്പററി പ്രതിപാദിക്കുന്ന "യൂബെൻ" ആകുന്നു. വാചാലതയെപ്പററി അനവധി ഗ്രന്ഥങ്ങൾ ഉണ്ടെങ്കിലും, ജപ്പാനിലല്ലാതെ അതിനെപ്പററി പ്രതിപാദിക്കുന്ന ഒരു മാസിക വേറൊരിടത്തും ഇല്ല. ഈ മാസികയാണ് അദ്ദേഹത്തിനു പത്രപ്രവൎത്തനലോകത്തിൽ സുദൃഢമായ ഒരു സ്ഥാനമുണ്ടാക്കിക്കൊടുത്തതു്.

"ദി യങ്ങ് ഈസ്റ്റ്"

* * * * *

## ആനയെക്കൊണ്ടു നിലം ഉഴവിക്കുന്നു.

ആഫ്രിക്കയിലെ ആനകൾ ഇണങ്ങുന്നവയല്ലെന്നാണു സാധാരണ ജനങ്ങൾ ധരിച്ചുവച്ചിട്ടുള്ളതു്. എന്നാൽ അനവധി നാളത്തെ സ്ഥിരപരിശ്രമത്തിന്റെ ഫലമായി ഇപ്പോൾ അവയെ ഇണക്കി മനുഷ്യോപയോഗയോഗ്യങ്ങളാക്കിത്തീൎത്തിരിക്കുന്നു. ബെൽജിയൻകാർ ആണ് ആനകളെ ഇണക്കിയതു്.

ആഫ്രിക്കയിലുള്ള ആനകളെക്കൊണ്ടു ഭൃത്യവേല ചെയ്യിപ്പിക്കുന്നുണ്ടു്. ആഫ്രിക്കയിൽ ഫലപുഷ്ടിയുള്ള ചില പ്രദേശങ്ങളിൽ ഈച്ചകളുടെ ഉപദ്രവം നിമിത്തം കന്നുകാലികളെ വളൎത്തി ഉപയോഗിക്കുന്നതിനു നിവൃത്തിയില്ല. അവിടത്തെ കൃഷിക്കാൎക്കു നിലം നല്ലപോലെ ഉഴവുന്നതിനു കരിയുടെ ആവശ്യം കൂടുതലാണ്. 25 കൊല്ലത്തിന്റെ ശ്രമഫലമായിട്ടാണ് ഇപ്പോൾ ആനയെക്കൊണ്ടു് ഉഴവിക്കുന്നതു്. ദിവസത്തിൽ അഞ്ചുമണിക്കൂറു മുതൽ 11 മണിക്കൂറുവരെ രണ്ടു ദിവസംകൊണ്ടു 2½ ഏക്കർ ഒരു ആന ഉഴവുന്നു. ഒരു ദിവസത്തിൽ ചിലവു 12 അണ മാത്രമെയുള്ളു.

"ടൈംസ്".

* * * * *

## ഇൻഡ്യയിലെ ഗ്രാമങ്ങളുടെ നാശം.

രോഗവും മരണവുമാണു ഗ്രാമീണർ ഭയപ്പെടുന്ന രണ്ടു ശത്രുക്കൾ. ഗ്രാമവാസികൾ ശുചിത്വം ഇഷ്ടപ്പെടുന്നതിനാൽ കൂടക്കൂടെ കുളിക്കുന്നുണ്ടെങ്കിലും താമസിക്കുന്നതു് അഴുക്കുള്ള സ്ഥലങ്ങളിലാണ്. കുടുംബത്തോടു് അവൎക്കു വാത്സല്യമുണ്ടെങ്കിലും ചവറും പൊടിയും മററും ഗൃഹത്തിന്റെ അടുത്തുതന്നെയിടുന്നു. അവയിൽനിന്നും രോഗങ്ങൾ ഉണ്ടാകുമല്ലൊ. ഭാഗ്യവശാൽ സൂൎയ്യൻ രോഗബീജങ്ങളെ ഇതരരാജ്യങ്ങളെ അപേക്ഷിച്ചു് ഇവിടെ കൂടുതൽ ഹനിക്കുന്നതുകൊണ്ടു് അതു് ഒരു ഗണ്യമായ സഹായംതന്നെയാണ്. അല്ലെങ്കിൽ മരണസംഖ്യ വളരെ കൂടുമായിരുന്നു. ഇപ്പോൾ 1000-നു 30 വീതം മരിക്കുന്നുണ്ടു്. ഗ്രാമങ്ങൾ പട്ടണങ്ങളെക്കാൾ ആരോഗ്യകരങ്ങളാണ്. പ്ലേഗും കാളറയും ഗ്രാമങ്ങളിൽ ഭയങ്കരമായ നാശമുണ്ടാക്കുന്നുണ്ടെങ്കിലും ജനങ്ങൾ തിങ്ങിപ്പാൎക്കുന്ന പട്ടണങ്ങളിൽ നാശം കൂടുതലാണ്. 1918-ലും 1919-ലും ഇൻഫ്ളുവൻസ നിമിത്തം 12000000 ആളുകൾ മരിച്ചു. ഗ്രാമങ്ങളിലാണു കൂടുതൽ മരിച്ചതു്. ഗ്രാമത്തിൽ ഒരു സാംക്രമികരോഗം പിടിപെട്ടാൽ ഗ്രാമീണർ ഒരു കോഴിയെയൊ ആടിനെയൊ ഗ്രാമദേവതക്കു ബലികഴിക്കും. ക്ഷാമം ഓരോ വാതുക്കലും പ്രവേശനത്തിനായി കാത്തുംകൊണ്ടിരിക്കയാണ്. കൃഷിക്കാരുടെ ജീവശക്തിയെ ക്ഷയിപ്പിച്ചു വേലചെയ്യുന്നതിനൊ ചിന്തിക്കുന്നതിനൊ അവരെ അപ്രാപ്തരാക്കുന്ന ചെറിയ രോഗങ്ങളുമുണ്ടു്. പനികൊണ്ടുതന്നെ ഒട്ടുവളരെ പേർ കാലഗതിയടയുന്നുണ്ടു്.

ദാരിദ്ര്യവും അജ്ഞതയും നിമിത്തം ഭക്ഷണം മതിയാകാതെ വരികയും, കലങ്ങിയ ചീത്തജലം ഉപയോഗിക്കുകയും, വൃത്തിഹീനങ്ങളായ സ്ഥലങ്ങളിൽ താമസിക്കുകയും ചെയ്യുന്നു. ഇതിന്റെ കൂടെ അന്ധവിശ്വാസവും ശൈശവവിവാഹ

വും രോഗത്തെയും മരണത്തെയും ഉണ്ടാക്കുന്നു. ഗ്രാമങ്ങളിൽ ശരിയായ വൈദ്യചികിത്സയില്ല. ശരിയായ ചികിത്സയുണ്ടെങ്കിൽ മരണം വളരെ കുറയ്ക്കാവുന്നതാണ്. ഗ്രാമീണർ രോഗബാധിതരാകാതെ ദീർഘജീവിതം നയിക്കണമെങ്കിൽ ഗ്രാമീണപുനസ്സംഘടന അത്യാവശ്യമാണ്.

“മൈസൂർ ഇക്കണോമിക് ജർണൽ”

* * * * *

## ഭാരതീയയുവജനസംഘം.

ഇൻഡ്യ പ്രകൃതിയിലേക്കു മടങ്ങേണ്ടിയിരിക്കുന്നു. ആധുനികജീവിതത്തിന്റെ നാശകരങ്ങളായ കഷ്ടതകൾ ഭാരതീയസമുദായത്തിന്റെ ഹൃദയത്തിൽ നല്ലപോലെ ഉറച്ചിരിക്കുന്നു. ഗ്രാമവും നഗരവും തമ്മിലുള്ള വിടവു വർദ്ധിച്ചു വർദ്ധിച്ചു വരുന്നു. യുവജനസംഘം ഈ വിടവിനെ അടയ്ക്കുകയാണെങ്കിൽ മാത്രമെ ഇൻഡ്യക്കും മനുഷ്യവർഗ്ഗത്തിനും ശുഭഭാവി ഉണ്ടാകാൻ തരമുള്ളു. സഞ്ചാരസംഘങ്ങൾ രൂപീകരിക്കുന്നതിന് ഈ രാജ്യത്തിൽ വിഷമമില്ല. ഗ്രാമങ്ങളിൽ സത്രങ്ങളും ധർമ്മശാലകളും അവിടവിടെയായി ഉണ്ട്. ഇൻഡ്യയുടെ മഹനീയമായ ശീതോഷ്ണാവസ്ഥ സഞ്ചാരത്തിനു സൌകര്യം നൽകുന്നു. പട്ടണങ്ങളിൽ യുവജനപരിശീലനത്തിൽ കായികാഭ്യാസത്തിനും വിനോദങ്ങൾക്കും സ്ഥാനമുണ്ട്. നടക്കുന്നതുകൊണ്ടും പാടുന്നതുകൊണ്ടും നാട്ടിൻപുറങ്ങളെ കാണുന്നതുകൊണ്ടും ഉണ്ടാകുന്ന വ്യായാമം സുഖകരമായ ഒന്നാണ്. അതു കളിസ്ഥലത്തുനിന്നും ലഭിക്കുന്നതല്ല. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഭാരതീയർ ഗ്രാമങ്ങളിലെ സാധുജനങ്ങളിൽ ശ്രദ്ധിക്കുന്നില്ലെന്നുള്ള പരാതി മാറ്റേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇതു യുവജനങ്ങൾ ശ്രമിച്ചാൽ സാധിക്കുന്നതാണ്.

സി. എഫ്. ആൻഡ്രൂസ്. “ദി യങ്ങ് മെൻ ആഫ് ഇൻഡ്യ”

* * * * *

## സീനിയർ ഇൻസ്പെക്ടർ

### വി. കെ. അച്യുതമേനോൻ ബി. എ., എൽ. ടി.

കൊച്ചി വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ അദ്ധ്യാപകനായും, പ്രഥമാദ്ധ്യാപകനായും, വിദ്യാലയമേധാവിയായും ഇരുന്നു തന്റെ കൃത്യങ്ങളെ നിർവ്വഹിച്ചു സുപ്രസിദ്ധനായി തീർന്നിട്ടുള്ള മിസ്റ്റർ അച്യുതമേനോൻ ഇപ്പോൾ ഉദ്യോഗനിവൃത്തനായി തീർന്നിരിക്കയാണല്ലോ. ഇദ്ദേഹം സ്ഥിതിചെയ്തിരുന്ന സ്ഥാനങ്ങളിൽ എല്ലാം സവിശേഷം ശോഭിച്ചിരുന്നു എന്നു മാത്രമല്ല, ഇദ്ദേഹത്തിന്റെ സമഭാവന, സത്യനിഷ്ഠ, കൃത്യനിഷ്ഠ, ന്യായദൃഷ്ടി, വിശാലമനസ്കത അനഹങ്കാരം, മുതലായ ഗുണങ്ങൾ പ്രത്യേകം പ്രശംസാർഹങ്ങളാകുന്നു. വലിയതായി ഒന്നും ചെയ്തില്ലെങ്കിൽതന്നെ, ഒരു അദ്ധ്യാപകൻ എന്ന നിലയിൽ വിദ്യാർത്ഥികളുടെ ഭക്തിക്കും, മററദ്ധ്യാപകന്മാരുടെ സ്നേഹത്തിനും അദ്ദേഹം പാത്രീഭവിച്ചിട്ടുണ്ട്. ഇദ്ദേഹത്തെപ്പോലെയുള്ള അദ്ധ്യാപകന്മാരാണു വിദ്യാലയങ്ങളിൽ ആവശ്യമുള്ളത്. മിസ്റ്റർ അച്യുതമേനവൻ ഭാഷാപരിഷ്കരണസംഘത്തിലും, പാഠ്യപുസ്തകക്കമ്മററിയിലുംകൂടി അംഗമായിരുന്നു വലതും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ശേഷിച്ച ജീവകാലത്തിലും ഭാഷാപോഷണത്തിനുവേണ്ടി ശ്രദ്ധാശക്തി പ്രവർത്തിക്കണമെന്നും, അദ്ദേഹത്തിന്റെ അറിവും ലോകപരിചയവും ജനസാമാന്യത്തിനു മേലാലും ഉപയോഗപ്പെടണമെന്നും ഞങ്ങൾ ആശിക്കുന്നു. ഉദ്യോഗനിവൃത്തനായ ഒരു വിദ്യാഭ്യാസപ്രവർത്തകന്റെ വിജ്ഞാനം നിസ്സാരമായ ഒന്നായിരിക്കാൻ ഇടയില്ലല്ലോ. മിസ്റ്റർ അച്യുതമേനവന്റെ ഈ വിശ്രമജീവിതത്തിൽ അദ്ദേഹത്തെ അനുമോദിക്കുകയും അദ്ദേഹത്തിനു ദീർഘായുരാരോഗ്യങ്ങളെ പ്രാർത്ഥിക്കയും ചെയ്യുന്നു.

# ചിന്താസന്താനം

(മൂന്നാംഭാഗം)

ഗ്രന്ഥകൎത്താ, ആർ. ഈശ്വരപിള്ള ബി. എ.

(കൊച്ചി പാഠ്യപുസ്തകക്കമ്മെററി അംഗീകരിച്ചതു്.)

ഈ ഗ്രന്ഥത്തെപ്പററി "സൎവ്വീസ്" ഇങ്ങനെ പറയുന്നു:—

"ശ്രീമാൻ ആർ. ഈശ്വരപിള്ള അവൎകൾ ഈ അടുത്തകാലത്തു് എഴുതിയിട്ടുള്ള 20 പ്രബന്ധങ്ങളാണ് ഈ വിശിഷ്ടഗദ്യകാവ്യത്തിൽ അടങ്ങിയിരിക്കുന്നതു്. വന്ദ്യവയോധികനായ ഈ മഹാൻെറ തൂലികയ്ക്കു പ്രൌഢങ്ങളായ വിഷയങ്ങളെ സംബന്ധിച്ച് ഉജ്വലത്തായ രീതിയിൽ ആശയസമ്പന്നവും രസാത്മകവും ആയിട്ടെ ഇതുവരെ എഴുതുവാൻ സാധിച്ചിട്ടുള്ളു എന്നുള്ളതു സൎവ്വസമ്മതമാകയാൽ ഒരു യഥാൎത്ഥമഹാൻെറ ഉന്നതചിന്താസന്താനം തന്നെയാണിതു്. സാധാരണ നിരൂപണത്തിനതീതമായ ഈ വിശിഷ്ടഗ്രന്ഥം ഉൽകൃഷ്ടജീവിതത്തെ ആഗ്രഹിക്കുന്നവരും, ഉൽകൃഷ്ടമാതൃകാഗദ്യം വായിക്കണമെന്നാശിക്കുന്നവരും, പ്രൌഢതയിൽ ലാളിത്യവും ലാളിത്യത്തിൽ ഓജസ്സും സമ്മേളിച്ചുകൊണ്ടുള്ള ഉൽകൃഷ്ടസാഹിത്യരസം അനുഭവിക്കണമെന്നാശിക്കുന്നവരും നിത്യം പാരായണം ചെയ്യേണ്ടതാണ്. വായിക്കുംതോറും നവംനവങ്ങളായ ചിന്താവീചികളെ ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്ന ഇത്തരം ഉപദേശങ്ങൾ ചെയ്യുവാൻ പ്രവൃദ്ധോന്മേഷത്തോടെ ഇനിയും ഈ മഹാൻ നീണാൾ അരോഗദൃഢഗാത്രനായി ജീവിച്ചിരിക്കുമാറാകട്ടെ. അവിടവിടെ കിടന്നു നഷ്ടപ്പെടാതെ ഈ ചിന്താരത്നങ്ങളെ തേടിപ്പിടിച്ച് ഈവിധം ഒരമൂല്യസമ്പത്തു കൈരളിക്കടിയറവച്ച പ്രസാധകന്മാരെ ഞങ്ങൾ ഹാൎദ്ദമായി അഭിനന്ദിച്ചുകൊള്ളുന്നു.

വില 10 ണ.

---

# "പ്രതാപസിംഹൻ"

ഗ്രന്ഥകൎത്താ: സി. പത്മനാഭനുണ്ണി ബി. എ.

ഇൻഡ്യാചരിത്രസംബന്ധമായ ഒരു നല്ല ആഖ്യായിക. "നിൻെറ ശത്രുവിൻെറ തെററു ക്ഷമിക്കുക. ദൈവം നിൻെറ തെററു ക്ഷമിക്കും" എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തി എഴുതിയിട്ടുള്ളതു്. വില. 10 ണ.

മേൽക്കാണിച്ച രണ്ടു പുസ്തകവും ഒന്നായി എടുക്കുന്നവൎക്കു രണ്ടുംകൂടി 1 ക. വിലയ്ക്കു കൊടുക്കും.

സി. ജി. സഹോദരന്മാർ,

വടക്കേക്കര, പറവൂർ

(തിരുവിതാംകൂർ)

## "മണ്ഡനമഞ്ജരി".

ഗ്രന്ഥകൎത്താവ്, സൎവ്വകലാശാലാപരീക്ഷകനും, ഒരു നല്ല നിരൂപകനും കാളേജു മലയാളം ലക്‌ചററും ആയ ഡി. പത്മനാഭനുണ്ണി ബി. എ.

ഉള്ളൂർ, അപ്പൻതമ്പുരാൻ, കുമാരനാശാൻ, ഏ. ആർ. രാജരാജവൎമ്മ തമ്പുരാൻ, കുഞ്ചൻനമ്പ്യാർ, കെ. നാരായണക്കുരുക്കൾ, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ മുതലായ സാഹിത്യകാരന്മാരുടെ കൃതികളെക്കുറിച്ചു വിമൎശിക്കുന്ന ഒരു ആധുനിക നിരൂപണഗ്രന്ഥം. ഇതിനെക്കുറിച്ചു മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ഇങ്ങനെ പറയുന്നു.

"........ആദ്യം മുതല്ക്കുതന്നെ ഒന്നു നോക്കുവാൻ തോന്നിപ്പോയി. പിന്നെ അവസാനം കാണുന്നതുവരെ നിറുത്തുവാനൊട്ടും തോന്നിയതുമില്ല. 'മഞ്ജരി' മുഴുവനും ഹൃദിസ്ഥമായതിനു ശേഷമേ മനസ്സു സ്വാധീനത്തിൽ വന്നുള്ളു."

"..........കവിഹൃദയം വിമൎശകന്റെ മനസ്സിൽ പകൎന്നു്, ബുദ്ധിനികഷത്തിൽ മാററുരച്ചുനോക്കി, കാവ്യകാരന്റെ മുഖവും നടപ്പും നോക്കാതെ സംസ്കൃതമായ സ്വാഭിപ്രായത്തിൽ സ്ഥൈൎയ്യത്തോടുകൂടി കാവ്യത്തിന്റെ വിലമതിക്കുകയാണു് വിമൎശത്തിന്റെ ഉത്തമാദൎശമെങ്കിൽ "മണ്ഡനമഞ്ജരി" അപ്രകാരമുള്ള ഒരു രീതിയെയാണു് അവലംബിച്ചിട്ടുള്ളതു്"

മലയാളത്തിൽ നിഷ്പക്ഷമായി നിരൂപണംചെയ്യുന്ന ഇതരഗ്രന്ഥങ്ങൾ ഇല്ലാത്തതിനാൽ, ബി. എ, ഇൻറർമീഡിയേററു മുതലായ പരീക്ഷകൾക്കു ഇപ്പോൾ മലയാളം നിൎബ്ബന്ധവിഷയമായി പഠിക്കണമെന്നു വച്ചിട്ടുള്ള ഈ അവസരത്തിൽ, ആ പരീക്ഷകൾക്കു പഠിക്കുന്ന വിദ്യാൎത്ഥികൾക്കു ഏററവും അത്യാവശ്യം.

മലയാളം സ്കൂൾലിവിങ്ങ്, ഇംഗ്ലീഷ് സ്കൂൾലിവിങ്ങ്, ഹയർ, പണ്ഡിതൻ, വിദ്വാൻ മുതലായ പരീക്ഷകൾക്കു പഠിക്കുന്നവൎക്കും സാഹിത്യരസികന്മാൎക്കും അത്യാവശ്യം. വില 10 ണ.

സി. ജി. സഹോദരന്മാർ,
വടക്കേക്കര, പറവൂർ

## സാഹിത്യകൗതുകം

(മൂന്നാം ഭാഗം.)

ഗ്രന്ഥകൎത്താവു് ജി. ശങ്കരക്കുറുപ്പ്.

മഹാകവി വള്ളത്തോളിന്റെ ആമുഖത്തോടും ശ്രീമാൻ കെ. യം. പണിക്കരുടെ അവതാരികയോടും കൂടിയതു്.

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.